# സമകാലിക ജനപഥം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ജനുവരി 1, 2015 പുസ്തകം 1 ലക്കം 5

January 1, 2015 Volume1 Issue 5

e-mail : prdmalayalam@gmail.com

Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ.എ.എസ്.**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേഷ്കുമാർ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**എസ്. സുധീർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

അസിസ്റ്റന്റ് എഡിറ്റേഴ്സ്
**അരുൺ എസ്.എസ്.**
**രാജേഷ് സി.**

ട്രാൻസ്ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **നാഫിഹ് എം.,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **എൻ. രാധാകൃഷ്ണപിള്ള,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **വി.ആർ. സന്തോഷ്,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ. സുരേഷ്കുമാർ,** ഇടുക്കി
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ.ടി. ശേഖരൻ,** കാസർകോട്
- **ഡോ. സി. വേണുഗോപാൽ,** ഡൽഹി



**വരിക്കാരാകാൻ:** ***സമകാലിക ജനപഥം*** തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാംനില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**

എഡിറ്റർ, സമകാലിക ജനപഥം,
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471-2517036**


## മുഖക്കുറിപ്പ്

# പുതുവർഷ ക്ഷേമ ചിന്തകൾ

കരുതലും ദീർഘവീക്ഷണവുമുള്ള പ്രവർത്തനങ്ങൾക്ക് ഫലമുണ്ടാകുന്ന നല്ല നാളുകളാണ് പുതുവർഷം മുന്നോട്ട് വയ്ക്കുന്ന പ്രതീക്ഷ. വ്യക്തി ജീവിതത്തിലും സാമൂഹികജീവിതത്തിലും ഈ പ്രതീക്ഷയ്ക്ക് ഇടമുണ്ട്. സർക്കാർ നടപ്പാക്കി വരുന്ന വിശാല കാഴ്ചപ്പാടിലുള്ള വികസന ക്ഷേമ പ്രവർത്തനങ്ങളും ശുഭചിന്തയ്ക്ക് വഴിവയ്ക്കുന്നു. അടിസ്ഥാന ജന വിഭാഗങ്ങളുടെ ജീവിത നിലവാരത്തിൽ ശുഭകരമായ ഒരേട് എഴുതി ച്ചേർക്കാൻ കഴിയുന്നുവെന്നത് പുതുവർഷത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് സുവർണഛായപകരും. ആദിവാസി വിഭാഗത്തിൽ നിന്നുള്ളവരുടെ ആവശ്യങ്ങൾ പരിഗണിച്ച് ആദിവാസി ഗ്രാമസഭാനിയമം പ്രയോഗത്തിൽ വരുത്താനാണ് തീരുമാനിച്ചിരിക്കുന്നത്. ചരിത്രപരമായ തീരുമാനമായാണ് ഇത് വിശേഷിപ്പിക്കപ്പെടുന്നത്. ഈ നിയമം വഴി നിശ്ചിത പ്രദേശങ്ങളിലെ ഗ്രാമസഭകൾക്ക് സ്വതന്ത്ര ഇടപെടലുകൾക്കുള്ള നിയമസാധുത നൽകുന്നതിന് വ്യവസ്ഥയുണ്ടാകും. അട്ടപ്പാടി പാക്കേജ്, നില്പുസമരം ഒത്തുതീർപ്പ്, മദ്യനയം, റബർ നയം, കെ.എസ്.ആർ.ടി.സി. പാക്കേജ്, ഐടി നയം ഇവയൊക്കെ സർക്കാർതലത്തിലെ സുപ്രധാന ഇടപെടലുകളായി.

രാജ്യത്തെ ഏറ്റവും വലിയ കായിക മാമാങ്കം- ദേശീയ ഗെയിംസ് -നമ്മുടെ സംസ്ഥാനത്തു വച്ച് നടക്കുന്നുവെന്നതാണ് ഈ വർഷം തുടക്കത്തിൽ തന്നെയുള്ള സുപ്രധാന കാര്യം. ചിട്ടയോടെയുള്ള പ്രവർത്തനത്തിലൂടെ ഗെയിംസ് മാതൃകാപരമായി സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ അണിയറയിൽ പൂർത്തിയാവുകയാണ്. സംസ്ഥാനത്തിന്റെ അടിസ്ഥാന വികസന രംഗത്തും മുതൽക്കൂട്ടാകുന്നതാകും മേളയ്ക്കു വേണ്ടിയുള്ള ഒരുക്കങ്ങൾ എന്നാണ് വിലയിരുത്തപ്പെടുന്നത്. ഏഴ് ജില്ലകളിലായി 31 വേദികളിൽ നടക്കുന്ന ഗെയിംസിനായി മത്സരവേദികളുടെ നിർമാണ പ്രവർത്തനങ്ങളും പൂർത്തിയായിക്കഴിഞ്ഞു. ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും വലിയ ഇൻഡോർ സ്റ്റേഡിയമാണ് ഗെയിംസിനായി കണ്ണൂരിൽ ഒരുങ്ങുന്നത്. അതിഥി ദേവോ ഭവഃ എന്ന ആപ്തവാക്യം പ്രയോഗത്തിൽ വരുത്തിയാകും സംസ്ഥാനം ഈ കായികമേളയെ സ്വാഗതം ചെയ്യുക.

ഒരു ജനകീയ സർക്കാരിന്റെ ഏറ്റവും വലിയ ശക്തി ജനപിന്തുണയാണ്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള എല്ലാ പദ്ധതികൾക്കും സർക്കാരിന്റെ നയങ്ങൾക്കും ഏറെ പിന്തുണ കിട്ടുന്നുവെന്നതാണ് കാലത്തിന്റെ നാൾ വഴികളിൽ ശക്തി പകരുന്നത്. ഉറച്ച ചുവടുവയ്പുകളും ശുഭചിന്തകളുമായി നമുക്ക് പുതുവർഷത്തിലേക്ക് കടക്കാം. സമകാലിക ജനപഥത്തിന്റെ എല്ലാ വായനക്കാർക്കും പുതുവർഷാശംസകൾ.

**മിനി ആന്റണി**
ചീഫ് എഡിറ്റർ

# സമകാലിക ജനപഥം

ജനുവരി 1, 2015


## കവർസ്റ്റോറി




**16**
**ആദിവാസി ഗ്രാമസഭാനിയമം : സർക്കാരിന്റെ ചരിത്രപരമായ തീരുമാനം**
പി.കെ. ജയലക്ഷ്മി
(പട്ടികവർഗക്ഷേമ-യുവജനകാര്യ മന്ത്രി)

**20**
**ഇച്ഛാശക്തിയുള്ള ചുവടുവയ്പുകൾ**
സി. രാജേഷ്

**23**
**സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വനിതകൾക്ക് അവസരങ്ങൾ**
ടി.എസ്. ചന്ദ്രൻ

**26**
**ഫോട്ടോ ഫീച്ചർ**

**33**
**ആത്മാവിന്റെ വേദനകൾ**
ഡോ. ആർ. ശ്രീലതാ വർമ

**37**
**അനുസ്മരണം : ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ**







6
**ദേശീയ ഗെയിംസ് 2015**
**കേരളം ഒരുങ്ങി**
എൻ.പി. മുരളീകൃഷ്ണൻ





30
**ഹൃദയഹാരിയായ**
**ദൃശ്യവാങ്മയങ്ങൾ**
എം.സി. രാജനാരായണൻ





38
**അക്കിത്തം നാരായണന്റെ**
**ചിത്രവഴികൾ**
സി.ആർ. രവിനമ്പ്യാർ

40
**ഓർമയിൽ സൂക്ഷിക്കാൻ**
**ഒരു തിരുവാതിര**
എഴുമാവിൽ രവീന്ദ്രനാഥ്

14 കേരള വാർത്തകൾ
42 ജാലകം
44 ജില്ലകളിലൂടെ
50 പദപാഠം
51 പുസ്തക പരിചയം
52 ഭരണഭാഷ
54 കാലത്തിനൊപ്പം

# ദേശീയ ഗെയിംസ് 2015 കേരളം ഒരുങ്ങി

■ എൻ പി മുരളീകൃഷ്ണൻ

രാജ്യത്തെ ഏറ്റവും വലിയ കായികമാമാങ്കത്തിന് അരങ്ങുണരാൻ ദിവസങ്ങൾ മാത്രം. കേരളം രണ്ടാംതവണ ആതിഥേയത്വം വഹിക്കുന്ന ദേശീയ ഗെയിംസിന് ഏതാനും ആഴ്ചകൾ ബാക്കി നിൽക്കെ ഒരുക്കങ്ങൾ ഏറെക്കുറെ പൂർത്തിയായിക്കഴിഞ്ഞു. 1987നു ശേഷം ഗെയിംസ് വീണ്ടും കേരളത്തിലേക്കെത്തുമ്പോൾ നവീനതകൾ ഏറെ അവകാശപ്പെടാൻ സാധിക്കും. സാങ്കേതികമായ പുരോഗതിയിലും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലും സംസ്ഥാനം ഏറെ മുന്നിലെത്തിക്കഴിഞ്ഞു. ഇതുതന്നെയാണ് ഈ മേള മുന്നോട്ടുവെയ്ക്കുന്ന ഏറ്റവും വലിയ സാധ്യതയും.

രാജ്യത്തിന്റെ പ്രധാനമന്ത്രിയും രാഷ്ട്രപതിയും ഒരുമിച്ച് പങ്കെടുക്കുന്ന ആദ്യ കായികമേള കൂടിയാകും ഈ ഗെയിംസ്. കായിക കേരളത്തിന് ഏറെ അഭിമാനിക്കാൻ വക നൽകുന്ന കാര്യമാ



കുമിത്. ഏഴു ജില്ലകളിലായി 31 വേദികളിൽ 34 മത്സരയിനങ്ങളാണ് ഗെയിംസിൽ ഉണ്ടാകുക. അത്‌ലറ്റുകളും ഒഫീഷ്യലുകളുമടക്കം 12000 പേരും 6000ലേറെ വോളന്റിയർമാരും ഗെയിംസിന്റെ ഭാഗമാകും.

കേരളത്തിലെ അടിസ്ഥാന വികസന രംഗത്ത് വലിയ മുതൽക്കൂട്ടാകുന്ന തരത്തിലാണ് മേള സംഘടിപ്പിക്കുന്നത്. അടിസ്ഥാന കായിക വികസനത്തിന് ഭാവിയിലും ആശ്രയിക്കാവുന്ന തരത്തിൽ മികച്ച നിലവാരം പുലർത്തുന്ന നിരവധി കളിയിടങ്ങൾ ഇതോടെ കേരളത്തിന് സ്വന്തമാകുകയാണ്. ഭാവിയിൽ കായിക കേരളത്തിന്റെ അഭിമാനമാകാൻ കഴിയുന്ന പ്രതിഭകൾക്ക് മെച്ചപ്പെട്ട പരിശീലനത്തിനുള്ള വേദികളും അവസരങ്ങളും 35-ാമത് ദേശീയ ഗെയിംസ് പ്രദാനം ചെയ്യും. 2015 ജനുവരി 31ന് വൈകുന്നേരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ തിരിതെളിയുന്ന ഗെയിംസിലെ വിവിധ വേദികളുടെ നിർമ്മാണ, നവീകരണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലെത്തിക്കഴിഞ്ഞു.

ഗെയിംസിനായി ഒരുങ്ങുന്ന സ്റ്റേഡിയങ്ങളുടെ നിർമാണം ജനുവരി 15 ഓടെ പൂർത്തിയാവും. നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2011ൽ ആകെ ചെലവായി വകയിരുത്തിയ 261 കോടിയിൽ ഇതുവരെ ചെലവായത് 206 കോടി മാത്രമാണ്. 2014 ഡിസംബറിലാണ് മിഷൻ മോഡൽ പണികൾ ആരംഭിക്കാൻ അനുമതി നൽകിയത്. കഴിഞ്ഞ ഡിസംബറിനു ശേഷമാണ് 23 ജോലികൾ ആരംഭിച്ചത്. 20 മാസം കൊണ്ട് മുക്കാൽ പങ്കിലേറെ പണികൾ പൂർത്തിയാക്കി ദേശീയ ഗെയിംസിന് തയാറാകാൻ കഴിഞ്ഞത് ഊർജസ്വലമായി പ്രവൃത്തിയിലേർപ്പെർപ്പെട്ടതുകൊണ്ടാണ്. സ്റ്റേഡിയം നിർമാണ പുരോഗതിയും ചെലവാക്കിയ പണത്തിന്റെ കണക്കുകളും പരിശോധിച്ചാൽ വളരെ വേഗത്തിലും ശ്രദ്ധയോടെയുമാണ് നിർമാണ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് വ്യക്തമാകുമെന്ന് കായികമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ വ്യക്തമാക്കുന്നുമുണ്ട്.

ഏഴു ജില്ലകളിലായി 31 വേദികളിൽ നടക്കുന്ന ദേശീയ ഗെയിംസിന്റെ മത്സരവേദികളുടെ നിർമാണം പൂർത്തിയായിക്കഴിഞ്ഞു. ഗെയിംസും ഭാവിയും ലക്ഷ്യമിട്ട് പൂർണ്ണമായും പുതിയതായി പണിതതും മുഖം മിനുക്കി പുതിയ രൂപത്തിൽ എത്തുന്നവയും ഇക്കൂട്ടത്തിലുണ്ട്.



## തിരുവനന്തപുരം

ഗെയിംസിലെ പ്രധാന മത്സരങ്ങൾ നടക്കുന്ന തലസ്ഥാനത്തെ വേദികളെല്ലാം പൂർണമായും ഒരുങ്ങിക്കഴിഞ്ഞു. 6.4 കോടി രൂപ ചെലവിൽ ദേശീയ ഗെയിംസിനായി നവീകരിച്ച പിരപ്പൻകോട്ടെ സ്വിമ്മിംഗ് പൂളിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. സ്ക്വാഷ് മത്സരങ്ങൾക്കായി ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിനു സമീപം 5.5 കോടിരൂപ ചെലവിൽ പുതുതായി നിർമ്മിച്ച സ്ക്വാഷ് കോർട്ട് മത്സരസജ്ജമാണ്. കബഡി, ഖോഖോ മത്സരങ്ങൾക്ക് തയ്യാറാകുന്ന ആറ്റിങ്ങലിലെ ശ്രീപാദം സ്റ്റേഡിയവും ജിംനാസ്റ്റിക്സ്, ഹാൻഡ്ബോൾ മത്സരങ്ങൾ നടക്കുന്ന വെള്ളയമ്പലത്തെ ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിലെ 11.6 കോടിരൂപയുടെ നവീകരണ പ്രവർത്തനങ്ങളും പൂർത്തിയായി. ഗെയിംസിനോടനുബന്ധിച്ച് പൂർണ്ണമായും ശീതീകരിച്ച സ്റ്റേഡിയം കൂടിയാണിത്. തായ്ക്കോൺഡോ, നെറ്റ്ബോൾ മത്സരങ്ങൾക്കൊരുങ്ങുന്ന വെള്ളായണിയിലെ കാർഷിക കോളേജ് ഇൻഡോർ സ്റ്റേഡിയത്തിലെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായി. 2.7 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് ഇവിടെ നടത്തിയിട്ടുള്ളത്.

അത്‌ലറ്റിക്സ് മത്സങ്ങൾക്ക് വേദിയാകുന്ന തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ ഫ്ളഡ്‌ലൈറ്റ് നിർമാണമടക്കം പൂർത്തിയായിക്കഴിഞ്ഞു. 10 കോടിരൂപയാണ് ചെലവ്. വട്ടിയൂർക്കാവിലെ പുതിയ ഷൂട്ടിംഗ് റേഞ്ചിന്റെ നിർമാണ പ്രവർത്തനങ്ങൾ 90 ശതമാനം പൂർത്തിയായി. 20 കോടിരൂപ ചെലവിൽ തയാറാകുന്ന ഈ സ്റ്റേഡിയത്തിൽ റൈഫിൾ ഷൂട്ടിംഗ്, പിസ്റ്റൾ ഷൂട്ടിംഗ് മത്സരങ്ങളാണ് നടക്കുന്നത്. ഉപകരണങ്ങൾ സ്വിറ്റ്സർലൻഡിൽ നിന്നും ഇറക്കുമതി ചെയ്യാൻ ഉത്തരവു നൽകിക്കഴിഞ്ഞു.



വെള്ളായണി കാർഷിക കോളേജിലെ ഇൻഡോർ സ്റ്റേഡിയം

അത്‌ലറ്റിക്സ് പരിശീലന ഗ്രൗണ്ടായ ചന്ദ്രശേഖർ നായർ സ്റ്റേഡിയത്തിൽ 85 ശതമാനം നിർമ്മാണനവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായി. എട്ടു കോടി രൂപ മുടക്കി നവീകരിക്കുന്ന സ്റ്റേഡിയത്തിൽ ഫ്ളഡ് ലൈറ്റ് സ്ഥാപനം, സിന്തറ്റിക് ട്രാക്ക് വിരിക്കൽ തുടങ്ങിയവയുടെ പണികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

ഉദ്ഘാടനസമാപന ചടങ്ങുകൾക്കു വേദിയാകുന്ന കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ നിർമാണം 85 ശതമാനം പൂർത്തിയായിക്കഴിഞ്ഞു. ടെന്നീസ് മത്സരങ്ങങ്ങൾക്ക് വേദിയൊരുക്കുന്ന കുമാരപുരത്തെ ടെന്നീസ് കോംപ്ളക്സിൽ 2.64 കോടിരൂപയുടെ നിർമാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. അമ്പത് ശതമാനം പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുള്ള ഈ കോംപ്ലക്സ് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ആദ്യ ടെന്നീസ് സ്റ്റേഡിയം കൂടിയാണ്. പരിശീലനത്തിനു വേദിയൊരുക്കുന്ന ട്രിവാൻഡ്രം ടെന്നീസ് ക്ലബിൽ



പാളയം യൂണിവേഴ്സിറ്റി സ്റ്റേഡിയം



**പിരപ്പൻകോട് സ്വിമ്മിംഗ്പൂൾ**

സിന്തറ്റിക് ടർഫ് വിരിക്കുന്ന പണി ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ആരംഭിക്കും. 2.09 കോടിരൂപയുടെ പ്രവർത്തനമാണ് ഇവിടെ നടത്തുന്നത്. സൈക്ളിംഗ് മത്സരങ്ങൾക്ക് തയാറാകുന്ന കാര്യവട്ടത്തെ വെലോഡ്രോമിന്റെ നവീകരണ പ്രവർത്തനങ്ങൾ അമ്പത് ശതമാനത്തോളം പൂർത്തിയായിട്ടു. 1.39 കോടിരൂപ ചെലവിലാണ് നിലവിലുള്ള പ്രതലത്തിനു മുകളിലായി പുതിയ പ്രതലം നിലവിൽ വരുന്നത്.

അയ്യായിരത്തോളം അത്‌ലറ്റുകളെ ഉൾക്കൊള്ളാവുന്ന തരത്തിൽ മേനംകുളത്ത് തയാറാകുന്ന ഗെയിംസ് വില്ലേജിന്റെ നിർമാണം പൂർത്തിയായി. ഗെയിംസിലെ ഭൂരിഭാഗം മത്സരങ്ങൾക്കും വേദിയാകുന്ന തിരുവനന്തപുരം ജില്ലയിലെത്തുന്ന താരങ്ങൾക്കു വേണ്ടിയാണ് ഗെയിംസ് വില്ലേജ് തയാറാകുന്നത്. ഇതര ജില്ലകളിലെത്തുന്ന കായിക താരങ്ങളുടെ താമസം, ഭക്ഷണം എന്നിവക്കുള്ള തയാറെടുപ്പുകൾ അതാതു ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റികളുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു.

## കോഴിക്കോട്

പുതിയതായി നിർമ്മിച്ച കോഴിക്കോട് മെഡിക്കൽ കോളേജ് സ്റ്റേഡിയത്തിന്റെ നിർമാണം 15 കോടിരൂപ ചെലവിലാണ് പൂർത്തിയായത്. പുരുഷ ഫുട്ബോൾ മത്സരങ്ങളാണ് ഇവിടെ നടക്കുന്നത്. മലബാറിലെ പ്രഥമ സിന്തറ്റിക്ക് അത്‌ലറ്റിക് ട്രാക്കും ഇവിടെ നിലവിൽ വന്നു. വോളിബോൾ മത്സരങ്ങൾ നടക്കുന്ന കോഴിക്കോട്ടെ വി.കെ.കെ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിലെ മേപ്പിൾ വുഡ് ഫ്ളോറിംഗ്, അരീന ലൈറ്റിംഗ്, അക്വസ്റ്റിക്സ് എന്നിവയുൾപ്പെടെ 6.53 കോടിരൂപയുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായി.

ഫുട്ബോൾ മത്സരങ്ങൾക്കു വേദിയാകുന്ന കോഴിക്കോട് കോർപറേഷൻ സ്റ്റേഡി



**മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണനും കാര്യവട്ടം ഗെയിംസ് വില്ലേജ് സന്ദർശിക്കുന്നു**

യത്തിന്റെ നവീകരണം 90 ശതമാനത്തോളം പൂർത്തിയായി. പുതിയ ഗ്യാലറി നിർമാണം, ഫുട്ബോൾ ടർഫ് എന്നിവയുൾപ്പെടെ 21 കോടിരൂപയുടെ പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുന്നത്.

## എറണാകുളം

രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയം എറണാകുളം ടേബിൾ ടെന്നീസ്, ഷട്ടിൽ ബാഡ്മിന്റൺ മത്സരങ്ങൾക്ക് വേദിയാകുന്ന എറണാകുളത്തെ രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിലെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായി. ശീതീകരണം, ഫ്ളോറിംഗ്, റൂഫിംഗ് ഉൾപ്പെടെ 10.23 കോടിരൂപയുടെ പ്രവർത്തനങ്ങളാണ് ഇവിടെ നടത്തിയത്. ലോൺ ബോൾ മത്സരങ്ങൾ നടക്കുന്ന സിയാൽ ഗോൾഫ് കോഴ്സിൽ 1.08 കോടിരൂപയുടെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായി.

## തൃശ്ശൂർ

ബോക്സിംഗിനു തയ്യാറായ തൃശ്ശൂരിലെ തൃപ്രയാർ ഇൻഡോർ സ്റ്റേഡിയത്തിൽ നവീകരണ പ്രവർത്തനങ്ങൾ 1.08 കോടി രൂപ ചെലവിൽ പൂർത്തിയായി. വെയ്റ്റ്ലിഫ്റ്റിംഗ്, ജൂഡോ മത്സരങ്ങൾക്കു വേദിയാകുന്ന വി.കെ.എൻ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിലെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായി. 7.36 കോടിരൂപ ചിലവിൽ ഫ്ളോറിംഗ്, അക്വസ്റ്റിക്സ് മുതലായ പണികളാണ് ഇവിടെ നടത്തിയത്.

വനിതാ ഫുട്ബോൾ മത്സരങ്ങൾക്ക് വേദിയാകുന്ന കോർപറേഷൻ സ്റ്റേഡിയത്തിൽ ഗ്യാലറി നിർമാണം, കൃത്രിമ ഫുട്ബോൾ ടർഫ് പാകൽ ഉൾപ്പെടെയുള്ള പണികൾ പൂർത്തിയായി. 10 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങളാണ് ഇവിടെ നടന്നത്. രാമവർമ്മപുരം പോലീസ് അക്കാദമിയിലെ ട്രാപ്പ് ആൻഡ് സ്കീറ്റ് ഷൂട്ടിംഗ് റേഞ്ചിൽ 5 കോടിരൂപയുടെ നിർമാണ പ്രവർത്തനങ്ങളാണ് ആഗസ്റ്റ് മുതൽ നടക്കുന്നത്. ഇവിടുത്തെ പ്രവർത്തനങ്ങൾ അമ്പത് ശതമാനത്തോളം പൂർത്തിയായി.

## കൊല്ലം

റഗ്ബി സെവൻസ് മത്സരങ്ങൾ നടക്കുന്ന കൊല്ലത്തെ ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിൽ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായി. 6.89 കോടി രൂപയാണ് ഇതിനായി ചെലവഴിച്ചത്. മേളയുടെ പ്രധാന വേദികളിലൊന്നായ കൊല്ലം ആശ്രാമം മൈതാനത്തെ ഹോക്കി സ്റ്റേഡിയത്തിൽ സിന്തറ്റിക്ക് ടർഫ് വിരിക്കൽ, ഗ്യാലറി നവീകരണം ഉൾപ്പെടെയുള്ള നിർമാണ പ്രവർത്തനങ്ങൾ തൊണ്ണൂറു ശതമാനത്തോളം പൂർത്തിയായി. 17.5 കോടിരൂപ ചിലവിൽ നിർമിക്കപ്പെടുന്ന ഈ സ്റ്റേഡിയം ആസ്ട്രോ ടർഫിട്ട കേരളത്തിലെ ആദ്യത്തെ സ്റ്റേഡിയമാണ്.

## കണ്ണൂരിൽ ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ഇൻഡോർ സ്റ്റേഡിയം

ദേശീയ ഗെയിംസിനു വേദിയൊരുക്കി കണ്ണൂരിൽ ഉയരുന്നത് ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും വലിയ ഇൻഡോർ സ്റ്റേഡിയം. ഗെയിംസിലെ ബാസ്ക്കറ്റ് ബോൾ, ഗുസ്തി മത്സരങ്ങൾ നടക്കുന്ന മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം ഉത്തരമലബാറിന്റെ കായിക സ്വപ്നങ്ങൾക്കും ഒരു മുതൽക്കൂട്ടാണ്. സംസ്ഥാന കായിക യുവജനക്ഷേമ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള 16.2 ഏക്കർ സ്ഥലത്താണ് ഈ സ്റ്റേഡിയം ദേശീയ ഗെയിംസ് സെക്രട്ടേറിയേറ്റ് പണിതുയർത്തിയിട്ടുള്ളത്. ഇതിൽ 2600 ചതുരശ്ര അടി വിസ്തൃതിയിലാണ് കളിയിടമൊരുക്കിയത്. 23.5 കോടിരൂപ ചിലവിലാണ് സ്റ്റേഡിയത്തിന്റെ നിർമാണം പൂർത്തിയാക്കിയത്. ഇതുകൂടാതെ 93 ലക്ഷം രൂപയ്ക്ക് ശബ്ദനിയന്ത്രണ സംവിധാനങ്ങളും 3.72 കോടി രൂപയ്ക്ക് മറ്റു പ്രവർത്തികളും പൂർത്തിയായി. 77.49 ലക്ഷം രൂപ ചെലവിലാണ് സ്റ്റേഡിയത്തിലെ മേപ്പിൾവുഡ് ഫ്ളോറിംഗ് പൂർത്തിയായത്. അമേരിക്കയിലെ പ്രസ്റ്റീജ് എന്ന കമ്പനിയിൽ നിന്നുമാണ് മേപ്പിൾവുഡുകൾ ഇതിനായി ഇറക്കുമതി ചെയ്തത്. 3000 കാണികളെ ഉൾക്കൊള്ളാവുന്ന സ്റ്റേഡിയത്തിൽ 2500 പേർക്കുള്ള ഇരിപ്പിടവും തയാറാക്കിയിട്ടുണ്ട്. ഗെയിംസ് ആരംഭിക്കുന്നതിനു മുൻപ് സ്റ്റേഡിയത്തിലെ താത്കാലിക നിർമിതികൾ തുടങ്ങും. സ്റ്റേഡിയം ഭാവിയിൽ പൂർണമായും ശീതീകരിക്കുന്നതിനും പദ്ധതിയുണ്ട്. ദേശീയ ഗെയിംസിനു ശേഷം സാധാരണക്കാരുൾപ്പെടെ മലബാറിലെ കായികപ്രേമികൾക്ക് മികച്ച പരിശീലനത്തിനുള്ള അവസരവും മുണ്ടയാട് സ്റ്റേഡിയം യാഥാർഥ്യമാക്കും.

യോട്ടിംഗ് മത്സരങ്ങൾ നടക്കുന്ന എറണാകുളം മുനമ്പം തീരം, ബീച്ച് വോളി



കണ്ണൂർ ഇൻഡോർ സ്റ്റേഡിയം



**ദേശീയ ഗെയിംസിന് മുന്നോടിയായി പി.ആർ.ഡി. ഉദ്യോഗസ്ഥരുടെയും മാധ്യമപ്രതിനിധികളുടെയും യോഗം പി.ആർ.ഡി. ഡയറക്ടർ മിനി ആന്റണി, ഗെയിംസിന്റെ പ്രിൻസിപ്പൽ കോഓർഡിനേറ്റർ ജേക്കബ് പുന്നൂസ് എന്നിവരുടെ നേതൃത്വത്തിൽ നടക്കുന്നു**

ബോൾ മത്സരങ്ങൾ നടക്കുന്ന ശംഖുമുഖം തീരം, റോയിംഗ്, കനോയിംഗ്, കയാക്കിംഗ് മത്സരങ്ങൾ നടക്കുന്ന വേമ്പനാടു കായൽ, ബീച്ച് ഹാൻഡ് ബോൾ നടക്കുന്ന കോഴിക്കോട് തീരം, ഫെൻസിംഗ് മത്സരങ്ങൾ നടക്കുന്ന കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തോടു ചേർന്നുള്ള സിയാൽ കൺവെൻഷൻ സെന്റർ, അമ്പെയ്ത്ത് മത്സരങ്ങൾക്കായി ഒരുങ്ങുന്ന കൊച്ചി ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം തുടങ്ങിയ വേദികളിലെ താത്കാലിക നിർമിതികൾ മത്സരങ്ങൾ അടുക്കുന്ന മുറയ്ക്ക് തയാറാകും.

## സുരക്ഷയ്ക്ക് ക്യാമറകൾ

ദേശീയ ഗെയിംസിന്റെ ഭാഗമായി നഗരം മുഴുവൻ പ്രത്യേക ക്യാമറകൾ സ്ഥാപിച്ചു സുരക്ഷാനിരീക്ഷണം ശക്തമാക്കാനും ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ പ്രത്യേക കൺട്രോൾ റൂം തുറക്കാനും സിറ്റി പൊലീസ് ശുപാർശ തയാറാക്കി. ഐ. ജിയുടെ നേതൃത്വത്തിൽ ആയിരത്തിയഞ്ഞൂറിലേറെ സുരക്ഷാ ഉദ്യോഗസ്ഥരുടെ നിരീക്ഷണവും ഗെയിംസിനായി ഒരുക്കും. മേനംകുളം ഗെയിംസ് വില്ലേജ്, ശംഖുമുഖം കടപ്പുറം, കഴക്കൂട്ടം ബൈപാസ് എന്നിവിടങ്ങളിലും പ്രത്യേക സുരക്ഷ ഒരുക്കുന്നുണ്ട്.

തിരുവനന്തപുരം സിറ്റി പൊലീസ് കമ്മിഷണർ എച്ച്. വെങ്കടേഷിന്റെ മേൽനോട്ടത്തിലാണു സുരക്ഷാ ക്രമീകരണങ്ങൾക്കുള്ള ശുപാർശ തയാറാക്കിയത്. ഓരോ സ്റ്റേഡിയത്തിലേക്കും കാണികൾ കയറുന്ന സ്ഥലവും ഇറങ്ങുന്ന സ്ഥലവും ക്യാമറകളുടെ നിരീക്ഷണത്തിലാക്കും. ഇതിനായി 150 ക്യാമറകൾ വാങ്ങാനാണു ശുപാർശ. ദേശീയ ഗെയിംസ് ഫണ്ടിൽ നിന്നു വാങ്ങുന്ന ഈ ക്യാമറകൾ പിന്നീടു നഗരത്തിലെ വിവിധ വീഥികളിൽ സ്ഥാപിക്കും. പോസ്റ്റിൽ സ്ഥാപിക്കുന്ന 100 ക്യാമറകൾ, 14 ഡോം ക്യാമറകൾ എന്നിവയും കൂട്ടത്തിലുണ്ട്.

ബാരിക്കേഡുകൾ തീർക്കാനായി രണ്ടായിരത്തോളം മണൽചാക്കുകൾ ഒരുക്കുന്നുണ്ട്. ദേശീയതലത്തിൽ പ്രശസ്തരായ കായികതാരങ്ങളുടെ വാഹനങ്ങൾക്കു പ്രത്യേക സുരക്ഷയും ഏർപ്പാടാക്കുന്നുണ്ട്. എസ്കോർട്ട് പോകാൻ നൂറോളം വാഹനങ്ങൾ വേണ്ടിവരുമെന്നാണു കണക്കാക്കുന്നത്. പത്ത് ആംബുലൻസുകളും മെഡിക്കൽ സംഘവും നഗരത്തിൽ ഉണ്ടാകും.

തുറന്ന സ്ഥലമായതിനാൽ ശംഖുമുഖം കടപ്പുറത്തു സുരക്ഷയൊരുക്കുന്നതാണു പൊലീസിനു വെല്ലുവിളി. ഇവിടെ പ്രത്യേകം ബാരിക്കേഡുകൾ തീർക്കാനാണു ലക്ഷ്യമിടുന്നത്. ട്രയാത്തലൺ നടക്കുന്ന കഴക്കൂട്ടം-കോവളം ബൈപാസിൽ ആ സമയത്തു ഗതാഗതം പൂർണമായും നിയന്ത്രിക്കേണ്ടിയുംവരും. മേനംകുളം ഗെയിംസ് വില്ലേജിനു ചുറ്റും സുരക്ഷയൊരുക്കാൻ റൂറൽ എസ്പിയുടെ നേതൃത്വത്തിൽ പ്രത്യേക റിപ്പോർട്ട് തയാറാക്കുന്നുണ്ട്.

## മിനി ഹോസ്പിറ്റൽ

ഗെയിംസിന് എത്തുന്ന അത്‌ലറ്റുകൾ, ടീം ഒഫീഷ്യലുകൾ, പരിശീലകർ തുടങ്ങി ഏഴായിരത്തിൽപരം പേരെ ഉൾക്കൊള്ളുന്ന ഗെയിംസ് വില്ലേജിൽ മിനി ഹോസ്പിറ്റൽ താത്കാലികമായി സ്ഥാപിക്കും. അടിയന്തിരഘട്ടത്തിലടക്കം മികച്ച വൈദ്യസഹായവും സുരക്ഷയും നൽകുന്നതിന് ആശുപത്രി സഹായകമാകും. 3000 ചതുരശ്ര അടി വിസ്തീർണത്തിൽ ഒരുങ്ങുന്ന ആശുപത്രിയിൽ 500 ചതുരശ്ര അടിയിൽ ഫിസിയോതെറാപ്പി, തിരുമ്മൽ സൗകര്യങ്ങളുമുണ്ടാകും. ഉത്തേജക മരുന്നുപയോഗം നിയന്ത്രിക്കുന്നതിന് ഡോപ്പിംഗ് കൺട്രോൾ സ്റ്റേഷനും ഉണ്ടാകും. ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡി.എച്ച്.എസ് (ഡയക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസ്) എല്ലാ വിധത്തിലുമുള്ള വൈദ്യസഹായവും അത്‌ലറ്റുകൾക്ക് ലഭ്യമാക്കും.

മിനി ഓപ്പറേഷൻ തീയേറ്റർ അടക്കമുള്ള ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നതിനായി 10 കിടക്കകളും ഫിസിയോതെറാപ്പിക്കും തിരുമ്മലിനുമായി ആറ് മേശകൾ വീതവും ഉണ്ടാകും. അത്‌ലറ്റുകളുടെ സഹായത്തിന് മൂന്നു ഷിഫ്റ്റുകളിലായി 24 മണിക്കൂറും ഡോക്ടർമാർ കർമനിരതരായിരിക്കും.

ഗെയിംസ് വില്ലേജിൽ അത്‌ലറ്റുകൾക്കായി തയാറാക്കിയിട്ടുള്ള ഡൈനിംഗ് ഹാൾ, അടുക്കള, ശൗചാലയങ്ങൾ എന്നിവയുടെ ശുചിത്വം ഉറപ്പുവരുത്തുതിനായി ഡോക്ടർമാരടങ്ങുന്ന പ്രത്യേക കർമ സേനയുണ്ടായിരിക്കും. പകർച്ചവ്യാധികൾ പടരാതിരിക്കാനുള്ള മുൻകരുതലെന്നവണ്ണം കൊതുകുനിയന്ത്രണം, എലിനിർമാർജനം എന്നീ നടപടികൾ സ്വീകരിക്കും.

## ആകാശവാണിയിലൂടെ ദേശവ്യാപക പ്രക്ഷേപണം

ഗെയിംസ് ദേശീയ തലത്തിൽ പ്രക്ഷേപണം ചെയ്യുന്നതിന് ആകാശവാണി വിപുലമായ പദ്ധതി തയാറാക്കി. കേരളത്തിലെ ഏഴ് നിലയങ്ങളും 10 ചാനലുകളുമടക്കം രാജ്യമൊട്ടാകെ കേന്ദ്രവാർത്താവിനിമയ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന എല്ലാ റേഡിയോ സ്റ്റേഷനുകളും, എഫ്.എം സ്റ്റേഷനുകളും വൈ





വിധ്യമാർന്ന പരിപാടികൾ ഗെയിംസ് ആരംഭിക്കുന്നതിനു മുൻപു തന്നെ പ്രക്ഷേപണം ചെയ്തു തുടങ്ങും.

ദേശീയ തലത്തിൽ ഹിന്ദിയിലും ഇംഗ്ലീഷിലും ഗെയിംസ് പരിപാടികൾ പ്രക്ഷേപണം ചെയ്യും. ഇന്ത്യയിലെ എല്ലാ പ്രാദേശികഭാഷകളിലും പ്രക്ഷേപണം ചെയ്തു വരുന്ന യുവവാണി അടക്കമുള്ള പരിപാടികളിൽ ദേശീയ ഗെയിംസ് പ്രത്യേകം വിഷയമാകും. ഗെയിംസിന്റെ ഉദ്ഘാടന-സമാപന ചടങ്ങുകൾ ദേശീയശൃംഖലയിൽ തത്സമയം പ്രക്ഷേപണം ചെയ്യും. തുടക്കത്തിൽ ഓരോ മണിക്കൂർ ഇടവിട്ട് ഗെയിംസുമായി ബന്ധപ്പെട്ട അപ്ഡേറ്റുകൾ തുടർച്ചയായി നൽകിക്കൊണ്ടിരിക്കും. മത്സരദിനങ്ങളിൽ എല്ലാ ദിവസവും അരമണിക്കൂർ ദൈർഘ്യമുള്ള സ്പെഷ്യൽ ഹൈലൈറ്റ്സ് ഉണ്ടായിരിക്കും. ആദ്യ വെള്ളിയാഴ്ചകളിൽ ഹിന്ദിയിലും ഇംഗ്ലീഷിലും ആകാശവാണി പുറത്തിറക്കുന്ന വാർത്താ മാഗസിൻ ഇനി സ്പെഷ്യൽ ഗെയിംസ് എഡിഷനായി അവതരിപ്പിക്കും.

ജനപ്രിയ മത്സരയിനങ്ങളായ ബാസ്ക്കറ്റ്ബോൾ, ഹോക്കി, ഫുട്ബോൾ, ബാഡ്മിന്റൺ, കബഡി, ടെന്നീസ്, വോളീബോൾ, അത്‌ലറ്റിക്സ് എന്നിവ നടക്കുന്ന വേദികളിൽ നിന്നും ദൃക്സാക്ഷി വിവരണമുണ്ടായിരിക്കും. മത്സരം നടക്കുന്ന വിവിധ ജില്ലകളെ ഏകോപിപ്പിച്ച് തുടർച്ചയായ പ്രക്ഷേപണം സാധ്യമാക്കുന്നതിന് ആകാശവാണിയുടെ ഗ്രാൻഡ് സ്റ്റാൻഡ് തിരുവനന്തപുരം കേന്ദ്രമാക്കി സ്ഥാപിക്കും. കേരളത്തിന്റെ കായിക ചരിത്രത്തിലെ പ്രമുഖ താരങ്ങളെക്കുറിച്ചുള്ള പ്രത്യേക പരിപാടികൾ പ്രക്ഷേപണത്തിൽ ഇടം നേടും.

മത്സര വിവരങ്ങൾക്കു പുറമേ ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക വൈവിധ്യങ്ങളും വിനോദ സഞ്ചാര സാധ്യതകളുമെല്ലാം കോർത്തിണക്കിക്കൊണ്ടുള്ള മറ്റു പരിപാടികളും ലക്ഷ്യമിടുന്നുണ്ട്. കേരളത്തിലെ വിവിധ നിലയങ്ങളിൽ നിന്നും പ്രക്ഷേപണം ചെയ്യുന്ന പരിപാടികളിലും ഗെയിംസ് വിഷയങ്ങളാകും. പ്രക്ഷേപണത്തിലുടനീളം മത്സരഫലങ്ങളെക്കുറിച്ചുള്ള ബ്രേക്കിംഗ് റിസൾട്ട് പ്രക്ഷേപണം ചെയ്യുന്നതും ഒരു സവിശേഷതയാണ്. ഗെയിംസ് സംബന്ധമായ വാർത്തകൾ, ചർച്ചകൾ, അവലോകനം എന്നിവ കോർത്തിണക്കിക്കൊണ്ടുള്ള പ്രഭാത പരിപാടികൾ ജനുവരി ഒന്നുമുതൽ പ്രക്ഷേപണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ ഗെയിംസ് മുന്നൊരുക്കങ്ങൾ വിളിച്ചറിയിക്കുന്ന കർട്ടൻ റെയ്സറുകൾ കൂടാതെ എല്ലാ ദിവസവും ഗെയിംസ് കൗണ്ട്ഡൗൺ പരിപാടിയുമുണ്ടാകും. കായികരംഗത്തെ പ്രമുഖ വ്യക്തിത്വങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള തത്സമയ ഫോൺ-ഇൻ പരിപാടിയും ആകാശവാണിയുടെ ഗെയിംസ് ആകർഷണീയതകളിൽപെടുന്നു.

## ഹരിഹരന്റെ തീംസോംഗ്

ദേശീയ ഗെയിംസിനായി ഹരിഹരൻ ചിട്ടപ്പെടുത്തിയ തീം സോംഗ് രൂപപ്പെടുന്നു. മൃദുവായി തുടങ്ങി കേൾവിക്കാരിൽ സ്പോർട്സ്മാൻ സ്പിരിറ്റും യുവത്വത്തിന്റെ ഹർഷോന്മാദവും നിറച്ച് അവരെ ആവേശത്തിന്റെ ഉച്ചസ്ഥായിയിൽ എത്തിക്കുന്ന തരത്തിലാണു സംഗീതം ചിട്ടപ്പെടുത്തുന്നത്. യുവജനങ്ങളെ ഏറെ പ്രതീക്ഷകളോടെയാണു രാഷ്ട്രമൊന്നാകെ കാണുന്നതെന്നും മനസ്സർപ്പിച്ചു കളിക്കുക വഴി ജീവിതത്തെ തന്നെ ഉയരങ്ങളിലെത്തിക്കാമെന്നും ആഹ്വാനം ചെയ്യുന്ന ഗാനം കളിയിൽ തോൽവിയും ജയവുമല്ല മുഖ്യമെന്നും ഓർമപ്പെടുത്തുന്നു. ദേശീയോദ്ഗ്രഥനവും കായികക്ഷമതയുമാണു ഗാനത്തിന്റെ കാതൽ.

യുവജനങ്ങൾക്കു പ്രിയങ്കരനായ ജാവേദ് അക്തറാണ് മൂന്നു മിനിട്ട് ദൈർഘ്യമുള്ള തീംസോംഗ് രചിച്ചിരിക്കുന്നത്. യേശുദാസ്, ശ്രേയ ഘോഷാൽ, സലിം മർച്ചന്റ്, ശ്രുതിഹാസൻ എന്നിവർക്കൊപ്പം ഹരിഹരനും ചേർന്നു പാടുന്നു. യൂ ട്യൂബ് അടക്കമുള്ള നവമാധ്യമങ്ങളിലൂടെ ഗാനം നാടെങ്ങും അലയടിക്കും. ഇതിനായി വ്യത്യസ്ഥ സമയദൈർഘ്യത്തിൽ ഒറിജിനൽ



ഗാനത്തിന്റെ തനിമയും ആവേശവും നില നിർത്തി തീംസോംഗിന്റെ വകഭേദങ്ങളുണ്ടാകും.

## വിദേശ ഉപകരണങ്ങൾ വാങ്ങൽ; വിവരങ്ങൾ വെബ്സൈറ്റിലും

കേരളത്തിന്റെ കായിക ചരിത്രത്തിൽ ഇന്നോളം ഉപയോഗിച്ചിട്ടില്ലാത്ത നാനാതരം വിദേശ ഉപകരണങ്ങളാണ് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി ഇറക്കുമതി ചെയ്യുന്നത്. ട്രാപ്പ് ആൻഡ് സ്കീറ്റ്, സ്ക്വാഷ്, ലോൺ ബോൾ തുടങ്ങിയ മത്സരങ്ങൾ സർക്കാർ ആഭിമുഖ്യത്തിൽ കേരളത്തിൽ നടക്കുന്നതു തന്നെ ഇതാദ്യമാണ്. ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി 35 കോടിരൂപയാണ് 2009-ൽ വകയിരുത്തിയിട്ടുള്ളത്.

സ്വിറ്റ്സർലന്റ്, അമേരിക്ക, ഇറ്റലി, ഫ്രാൻസ്, ജർമ്മനി, ചൈന, തയ്‌വാൻ, തുർക്കി എന്നിവിടങ്ങളിൽ നിന്നും 20 കോടിയലധികം രൂപയുടെ ആധുനിക കായികോപകരണങ്ങൾ ഇറക്കുമതി ചെയ്യുന്നതിന് ഇതുവരെ ഉത്തരവ് നൽകിക്കഴിഞ്ഞു. കൂടുതൽ ടെന്ററുകളിന്മേൽ നടപടികൾ പുരോഗമിച്ചു വരുന്നു.റൈഫിൾ ഷൂട്ടിംഗ്, പിസ്റ്റൽ ഷൂട്ടിംഗ്, റോവിംഗ്, കനോയിംഗ്, കയാക്കിംഗ്, ഭാരോദ്വഹനം, ടെന്നീസ് തുടങ്ങിയ ഗെയിമുകൾക്കു വേണ്ട ആധുനിക ഉപകരണങ്ങൾക്കായി സംഘാടക സമിതി പരിശ്രമിക്കുകയാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള അന്താരാഷ്ട്ര സ്പോർട്സ് ഉപകരണ നിർമ്മാതാക്കൾക്കു പങ്കെടുക്കാൻ കഴിയും വിധം ഇ-ടെൻഡറിംഗ് നടപടിക്രമങ്ങളാണ് ഇതിനായി സ്വീകരിച്ചത്.

ടെന്ററുകളുടെ വിശദാംശങ്ങൾ വെബ്സൈറ്റിൽ (www.kerala2015.com) പ്രസിദ്ധീകരിച്ചിട്ടുണ്ട്. കരാറിൽ ഏർപ്പെടുന്ന കമ്പനികളുടെ വിശദാംശങ്ങളും കൊടുക്കാൻ നിശ്ചയിച്ച വിലയും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏർപ്പെടുന്ന എല്ലാ കരാറുകളുടെയും വിശദവിവരങ്ങൾ അപ്പോൾ തന്നെ പൊതുജനങ്ങളെ അറിയിക്കണമെന്ന പൊതുതീരുമാനപ്രകാരമാണ് ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലും വിദേശത്തും ഈ രംഗത്ത് പരിചയസമ്പന്നരായ എല്ലാവർക്കും ഈ രേഖകൾ പരിശോധിക്കാവുന്നതും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നാഷണൽ ഗെയിംസ് ഓഫീസിൽ അറിയിക്കാവുന്നതുമാണ്.

## ആദ്യമായി കേരള റഗ്ബി ടീം

ദേശീയ ഗെയിംസിൽ ആദ്യമായി കേരള റഗ്ബി ടീം മാറ്റുരയ്ക്കും. കേരളത്തിന്റെ വനിത-പുരുഷ വിഭാഗം ടീമുകൾ, ഇന്ത്യയിലെ പ്രമുഖ ടീമുകളുമായി കൊല്ലം ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിൽ ഏറ്റുമുട്ടും. എട്ടു ടീമുകളാണ് നാഷണൽ ഗെയിംസിനായി തയ്യാറെടുക്കുന്നത്. മുൻ അത്‌ലറ്റ് കൂടിയായ മഹേഷ്കുമാറാണ് കേരള ടീമിന്റെ പരിശീലകൻ. ഇദ്ദേഹമാണ് കേരളത്തിന് ആദ്യമായി റഗ്ബി പരിചയപ്പെടുത്തിയത്. കഴിഞ്ഞ ഒന്നര വർഷമായി സെൻട്രൽ സ്റ്റേഡിയത്തിൽ നാഷണൽ ഗെയിംസിനായുള്ള കേരള ടീമുകളുടെ പരിശീലനം പുരോഗമിക്കുകയാണ്. പുരുഷ വിഭാഗം ക്യാപ്റ്റനായി തുളസിയേയും വനിതാ വിഭാഗം ക്യാപ്റ്റനായി നീതുവിനെയുമാണ് പരിഗണിക്കുന്നത്. വിദ്യാർഥികൾ, സർക്കാർ സ്വകാര്യ ജീവനക്കാർ എന്നിവരടങ്ങുന്ന ടീമിന്റെ അന്തിമ ലിസ്റ്റ് ഡിസംബർ ആദ്യവാരം പ്രഖ്യാപിക്കും.

## ചൈനീസ് ആയോധനകലകളും

നാലു വ്യത്യസ്ത മാർഷൽ ആർട്ട്സ് വിഭാഗങ്ങളായ തായ്ക്വാൺഡോ, ഫെൻസിംഗ്, ജൂഡോ, വുഷു എന്നീ മത്സരങ്ങൾക്ക് ദേശീയ ഗെയിംസ് സാക്ഷ്യം വഹിക്കും.

ഇവയിൽ മത്സരിക്കാൻ കേരളം ഇതിനോടകം തന്നെ പരിശീലനം തുടങ്ങിക്കഴിഞ്ഞു.

## തായ്ക്വാൺഡോ

1950ൽ കൊറിയയിൽ രൂപംകൊണ്ട തായ്ക്വാൺഡോക്ക് കേരളത്തിൽ പ്രചാരമേറിയിട്ട് വളരെക്കുറച്ചുകാലമേ ആയിട്ടുള്ളു. എതിരാളിയുടെ പോരാട്ടത്തെ കൈകളുപയോഗിച്ച് തടഞ്ഞുനിർത്തി കാലുകൾകൊണ്ട് നേരിടുകയെന്നതാണ് തായ്ക്വാൺഡോയുടെ പ്രത്യേകത. നാൽപ്പതോളം പേർ ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലും, കാര്യവട്ടം എൽ.എം.സി.ടി സ്റ്റേഡിയത്തിലുമായി പരിശീലനം തുടങ്ങിക്കഴിഞ്ഞു. കഴിഞ്ഞ ദേശീയ ഗെയിംസ് ജേതാക്കളായ സുരേന്ദ്ര ബന്ദരി, സൗരവ് ജിതേന്ദ്രവർമ്മ, ജെനി ധർമ്മ തുടങ്ങിയ തായ്ക്വാൺഡോ പ്രഗത്ഭരുമായി കേരള ടീം ഏറ്റുമുട്ടുമെന്ന് പ്രതീക്ഷിക്കുന്നു. 21 ബ്രോൺസ് മെഡലുകളാണ് ഇന്ത്യയിൽ നടന്ന വിവിധ മത്സരങ്ങളിൽ കേരളം കരസ്ഥമാക്കിയിട്ടുള്ളത്.

## ഫെൻസിംഗ്

1999-ലാണ് ഫെൻസിംഗ്എന്ന ആയോധനകലയെ കേരളം പരിചയപ്പെടുന്നത്. എതിരാളിയെ വാൾമുനയിൽ നിർത്തി പോരാടുന്ന ഫെൻസിംഗിൽ പ്രധാനമായും മൂന്നിനം വാളുകളാണ് ഉപയോഗിക്കുന്നത്. കേരളത്തിനെ പ്രതിനിധീകരിച്ച് 24 പേരാണ് തിരുവനന്തപുരം അവിട്ടം തിരുന്നാൾ ട്രസ്റ്റ് ഹാളിൽ പരിശീലനം നേടുന്നത്. ഇന്ത്യയുടെ ആദ്യത്തെ ഫെൻസിംഗ് കോച്ചായ രാധാകൃഷ്ണനാണ് കേരള ടീമിന് പരിശീലനം നൽകുന്നത്.

## ജൂഡോ

കേരളത്തിൽ ജൂഡോയ്ക്ക് പ്രചാരമേറിയിട്ട് 15 വർഷം തികഞ്ഞു. മറ്റുള്ളവയെ അപേക്ഷിച്ച് എതിരാളികളെ ആയോധനമുറകളുപയോഗിച്ച് തടയുകയാണ് ജൂഡോയിൽ ചെയ്യുന്നത്. അറുപതോളം പേരാണ് നാഷണൽ ഗെയിംസിനായി തയ്യാറെടുക്കുന്നത്. തൃശൂർ സ്വദേശിനികളായ ദേവി കൃഷ്ണ, അശ്വതി പി.ആർ എന്നിവർ അന്താരാഷ്ട്ര ജൂഡോ മത്സരങ്ങളിൽ പങ്കെടുത്ത് വെങ്കലം നേടിയിട്ടുണ്ട്. അമൻ കുമാർ, നവജ്യോത് ഖാന, സഞ്ജയ് സിംഗ്, രജനി ബാല, ജയാ ചൗധരി തുടങ്ങിയ പ്രഗത്ഭർ കേരള മണ്ണിൽ പോരിടാനിറങ്ങുമെന്ന് പ്രതീക്ഷിക്കുന്നു.

## വുഷു

കേരളത്തിൽ അത്ര പ്രചാരം ലഭിച്ചിട്ടില്ലാത്ത ചൈനീസ് ആയോധനകലയായ വുഷു ഇത്തവണ ദേശീയ ഗെയിംസിൽ ഉണ്ടാകും. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ കേരള വുഷു ടീമിന്റെ പരിശീലനം മുറയ്ക്ക് നടക്കുന്നുണ്ട്. എസ്.കെ സാജിന്റെ കീഴിൽ പരിശീലനത്തിലേർപ്പെട്ടിരിക്കുന്നവരിൽ ജോബിൻ ജെയും, കാർത്തികയും 2014 ൽ ഹൈദ്രാബാദിൽ നടന്ന ഫെഡറേഷൻ കപ്പിൽ വെള്ളിയും, വെങ്കലവും നേടിയിട്ടുണ്ട്.

കാര്യവട്ടം എൽ.എൻ.സി.പി.ഇ സ്റ്റേഡിയമാണ് വുഷുവിനായി ഒരുങ്ങുന്നത്. മെയ്‌വഴക്കത്തോടു കൂടി എതിരാളികളെ നേരിടുന്ന വുഷുവിൽ ആരോഗ്യവും, ഏകാഗ്രതയും ആവശ്യമാണ്. എതിരാളികളെ കാൽമുട്ടുകൾ ഉപയോഗിച്ച് അപായപ്പെടുത്തുന്നതിനോ മുറിവുണ്ടാക്കാനോ കഴിയില്ലയെന്നതാണ് വുഷുവിനെ മറ്റുള്ളവയിൽ നിന്ന് വേർതിരിക്കുന്നത്. ■

# ആഗോള പ്രവാസി സംഗമം:
# വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു

ആഗോള പ്രവാസി സംഗമം ജനുവരി 16 ന് കൊച്ചി ലേ മെറിഡിയൻ അന്താരാഷ്ട്ര കൺവൻഷൻ സെന്ററിൽ കേന്ദ്ര വിദേശകാര്യ മന്ത്രി സുഷമാ സ്വരാജ് ഉദ്ഘാടനം ചെയ്യും. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അധ്യക്ഷനാകുന്ന ചടങ്ങിൽ സംസ്ഥാനത്തെ എല്ലാ മന്ത്രിമാരും പങ്കെടുക്കും. 17 ന് നടക്കുന്ന സമാപന സമ്മേളനം ഗവർണർ ജസ്റ്റിസ് പി. സദാശിവം ഉദ്ഘാടനം ചെയ്യും. സംഗമത്തോടനുബന്ധിച്ചുള്ള ലോഗോയുടെ പ്രകാശനവും വെബ്സൈറ്റ് ഉദ്ഘാടനവും പ്രവാസികാര്യ മന്ത്രി കെ.സി. ജോസഫ് നിർവഹിച്ചു. പ്രതിനിധികൾക്കുള്ള രജിസ്ട്രേഷനും സമ്മേളനം സംബന്ധിച്ച വിശദാംശങ്ങളും www.globalnrkmeet.com വെബ്സൈറ്റിൽ ലഭ്യമാണ്.



ആഗോള പ്രവാസി സംഗമത്തിന്റെ ലോഗോ പ്രകാശനം മന്ത്രി കെസി.ജോസഫ് സാംസ്കാരിക വകുപ്പ് സെക്രട്ടറി റാണി ജോർജിന് കൈമാറി നിർവഹിക്കുന്നു

ലോകത്തെമ്പാടുമുള്ള പ്രവാസി മലയാളികളെ ഒരേ വേദിയിൽ കൊണ്ടുവരുന്നതിനും സർക്കാരിനും പ്രവാസികൾക്കും പൊതു ഇടം കണ്ടെത്തുന്നതിന്റെയും ഭാഗമായാണ് പ്രവാസി സംഗമം സംഘടിപ്പിക്കുന്നത്. പ്രവാസി മലയാളികളുടെ പ്രശ്നങ്ങളും അവർ നേരിടുന്ന വെല്ലുവിളികളും അവയ്ക്കുള്ള പരിഹാരങ്ങളും സമ്മേളനം വിശദമായി ചർച്ചചെയ്യുമെന്ന് മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. ദ്വിദിന സമ്മേളനത്തിൽ പ്രവാസികളും പ്രവാസി സംഘടനകളും വിവിധ സർക്കാർ വകുപ്പുകളും ഈ മേഖലയുമായി ബന്ധപ്പെട്ട പ്രമുഖരും സംബന്ധിക്കും. സംസ്ഥാന പ്രവാസികാര്യ വകുപ്പ് നോർക്ക റൂട്ട്സുമായി സഹകരിച്ചാണ് ആഗോള പ്രവാസി സംഗമം സംഘടിപ്പിക്കുന്നത്. പ്രതിനിധികൾക്ക് വെബ്സൈറ്റിലൂടെ രജിസ്ട്രേഷൻ നടത്താം.

# പ്രകൃതി ദുരന്തങ്ങൾക്കെതിരെ
# ക്രിയാത്മക സഹകരണം അനിവാര്യം: മുഖ്യമന്ത്രി




ഐഎംജിയിൽ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച ദ്വിദിന സംഗമത്തിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സംസാരിക്കുന്നു

പ്രകൃതി ദുരന്തങ്ങൾക്കെതിരെ പൊതുജനങ്ങളുടെ ക്രിയാത്മക സഹകരണം അനിവാര്യമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. തിരുവനന്തപുരം ഐഎംജിയിൽ സംഘടിപ്പിച്ച കാലാവസ്ഥാ വ്യതിയാനം അനുഭവങ്ങൾ പങ്കുവയ്ക്കൽ ദ്വിദിന സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. തീരദേശ സംസ്ഥാനമായ കേരളത്തിന് മിക്കപ്പോഴും കാലാവസ്ഥാ വ്യതിയാനം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം സംസ്ഥാനത്തിന്റെ പ്രധാന മേഖലകളായ ടൂറിസം, കൃഷി, എന്നിവയ്ക്കും പൊതുജീവിതമുൾപ്പെടെയെല്ലാത്തിനും പലപ്പോഴും തകർച്ചയുണ്ടാക്കുന്നു. മഴ ശക്തിപ്രാപിക്കുന്നത് വെള്ളപ്പൊക്കത്തിനും അന്തരീക്ഷ ഊഷ്മാവ് കൂടുന്നത് കാട്ടുതീയ്ക്കും കടൽനിരപ്പ് ഉയരുന്നത് തീരദേശ മേഖലയ്ക്കും നഗരങ്ങൾക്കും കനത്ത നാശനഷ്ടങ്ങളാണ് സൃഷ്ടിക്കുന്നത്. ഇത്തരം അവസ്ഥകളെ തരണം ചെയ്യുന്നതിനായി സംസ്ഥാനം ഒരു കാലാവസ്ഥാ വ്യതിയാന കർമപദ്ധതി (ക്ലൈമറ്റ് ചേഞ്ച് ആക്ഷൻ പ്ലാൻ) തയാറാക്കി നടപ്പാക്കി വരുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഇന്ത്യയിലാദ്യമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് എന്ന പേരിൽ ഒരു സ്ഥാപനം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടെന്നും യു.എൻ.ഇ.പി., യു.എൻ.ഡി.പി., ഡി.എഫ്.ഐ.ഡി. മുതലായ അന്താരാഷ്ട്ര ഏജൻസികളുടെ സാമ്പത്തിക സഹകരണവും വിദഗ്ധരുടെ സേവനവും ഉറപ്പാക്കി ഇതിനെ ലോകോത്തര മാതൃകാ സ്ഥാപനമാക്കി വളർത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനത്ത് പുതുതായി രൂപം നൽകിയ സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററിന് ഒരു വർഷത്തിനുള്ളിൽ സ്വന്തമായ കെട്ടിടവും വിപുലമായ സംവിധാനങ്ങളും ഒരുക്കും. സുരക്ഷിത സംസ്ഥാനം എന്ന ആശയവുമായാണ് കേരളം മുന്നോട്ട് പോകുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ജനാധിപത്യ സംവിധാനത്തിൽ കാലാവസ്ഥാ വ്യതിയാനങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ തയാറാക്കുന്നതിനും നടപ്പാക്കുന്നതിനും കീഴ്ത്തട്ടു മുതലുള്ള സഹകരണം ആവശ്യമാണ്. പൊതുജനങ്ങളുടെ ക്രിയാത്മക സഹകരണമുറപ്പാക്കിക്കൊണ്ടുള്ള പദ്ധതികൾക്കു മാത്രമേ വിജയത്തിലെത്താൻ കഴിയുകയുള്ളുവെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

യു.എൻ.ഇ.പി. സീനിയർ പ്രോഗ്രാം ഓഫീസർ ഡോ.മുരളി തുമ്മാരുകുടി അധ്യക്ഷനായിരുന്നു. ഐ.എം.ജി. ഡയറക്ടർ ജനറൽ ടിങ്കു ബിസ്വാൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് ഡയറക്ടർ ഡോ. കേശവ് മോഹൻ തുടങ്ങിയവർ പ്രസംഗിച്ചു

# ഇ-ഡിസ്ട്രിക്ട് പദ്ധതി വിജയം; സേവനങ്ങൾ വ്യാപിപ്പിക്കും




ഒരു കോടി ഡിജിറ്റൽ സർട്ടിഫിക്കറ്റുകളുടെ ഇടപാടുകൾ പൂർത്തിയാക്കിയതിന്റെ പ്രഖ്യാപന ചടങ്ങ് ഐ.എം.ജി.യിൽ വ്യവസായ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യുന്നു

സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ ജനങ്ങളിലേക്ക് വേഗത്തിൽ എത്തിക്കാൻ ആരംഭിച്ച ഇ-ഡിസ്ട്രിക്ട് പദ്ധതി വിജയമാകുന്നു. ഒരു കോടി ഡിജിറ്റൽ സർട്ടിഫിക്കറ്റുകളുടെ ഇടപാട് പൂർത്തിയാക്കിയതിന്റെ പ്രഖ്യാപന ചടങ്ങ് ഐ.എം.ജിയിൽ വ്യവസായ-ഐ.ടി വകുപ്പ് മന്ത്രി കുഞ്ഞാലിക്കുട്ടി നിർവ്വഹിച്ചു. റവന്യൂ വകുപ്പിന്റെ കീഴിലുള്ള 24 ഇനം സർട്ടിഫിക്കറ്റുകളാണ് അക്ഷയാ കേന്ദ്രങ്ങൾ മുഖേനയും ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ (www.edistrict.kerala.gov.in) മുഖേനയും ഓൺലൈനായി ലഭ്യമാക്കുന്നത്. 2010 ൽ പരീക്ഷണാടിസ്ഥാനത്തിൽ കണ്ണൂർ, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കിയ ഇ-ഡിസ്ട്രിക്ട് പദ്ധതി 2013 മാർച്ച് മാസത്തോടുകൂടി സംസ്ഥാനത്താകമാനം വിജയകരമായി നടപ്പിലാക്കിക്കഴിഞ്ഞു. മറുനാടൻ മലയാളികൾക്കും ഇ-ഡിസ്ട്രിക്ട് പോർട്ടലിലൂടെ അവർക്കാവശ്യമായ സേവനങ്ങൾ ഇപ്പോൾ ലഭ്യമാകും.

സർക്കാർ സേവനങ്ങൾക്കുള്ള പണമിടപാടുകൾ ഓൺലൈനായി അടയ്ക്കാൻ ഇ-പേയ്മെന്റ് ഗേറ്റ് വേ സൗകര്യം ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടലിലുണ്ട്. വിവരാവകാശം, പൊതുജന പരാതി പരിഹാരം, ടെലിഫോൺ, വെള്ളം, വൈദ്യുതി തുടങ്ങിയ വിവിധ ബില്ലുകളും ഫീസുകളും അടയ്ക്കുന്നതിനുള്ള സേവനങ്ങൾകൂടി (യൂട്ടിലിറ്റി പേയ്മെന്റ് സർവീസുകൾ) ഉൾപ്പെടുത്തിയിട്ടുണ്ട്.

# സ്റ്റുഡന്റ് പൊലീസ് പദ്ധതിക്കുള്ള ചെലവ് ഭാവിയിലേക്കുള്ള നിക്ഷേപം : മുഖ്യമന്ത്രി



സ്റ്റുഡന്റ് പൊലീസ് കേഡറ്റ് ആസ്ഥാന മന്ദിരത്തിന്റെ ഉദ്ഘാടനം ചാല ഗവ. ഗേൾസ് ഹൈസ്കൂളിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു

സ്റ്റുഡന്റ് പൊലീസ് പദ്ധതിക്ക് ചെലവിടുന്ന ഓരോ രൂപയും ഭാവിയിലേക്കുള്ള നിക്ഷേപമായാണ് സർക്കാർ കാണുന്നതെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. പ്രതിബദ്ധതയുള്ള വിദ്യാർഥികളും യുവജനങ്ങളുമാണ് ഭാവി കേരളത്തിന്റെ ആവശ്യം. അതിന് ഉപകരിക്കുന്ന പദ്ധതിയാണ് സ്റ്റുഡന്റ് പൊലീസ് കേഡറ്റെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ട് ആസ്ഥാന മന്ദിരത്തിന്റെ ഉദ്ഘാടനം ചാല ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

സ്റ്റുഡന്റ് പൊലീസിങ് ഇനി സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കുമെന്ന് ആഭ്യന്തരവകുപ്പ് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. ചടങ്ങിൽ അധ്യക്ഷനായിരുന്നു അദ്ദേഹം.

സ്റ്റുഡന്റ് പൊലീസ് കേഡറ്റ് വ്യാപിപ്പിക്കുന്നതിലൂടെ പുതിയ തലമുറയോടുള്ള പ്രതിബദ്ധതയാണ് സർക്കാർ പ്രഖ്യാപിക്കുന്നതെന്ന് വിദ്യാഭ്യാസമന്ത്രി പി.കെ. അബ്ദുറബ്ബ് മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു. സ്റ്റുഡന്റ് പൊലീസ് ഡയറക്ടറേറ്റിന്റെ താക്കോൽദാനവും അദ്ദേഹം നിർവഹിച്ചു. എസ്.പി.സിയുടെ ദൃശ്യാവതരണമായ ദൃശ്യപാഠത്തിന്റെ പ്രകാശനം പൊതുവിദ്യാഭ്യാസ സെക്രട്ടറി എ. ഷാജഹാന് നൽകി ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല നിർവഹിച്ചു. എസ്. പി.സിയുടെ വെബ്സൈറ്റിന്റെ പ്രകാശനം വി.ശിവൻകുട്ടി എം.എൽ.എയും എസ്.പി.സിയുടെ പ്രത്യേക പദ്ധതി കെയറിന്റെ ഉദ്ഘാടനം പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണനും നിർവഹിച്ചു. വനം വകുപ്പ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ബി.എസ്.ഖോരി ഡിജിറ്റൽ സ്റ്റുഡിയോയുടെ ഉദ്ഘാടനം നിർവഹിച്ചു. സ്റ്റുഡന്റ് പൊലീസ് കേഡറ്റിന്റെ വിവിധ തലങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചവർക്കുള്ള സമ്മാനദാനവും ചടങ്ങിൽ നിർവഹിച്ചു. സ്റ്റുഡന്റ് പൊലീസ് കേഡറ്റിന്റെ സംസ്ഥാന നോഡൽ ഓഫീസർ പി. വിജയൻ, സംസ്ഥാന പൊലീസ് മേധാവി കെ.എസ്. ബാലസുബ്രഹ്മണ്യം, ഉന്നത പൊലീസ് മേധാവികൾ, വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**പി.കെ. ജയലക്ഷ്മി**
പട്ടികവർഗക്ഷേമ-യുവജനകാര്യ മന്ത്രി



കേരളപ്പിറവിക്കുശേഷം ചരിത്രപരമായ ഒരു നേട്ടത്തിനുകൂടി മലയാളനാട് സാക്ഷ്യം വഹിക്കുകയാണ്. നിൽപ്പു സമരത്തിൽ ഉന്നയിച്ച എല്ലാ ആവശ്യങ്ങളും അംഗീകരിച്ച് സർക്കാർ ചരിത്രപരമായ തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്. ഉന്നയിച്ച എല്ലാ ആവശ്യങ്ങളും ന്യായമാണെന്ന് കണ്ടതുകൊണ്ടാണ് സർക്കാർ അനുകൂല നിലപാടുകൾ സ്വീകരിച്ചത്. പട്ടികവർഗ വികസന വകുപ്പിനു മാത്രമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങളെല്ലാം ആദ്യഘട്ടത്തിൽ തന്നെ ചെയ്തു.

ആദിവാസി ജനവിഭാഗങ്ങളോടുള്ള യു.ഡി.എഫ്. സർക്കാരിന്റെ പ്രതിബദ്ധത ഒരിക്കൽകൂടി വെളിവാക്കുന്നതാണ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ അധ്യക്ഷതയിൽ 2014 ഡിസംബർ 17 ന് ചേർന്ന മന്ത്രിസഭാ തീരുമാനങ്ങൾ. പട്ടികവിഭാഗത്തിന്റെ ക്ഷേമത്തിനും അവർ അധിവസിക്കുന്ന മേഖലകളുടെ സമഗ്ര വികസനത്തിനും വേണ്ടി സുപ്രധാനമായ 16 തീരുമാനങ്ങളാണ് കൈക്കൊണ്ടത്.

പട്ടികവർഗ ജനവിഭാഗത്തെ സംബന്ധിച്ച് സുവർണ ലിപികളാൽ രേഖപ്പെടുത്തേണ്ട ദിനമാണ് 2014 ഡിസംബർ 17.

# ആദിവാസി ഗ്രാമസഭാ നിയമം
## സർക്കാരിന്റെ ചരിത്രപരമായ തീരുമാനം

**പെസ നിയമപ്രകാരം നിശ്ചിതപ്രദേശങ്ങളിലെ ഗ്രാമസഭകൾക്കാണ് ആ പ്രദേശത്തെ പട്ടികവർഗക്കാരുടെ സർവതോമുഖമായ വികസനത്തിനായി നടപ്പാക്കുന്ന എല്ലാ പദ്ധതികൾക്കും അംഗീകാരം നൽകുന്നതിനുള്ള അധികാരം.**



ഭൂരഹിത പട്ടികവർഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം



മന്ത്രിസഭ കൈക്കൊണ്ട സുപ്രധാന തീരുമാനങ്ങൾ ചുവടെ.

1. കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് കേരളത്തിലെ ഭൂരഹിത പട്ടികവർഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന് അനുവദിച്ച ഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവോ എന്ന് പരിശോധിച്ച് പകരം ഭൂമി കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ 21.08.2003ലെ എഫ്. നം.8-16/2002/എഫ്.സി. കത്ത് പ്രകാരം ലഭിച്ച 7693.22557 ഹെക്ടർ ഭൂമിക്ക് ഉപരിയായി ലഭിക്കുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പടക്കം അനുയോജ്യമായ അധികാര സ്ഥാപനങ്ങളെ സമീപിക്കും.
2. കേന്ദ്രസർക്കാരും സുപ്രീം കോടതിയും അംഗീകരിച്ച വാസയോഗ്യമായ 7693 ഹെക്ടർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യാൻ വിജ്ഞാപനം ഇറക്കും. വാസയോഗ്യമല്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള ഏകദേശം 1500 ഹെക്ടർ ഭൂമി ആദിവാസി പ്രതിനിധികളും സർക്കാർ ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തി വാസയോഗ്യമാണെന്ന് കണ്ടെത്തിയാൽ ആ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യും.
3. (1) വനാവകാശം കൊടുത്തതിന്റെ പേരിൽ ആദിവാസികളല്ലാത്തവർ കൈയേറിയതിനെ തുടർന്ന് ആദിവാസികൾക്ക് കുറവ് വന്ന ഭൂമി കൂട്ടിച്ചേർക്കാൻ അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടും.

   (2) ആദിവാസികളല്ലാത്തവർ കൈയേറിയതുമൂലവും അല്ലാതെയും ആദിവാസി ജനവിഭാഗത്തിന് നഷ്ടപ്പെട്ട 400 ഹെക്ടർ ഭൂമിക്കുപകരം ഭൂമി സംസ്ഥാന സർക്കാർ നൽകും.
4. വിതരണത്തിന് അനുയോജ്യമെന്ന് കണ്ടെത്തുന്ന ഭൂമി വിജ്ഞാപനം ചെയ്ത് ഭൂരഹിത പട്ടികവർഗക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ച് നിയമാനുസൃതം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കും, അപ്രകാരം യോഗ്യമെന്ന് കണ്ടെത്തുന്ന ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് സ്പെഷ്യൽ സർവേ ടീമിനെ നിയോഗിക്കും.

കേരളത്തിലെ സാഹചര്യം കണക്കിലെടുത്ത് പട്ടികവർഗ ഊരുകൾ, പട്ടികവർഗ ജനസംഖ്യ കൂടുതലുള്ള പഞ്ചായത്ത്, ബ്ലോക്ക് എന്നിവ ഉൾപ്പെടുത്തി പെസ (ആദിവാസി ഗ്രാമസഭാ നിയമം) നടപ്പാക്കും.

5. പട്ടികവർഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് നിലവിലുള്ള മാർഗനിർദേശങ്ങൾക്കനുസൃതമായി വനാവകാശ നിയമമനുസരിച്ച് കൈവശാവകാശരേഖ നൽകും.
6. ആറളം ഫാമിങ് കോർപറേഷൻ ലിമിറ്റഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പട്ടികവർഗ വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി.
7. ആദിവാസി പുനരധിവാസ വികസന മിഷൻ (ടി.ആർ.ഡി.എം) പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കും.
8. അട്ടപ്പാടിയിലെ പട്ടികവർഗക്കാർക്ക് സംയോജിത പട്ടികവർഗ വികസന പ്രോജക്ട് (ഐറ്റിഡിപി), അനുയോജ്യമായ മറ്റു നിർവഹണ ഏജൻസികൾ മുഖേന പരമ്പരാഗത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.
9. കേരളത്തിലെ സാഹചര്യം കണക്കിലെടുത്ത് പട്ടികവർഗ ഊരുകൾ, പട്ടികവർഗ ജനസംഖ്യ കൂടുതലുള്ള പഞ്ചായത്ത്, ബ്ലോക്ക് (ഇടമലക്കുടി, ആറളം, അട്ടപ്പാടി, നിലമ്പൂർ തുടങ്ങിയവ)

എന്നിവ ഉൾപ്പെടുത്തി പെസ നിയമം (ആദിവാസി ഗ്രാമസഭാ നിയമം) നടപ്പാക്കും.

10. മുത്തങ്ങ സമരത്തെ തുടർന്ന് കുടിയിറക്കപ്പെട്ട ആദിവാസികളുടെ പുനരധിവാസത്തിനായി ഒരേക്കർ വീതം ഭൂമിയും, ഭവന നിർമാണ ധനസഹായവും അനുവദിക്കും. ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചു. ഇപ്രകാരം 447 കുടുംബങ്ങൾക്ക് ഭവന നിർമാണത്തിന് രണ്ടര ലക്ഷം രൂപ വീതം ധനസഹായം നൽകും.

11. മുത്തങ്ങ ഭൂസമരത്തിൽ അറസ്റ്റ് ചെയ്യപ്പെട്ടവരോടൊപ്പമുണ്ടായിരുന്ന 44 കുട്ടികൾക്ക് ഒരു ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകും. ഇനിയും അർഹതയുള്ള കുട്ടികൾ ഉണ്ടെങ്കിൽ അവരെയും പദ്ധതിയിൽ ഉൾപ്പെടുത്തും.

12. മുത്തങ്ങ സമരവുമായി ബന്ധപ്പെട്ട എല്ലാ കേസുകളും (സിബിഐ. കേസ് ഒഴികെ) പിൻവലിക്കും.

13. സിക്കിൾസെൽ (അരിവാൾ) രോഗബാധിതരായ ആദിവാസികൾക്ക് ഇപ്പോൾ ആയിരം രൂപ വീതം പെൻഷൻ നൽകുന്നുണ്ട്. ഇവ കൂടാതെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരേക്കർ വീതം ഭൂമിയും വീടും നൽകും. ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു. 2015 മാർച്ച് 31 ന് മുമ്പ് ഭൂമി വിതരണം പൂർത്തിയാക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് നിർദേശം നൽകി.

14. വേടർ സമുദായത്തിനുവേണ്ടി പ്രത്യേക പാക്കേജ് നടപ്പാക്കും.

15. ആറളം ഫാമിലെ പൈനാപ്പിൾ കൃഷി അവസാനിപ്പിക്കും.

16. വനാവകാശ നിയമമനുസരിച്ച് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ (വ്യക്തിഗത അവകാശം, സാമൂഹ്യ അവകാശം, വികസന അവകാശം) തീർപ്പാക്കൽ രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാകും.

1996 ൽ കേന്ദ്രസർക്കാർ പാസ്സാക്കിയ ആദിവാസി ഗ്രാമസഭാ നിയമം പെസ്സ (പഞ്ചായത്ത് എക്സ്റ്റൻഷൻ ടു ഷെഡ്യൂൾഡ് ഏരിയാസ് ആക്ട് 1996) കേരളത്തിലും നടപ്പാക്കാൻ സർക്കാർ ഒരുങ്ങുകയാണ്. സെക്രട്ടറിയേറ്റിന് മുമ്പിൽ നടന്നുവന്ന നിൽപ്പുസമരത്തിന്റെ പ്രധാന ആവശ്യങ്ങളിലൊന്നായിരുന്നു ഭരണഘടനയിലെ അഞ്ചാംപട്ടിക പ്രകാരം ആദിവാസികൾ കൂടുതലായി അധിവസിക്കുന്ന പ്രദേശങ്ങളെ രാഷ്ട്രപതി പട്ടികപ്രദേശങ്ങളായി പ്രഖ്യാപിക്കുകയെന്നത്.

നിൽപ്പു സമരവുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെട്ട എല്ലാ ആവശ്യങ്ങളിലും അനുഭാവപൂർവമായ തീരുമാനങ്ങളും നടപടികളുമാണ് സർക്കാർ സ്വീകരിച്ചത്. പല ഘട്ടങ്ങളിലായി ചർച്ചകൾ നടന്നു. ആദ്യഘട്ടത്തിൽ പട്ടികവർഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥരും ഞാനും ഗോത്രമഹാസഭാ നേതാക്കളുമായി ആറ് തവണയും മന്ത്രിസഭാ ഉപസമിതിയുടെ നേതൃത്വത്തിൽ അഞ്ച് തവണയും ആഭ്യന്തര മന്ത്രി, പട്ടികജാതി വികസന വകുപ്പ് മന്ത്രിയുമായി നിരവധി തവണയും ചർച്ചകൾ നടത്തി. ഇതിനിടെ ഉദ്യോഗസ്ഥതലത്തിൽ പലയോഗങ്ങൾ നടന്നു. മുഖ്യമന്ത്രി ആദിവാസി മേഖലയിലെ മുഴുവൻ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതുവരെ നിലപാടുകളിൽ വിട്ടുവീഴ്ച വേണ്ടെന്ന നിലപാട് സ്വീകരിച്ചു. വനാവകാശവുമായും വനനിയമങ്ങളുമായും ബന്ധപ്പെട്ട വിഷയങ്ങൾ സങ്കീർണമായതിനാൽ അവ പരിഹരിക്കുന്നതിനായി വനംവകുപ്പ് മന്ത്രി കാര്യക്ഷമമായ ഇടപെടലുകളാണ് നടത്തിയത്. സർക്കാരിന്റെ ശ്രമങ്ങളിൽ സാംസ്കാരിക നായകരും രാഷ്ട്രീയ നേതാക്കളും മേധാപട്ക്കർ ഉൾപ്പെടെയുള്ള ദേശീയ നേതാക്കളും ഇതിനോടകം പിന്തുണ അറിയിച്ചു.

> പട്ടികവർഗ ജനസാന്ദ്രത ഏറ്റവും കൂടുതലുള്ള പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക്, ഇടുക്കി ജില്ലയിലെ ഇടമലക്കുടി പഞ്ചായത്ത്, ആറളം, നിലമ്പൂർ, വയനാട് എന്നിവിടങ്ങൾ ആദ്യഘട്ടത്തിൽ ആദിവാസി ഗ്രാമസഭാ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു

ആദിവാസി ഗ്രാമസഭാ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി എല്ലാ ആദിവാസി സംഘടനകളുടെയും പ്രതിനിധികളുമായി ചർച്ച നടത്തുകയും മന്ത്രിസഭ ഉപസമിതിയുടെ റിപ്പോർട്ടും പട്ടികവർഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തയാറാക്കിയ റിപ്പോർട്ടും ചർച്ചക്ക് വിധേയമാക്കുകയുംചെയ്തു.

2011 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം കേരളത്തിലെ പട്ടികവർഗ ജനസംഖ്യ 485715 ആണ്. ഇവരിൽ 95 ശതമാനം പേരും വനാന്തരങ്ങളിലും മലമ്പ്രദേശങ്ങളിലുമാണ് താമസിക്കുന്നത്. പട്ടികവർഗ ജനസാന്ദ്രത ഏറ്റവും കൂടുതലുള്ള പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് (42.95 ശതമാനം), ഇടുക്കി ജില്ലയിലെ ഇടമലക്കുടി പഞ്ചായത്ത് (100 ശതമാനം), ആറളം, നിലമ്പൂർ, വയനാട് എന്നിവിടങ്ങൾ ആദ്യഘട്ടത്തിൽ ആദിവാസി ഗ്രാമസഭാ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

ഈ നിയമപ്രകാരം പട്ടികപ്രദേശങ്ങളിലെ ഗ്രാമസഭകൾക്കാണ് ആ പ്രദേശത്തെ പട്ടികവർഗക്കാരുടെ സർവതോന്മുഖമായ വികസനത്തിനായി നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും അംഗീകാരം നൽകുന്നതിനുള്ള അധികാരം.

പട്ടികപ്രദേശങ്ങളിലെ ഗ്രാമസഭകൾ ഓരോ തലത്തിലും സ്വതന്ത്രമായിരിക്കുന്നതിനും പൊതുപഞ്ചായത്തുകളുടെ അധികാര ഇടപെടലുകൾ ഒഴിവാക്കുന്നതിനും






**ആദിവാസി സംഘടനാ നേതാക്കളുമായുള്ള ചർച്ചയ്ക്കു ശേഷം മുഖ്യമന്ത്രി ഉമ്മൻചാണ്ടി യോഗ തീരുമാനങ്ങൾ വിശദീകരിക്കുന്നു**

നിയമം വിഭാവനം ചെയ്യുന്നു. ആറാം പട്ടികപ്രദേശങ്ങളിലേതുപോലെ പൂർണ സ്വയംഭരണാധികാരമുള്ള പഞ്ചായത്തുകളുടെ വിവിധ തലങ്ങളുടെ രൂപീകരണവും പെസ്സ പ്രകാരം ബാധകമാകും.

അട്ടപ്പാടിയിൽ പരമ്പരാഗത കൃഷി തിരിച്ചുകൊണ്ടുവരുന്നതിന് മൂന്ന് കോടി രൂപയുടെ പദ്ധതി നടപ്പാക്കിവരുന്നു. 12 കോടി രൂപയുടെ പിവിറ്റിജി പദ്ധതിയും അനുവദിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ പ്രധാന റോഡായ ആനവായ്- ചുണ്ടക്കി റോഡിന് 1140 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. നിർമാണപ്രവൃത്തി ഉടൻ ആരംഭിക്കും.

ജാതക് ജനനി സോഫ്റ്റ് വെയർ ഉപയോഗിച്ച് അട്ടപ്പാടി മേഖലയിലെ 5874 കുട്ടികളുടെ ഫോട്ടോ, തൂക്കം, ഉയരം ഇവ പരിശോധിച്ച് പോഷണക്കുറവുള്ളവരെ അട്ടപ്പാടിയിലെ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകളിൽ പ്രവേശിപ്പിച്ച് പരിചരണം നൽകിവരുന്നുണ്ട്.

അട്ടപ്പാടിയിൽ ജീവനോപാധി പദ്ധതികൾക്കായി 160 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മിഷൻ 676 പ്രകാരം സമ്പൂർണ ഭവന നിർമാണ പദ്ധതിയിൽ ഉൾപ്പെടുത്തി അട്ടപ്പാടിയിലെ മുഴുവൻ ഭവനരഹിതർക്കും വീട് നൽകും. അട്ടപ്പാടിയിലെ 182 ഊരുകളിൽ ആറുവയസ്സുവരെയുള്ള കുട്ടികൾക്കും കൗമാരപ്രായക്കാർക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രായമായവർക്കുമായി കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിക്കുന്നു. കമ്മ്യൂണിറ്റി കിച്ചൺ ഇല്ലാത്ത മേഖലകളിൽ തൊഴിൽരഹിതരായ ഗൃഹനാഥന്മാരുള്ള വീടുകളിൽ പട്ടികവർഗ വികസന വകുപ്പ് ഫുഡ് സപ്പോർട്ട് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യം വിതരണം ചെയ്യും. വികസന പ്രവർത്തനങ്ങൾക്ക് നോഡൽ ഓഫീസർ ഡോ. സുബ്ബയ്യ മേൽനോട്ടം വഹിക്കുന്നു. അട്ടപ്പാടി പാക്കേജിൽ മുഖ്യമന്ത്രിയും ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരും വകുപ്പ് ഉദ്യോഗസ്ഥരും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാനതലത്തിൽ പട്ടികവർഗക്ഷേമ വകുപ്പ് മന്ത്രി അധ്യക്ഷനായും പ്ലാനിങ് ബോർഡ് വൈസ് ചെയർമാൻ ഉപാധ്യക്ഷനുമായുള്ള സമിതി അവലോകനം നടത്തി ഉദ്യോഗസ്ഥർക്ക് മാർഗനിർദേശം നൽകിവരുന്നുണ്ട്.

അട്ടപ്പാടിയിൽ വേനലാകുന്നതോടെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന മേഖലകളിൽ ശുദ്ധജല വിതരണത്തിന് സംവിധാനമൊരുക്കും. അട്ടപ്പാടിയിൽ മഴക്കുറവും ഉറവകളില്ലാത്തതുമായ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ലോറിയിൽ കുടിവെള്ളമെത്തിച്ചാണ് ഇവിടെ ജലവിതരണം നടത്തുന്നത്. മുൻപ് നടത്തിയിരുന്ന ഈ പ്രവൃത്തിയുടെ കാലാവധി കഴിഞ്ഞമാസം അവസാനിച്ചു. ഇത് തുടരുന്നതിന് നടപടി സ്വീകരിക്കണമെന്ന് പാലക്കാട് ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. വീട്ടിക്കുണ്ട്, തൈലപ്പാടി, കീരിപ്പതി, കുലുക്കൻപാടി, പുളിയപ്പതി, കുന്നംചാള, കൊട്ടമേട്, ദൊഡ്ഡുഗട്ടി, കൊളപ്പടി, മേലെമഞ്ചിക്കണ്ടി, വെല്ലവെട്ടി, മേലെമുള്ളി, താഴെ മുള്ളി, കുപ്പംകോളനി എന്നീ ഊരുകളിലാണ് ജലവിതരണം നടത്തുക. പട്ടികവർഗ വികസന വകുപ്പ് ജില്ലകൾക്ക നുവദിച്ച കോർപ്പസ് ഫണ്ടിൽനിന്ന് ഇതിനുള്ള തുക ചിലവഴിക്കും.

ആദിവാസി മേഖലയിലെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് കഴിഞ്ഞദിവസം മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ആദിവാസി ക്ഷേമസമിതി, ആദിവാസി മഹാസഭ, ആദിവാസി കോൺഗ്രസ്, പട്ടികവർഗ മോർച്ച, ദളിത് ലീഗ് തുടങ്ങിയ സംഘടനകളുടെ സംസ്ഥാന ഭാരവാഹികളുമായി ചർച്ച നടത്തിയിരുന്നു. യോഗത്തിൽ അനുകൂലമായ താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

1. വയനാട്ടിൽ ടി.ആർ.ഡി.എം. അക്കൗണ്ടിൽ ഉള്ള 50 കോടി രൂപ ഉപയോഗിച്ച് അരിവാൾ രോഗികൾ പട്ടികവർഗത്തിലെ അടിയ, പണിയ തുടങ്ങിയ വിഭാഗക്കാർക്ക് മുൻഗണന നൽകി ഭവനരഹിതർക്ക് ഒരേക്കർ വീതം ഭൂമി നൽകുവാൻ വയനാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി.
2. പോലീസ് കൺസ്ട്രക്ഷൻ കോർപറേഷൻ ഏറ്റെടുത്തിട്ടുള്ള കോളനി നിർമാണത്തെക്കുറിച്ചുള്ള പരാതി അന്വേഷിക്കും.
3. വനാവകാശ നിയമം അനുസരിച്ച ലഭിച്ച ഭൂമിയിൽ ആദിവാസികൾക്കു സ്വന്തമായി വീട് നിർമിക്കുന്നതിനായി അവർ നട്ടുവളർത്തിയ മരംമുറിക്കുന്നതിനും നിർമാണത്തിനായി മണ്ണെടുക്കുന്നതിനും പാറപൊട്ടിക്കുന്നതിനും അനുവാദം നൽകാൻ തീരുമാനിച്ചു.
4. സുപ്രീം കോടതി വിധി പ്രകാരം അട്ടപ്പാടിയിൽ നടത്തുന്ന സർവേയിൽ എല്ലാ ആദിവാസി സംഘടനാ പ്രതിനിധികളെയും ഉൾപ്പെടുത്തും.
5. ഭവന നിർമാണത്തിനുള്ള തുക നിലവിലുള്ള 2.50 ലക്ഷം രൂപയിൽനിന്നും വർധിപ്പിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ കൈക്കൊള്ളുന്നതിന് പട്ടികവർഗക്ഷേമ മന്ത്രിയെ ചുമതലപ്പെടുത്തി.
6. ആദിവാസി ഗ്രാമസഭ (പെസ്സ) നിയമം നടപ്പിലാക്കുന്നതിനുമുമ്പ് ഇതുസംബന്ധിച്ച വിശദാംശങ്ങൾ ആദിവാസി സംഘടനകൾക്കു നൽകുവാനും അവരുടെ നിർദേശങ്ങൾകൂടി കണക്കിലെടുത്ത് അന്തിമ തീരുമാനം കൈക്കൊള്ളുവാനും തീരുമാനിച്ചു.
7. അഡ്വൈസ് ലഭിച്ച് നിയമനം ലഭിക്കാത്ത കേസുകൾ ശ്രദ്ധയിൽപ്പെടുത്തിയാൽ പരിഹാര നടപടി കൈക്കൊള്ളുമെന്ന് മുഖ്യമന്ത്രി ഉറപ്പുനൽകി.
8. എൻഐറ്റി, ഐഐറ്റി മുതലായ സ്ഥാപനങ്ങളിൽ നിശ്ചിത കോഴ്സ് പൂർത്തിയാക്കുന്നതിനു കാലതാമസം വരുത്തുന്ന വിദ്യാർഥികൾക്ക് വേണ്ട സാമ്പത്തിക ആനുകൂല്യം നൽകും.
9. അരിവാൾ രോഗത്തെ സംബന്ധിച്ച ഗവേഷണം വയനാട് ആരംഭിക്കും.

■ സി. രാജേഷ്

# ഇച്ഛാശക്തിയുള്ള ചുവടുവയ്പുകൾ

ജനങ്ങളോട് പ്രതിബദ്ധതയുള്ള ഒരു സർക്കാരിന്റെ ഇച്ഛാശക്തി വെളിപ്പെടുത്തുന്ന പല നയങ്ങളും ഉമ്മൻ ചാണ്ടി സർക്കാർ ഇതിനകം തന്നെ നടപ്പിൽ വരുത്തിക്കഴിഞ്ഞു. ആദിവാസി ക്ഷേമത്തിലും മദ്യ നയത്തിലും റബർ കർഷകർ നേരിടുന്ന പ്രതിസന്ധിയിലും കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ വിതരണകാര്യത്തിലും ഐടി നയങ്ങളിലും ഉൾക്കാഴ്ചയോടെയുള്ള സമീപനമാണ് സർക്കാർ കൈക്കൊണ്ടത്. ജനസ്പന്ദനം അറിയുന്ന, ജനകീയമായ ഒരു സർക്കാരിനു മാത്രമെ ഇത്രയും ക്രിയാത്മകമായ ചുവടുവയ്പുകൾ ചടുലമായി പ്രയോഗത്തിൽ വരുത്താൻ സാധിക്കുകയുള്ളൂ.

## ആദിവാസി ക്ഷേമം

കേരളത്തിലെ ആദിവാസികൾ നമ്മുടെ സംസ്കൃതിയുടെ ജീവനാഡികളാണ്. യു.ഡി.എഫ്. സർക്കാരിന്റെ ആദിവാസികളോടുള്ള പ്രതിബദ്ധതയിൽ വിട്ടുവീഴ്ചയില്ലെന്ന് പ്രഖ്യാപിക്കുന്നതാണ് 2014 ഡിസംബർ 17 ന് ചേർന്ന മന്ത്രിസഭായോഗ തീരുമാനങ്ങൾ. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും പട്ടികവർഗക്ഷേമ മന്ത്രി പി.കെ. ജയലക്ഷ്മിയും കൈക്കൊണ്ട നടപടികൾ ആദിവാസി ജനവിഭാഗത്തിന്റെ ആദരവ് ഏറ്റുവാങ്ങി. ഇതിൽ പ്രധാനപ്പെട്ടതാണ് ആദിവാസി ഗ്രാമസഭാ നിയമം. പെസ്സ നിയമപ്രകാരം പട്ടികപ്രദേശങ്ങളിലെ ഗ്രാമസഭകൾക്കാണ് ആ പ്രദേശത്തെ പട്ടികവർഗക്കാരുടെ സർവതോന്മുഖമായ വികസനത്തിനായി നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും അംഗീകാരം നൽകുന്നതിനുള്ള അധികാരം. ഈ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി വിവിധ ആദിവാസി സംഘടനകളുമായി ചർച്ച നടത്തി.

ഈ നിയമം പ്രദേശങ്ങളിലെ ഗ്രാമസഭകൾക്ക് ഓരോ തലത്തിലും സ്വതന്ത്രമായ ഇടപെടലുകൾക്ക് നിയമസാധുത നൽകുന്നു. പൂർണ സ്വയംഭരണാധികാരമുള്ള പഞ്ചായത്തുകളുടെ വിവിധ തലങ്ങളുടെ രൂപീകരണവും പെസ നിയമപ്രകാരം ബാധകമാക്കും. പട്ടികവർഗ ജനസാന്ദ്രത ഏറ്റവും കൂടുതലുള്ള പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക്, ഇടുക്കി ജില്ലയിലെ ഇടമലക്കുടി പഞ്ചായത്ത്, ആറളം, നിലമ്പൂർ, വയനാട് എന്നിവിടങ്ങളാണ് ആദിവാസി ഗ്രാമസഭാ നിയമത്തിന്റെ പരിധിയിൽ ആദ്യം വരിക.

വേടർ സമുദായത്തിനുവേണ്ടിയുള്ള പ്രത്യേക പാക്കേജ്, അരിവാൾ രോഗബാധിതരായ ആദിവാസികൾക്ക് ആയിരം രൂപ പെൻഷനോടൊപ്പം ഒരേക്കർ ഭൂമിയും വീടും, മുത്തങ്ങ സമരത്തോടനുബന്ധിച്ച് കുടിയിറക്കപ്പെട്ട ആദിവാസികളുടെ പുനരധിവാസം, ആറളം ഫാമിലെ പ്രശ്നങ്ങൾക്ക് പരിഹാരം എന്നിവ മന്ത്രിസഭായോഗം പ്രഖ്യാപിച്ച ക്ഷേമ പദ്ധതികളിൽ പ്രാധാന്യമർഹിക്കുന്നു. അർഹരായ ആദിവാസികൾക്ക് ഭൂവിതരണം, ആദിവാസി പുനരധിവാസവികസന കമ്മിഷൻ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാൻ പ്രത്യേകം ഉദ്യോഗസ്ഥനെ നിയമിക്കൽ പരമ്പരാഗത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുക എന്നിവയും സർക്കാരിന്റെ നയത്തിലുൾപ്പെടുന്നു.

## അട്ടപ്പാടിക്ക് പുതുജീവൻ

മൂന്നു കോടി രൂപയുടെ പരിപാടികളാണ് പരമ്പരാഗത കൃഷിയുടെ തിരിച്ചുവരവിനുവേണ്ടി ആദ്യഘട്ടത്തിൽ അട്ടപ്പാടിയിൽ സർക്കാർ നടപ്പാക്കുന്നത്. 12 കോടി രൂപയുടെ പി.വി.ടി.ജി. പദ്ധതി, 11.40 കോടി രൂപയുടെ ആനവായ്-ചുണ്ടക്കി റോഡ് നിർമാണ പദ്ധതി എന്നിവ അട്ടപ്പാടിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ബൃഹദ് പദ്ധതികളിൽ ചിലതുമാത്രമാണ്. പോഷകക്കുറവ് പരിഹരിക്കാൻ വേണ്ടി മേഖലയിലെ 5874 കുട്ടികളിൽ നിന്നും പോഷണക്കുറവുള്ളവരെ അട്ടപ്പാടിയിലെ ന്യൂട്രിഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകളിൽ പ്രവേശിപ്പിച്ച് പരിചരണം നൽകിവരുന്നു.

160 ലക്ഷം രൂപ ജീവനോപാധി പദ്ധതികൾക്കായി അനുവദിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ എല്ലാ ഭവനരഹിതർക്കും വീട് നിർമിച്ചുനല്കും (മിഷൻ 676 പ്രകാരം). ആറ് വയസ്സുവരെയുള്ള കുട്ടികൾക്കും കൗമാരപ്രായക്കാർക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രായമായവർക്കുമായി ഇവിടെ കമ്യൂണിറ്റി കിച്ചൺ പ്രവർത്തിക്കുന്നു. ഈ സൗകര്യമില്ലാത്ത മേഖലകളിൽ പട്ടികവർഗ വികസന വകുപ്പ് ഫുഡ് സപ്പോർട്ട് പ്രോഗ്രാമിലുൾപ്പെടുത്തി ഭക്ഷ്യധാന്യം വിതരണം ചെയ്യും.

## നിൽപ്പ് സമരത്തിന് പരിഹാരം

ആദിവാസിവിഭാഗക്കാർ സെക്രട്ടറിയേറ്റിനു മുന്നിൽ ദിവസങ്ങളോളം നടത്തിയ നിൽപ്പുസമരത്തിന് പരിഹാരമുണ്ടാക്കി. അവശ ജനവിഭാഗങ്ങളോട് യു.ഡി.എഫ്. സർക്കാരിന്റെ സമീപനം എത്രത്തോളം വിശാലവും മൃദുവുമാണെന്ന് സൂചിപ്പിക്കുന്നതാണ് നിൽപ്പുസമരത്തോട് സർക്കാർ കൈക്കൊണ്ട നടപടി. അനുഭാവ പൂർവമായ തീരു



മാനങ്ങളും നടപടികളും സമരവുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളിലും സർക്കാർ കൈക്കൊണ്ടു. വിവിധ തലങ്ങളിൽ ചർച്ചകൾ നടന്നു. ജനകീയ സമരങ്ങളോട് ഒരു ജനാധിപത്യ സർക്കാർ സ്വീരിക്കേണ്ട മാതൃകാപരമായ സമീപനമാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചതെന്ന് പ്രമുഖ സാമൂഹിക പ്രവർത്തക മേധാപട്കർ അഭിപ്രായപ്പെട്ടു. ഭരണഘടനയുടെ അഞ്ചാം പട്ടിക പ്രകാരം ആദിവാസികൾ കൂടുതലായി അധിവസിക്കുന്ന പ്രദേശങ്ങളെ രാഷ്ട്രപതി പട്ടിക പ്രദേശമായി പ്രഖ്യാപിക്കുകയെന്നത് ആദിവാസികളുടെ പ്രധാന ആവശ്യങ്ങളിലൊന്നായിരുന്നു.

## മദ്യനയം

മദ്യനയത്തിന്റെ അടിസ്ഥാന സ്വഭാവത്തിൽ യാതൊരു വ്യത്യാസവും വരുത്താതെ പ്രായോഗികതയും ആദർശവും സമഞ്ജസമായി സമ്മേളിപ്പിച്ച നിലപാടാണ് സർക്കാർ കൈക്കൊണ്ടത്.

ഞായറാഴ്ച ഡ്രൈഡേ ഒഴിവാക്കുന്നു. ആറു ദിവസത്തെ മുഴുവൻ സമയവും (ബാർ തുറക്കുന്ന മണിക്കൂറുകൾ) ഏഴാക്കി ഭാഗിച്ച് ഞായറാഴ്ചയും ബാർ തുറക്കുക. ആകെ സമയം അല്പം പോലും കൂടുകയില്ല. റൗണ്ട് ചെയ്യുമ്പോൾ സമയം കുറയുന്നതാണ്. നിലവിൽ 15 മണിക്കൂർ വെച്ച് ആസമാക്കുമ്പോൾ 12.51 മണിക്കൂറായിരിക്കും. ഇനിമുതൽ ബാറുകളുടെ പ്രവർത്തന സമയം 12.30 മണിക്കൂറായി നിജപ്പെടുത്തുന്നതാണ്. ഈ തീരുമാനങ്ങൾ മാറ്റത്തിനുള്ള തുടക്കമായി.

ഓരോ ബാറിലുമുണ്ടായിരുന്ന തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കണമെന്ന വ്യവസ്ഥയിൽ പൂട്ടിയ ബാറുകൾക്ക് ബിയർ, വൈൻ പാർലറുകൾ അനുവദിക്കും. നേരത്തെ ബാർ അനുമതി ഉണ്ടായിരുന്നതുകൊണ്ട് ലൈസൻസുകൾ പഴയതിന്റെ തുടർച്ചയായി കണക്കിലെടുത്ത് തുടർ നടപടികൾ സ്വീകരിക്കും. 31.03.2014 ൽ പ്രവർത്തിച്ചിരുന്ന വൃത്തിയും വെടിപ്പുമുള്ള ബാർ ഹോട്ടലുകൾക്കു മാത്രമേ ഇതിനർഹതയുള്ളു.

ത്രീ സ്റ്റാർ, ഫോർ സ്റ്റാർ ഹോട്ടലുകളിൽ ബാറുകൾക്ക് അനുമതി നൽകില്ലായെന്ന യു.ഡി.എഫ് തീരുമാനം നിലനിൽക്കും. ഫൈവ് സ്റ്റാറിനും അതിന് മുകളിലുള്ള സ്റ്റാർ ഹോട്ടലുകൾക്കും ബാർ ലൈസൻസ് നൽകുവാനുള്ള തീരുമാനം തുടരുന്നതാണ്.

മദ്യനയത്തിലെ പുതിയ മാറ്റങ്ങളുടെ അനന്തരഫലങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടത്താൻ വിദഗ്ധ സമിതിയെ നിയോഗിക്കുന്നതാണ്.

## റബർ നയം

10 ലക്ഷത്തിലധികം വരുന്ന റബർ കർഷകർക്ക് ശുഭോദാർക്കമായ തീരുമാനമാണ് സർക്കാർ കൈക്കൊണ്ടത്. റബർ വിലയിടിവുമൂലം കർഷകരും തൊഴിലാളികളും നേരിടുന്ന രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി ഒരുവശത്ത്. റബർ കൃഷിയിൽ നിന്നും കർഷകർ മറ്റു കൃഷികളിലേക്ക് പിന്തിരിയാനുള്ള സാധ്യതയും അതുമൂലം ഭാവിയിൽ വ്യവസായികൾക്കുണ്ടാകുന്ന പ്രതിസന്ധിയും മറുവശത്ത്. ഈ രണ്ടു പ്രശ്നങ്ങളെയും മുൻനിർത്തിയുള്ള സർക്കാർ നിർദേശങ്ങൾ ടയർ കമ്പനികൾ അംഗീകരിച്ചതോടെ പ്രതിസന്ധിക്ക് വിരാമമായി. 12 ടയർ കമ്പനികളുടെ മേധാവികളുമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചയിൽ ശുഭകരമായ തീരുമാനങ്ങൾ ഉരുത്തിരിഞ്ഞു. രാജ്യാന്തര വിലയുടെ 25 ശതമാനം അധികം നൽകി റബർ വാങ്ങാൻ ടയർ കമ്പനികൾ സന്നദ്ധമായി.

അന്താരാഷ്ട്ര വിലയെ അടിസ്ഥാനമാക്കി റബർ ബോർഡ് എല്ലാദിവസവും റബറിന്റെ വില പ്രഖ്യാപിക്കും. ഈ വിലയോടൊപ്പം 20 ശതമാനം കസ്റ്റംസ് ഡ്യൂട്ടിയും അഞ്ച് ശതമാനം പർച്ചേസ് ടാക്സും ചേർത്ത് നിർമാണ യൂണിറ്റുകളോ ഏജന്റുകളോ ഡീലർമാരിൽ നിന്ന് റബർ വാങ്ങും. പർച്ചേസ് ടാക്സിന്റെ പകുതി സർക്കാർ നിർമാതാക്കൾക്ക് മടക്കി നൽകും. ശേഷിക്കുന്ന പകുതി വാറ്റിന്റെ റീഫണ്ട് ക്ലെയിമായി കണക്കാക്കും. കർഷകർ ഏറ്റവുമധികം ഉത്പാദിപ്പിക്കുന്ന ആർ.എസ്.എസ്. നാല് ഗ്രേഡ് റബറിനാണ് ഇത് ബാധകമാകുക. നോട്ടിഫൈ ചെയ്യുന്ന തീയതിയായ 19.12.2014 മുതൽ 31.03.2015



**റബർ വിലയിടിവ് സംബന്ധിച്ച് റബർകമ്പനി മാനേജ്മെന്റുകളുമായി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ അധ്യക്ഷതയിൽ നിയമസഭാ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗം.**

വരെ പദ്ധതി പ്രാബല്യത്തിലുണ്ടാകും. ചീഫ് സെക്രട്ടറിയും റബർബോർഡ് ചെയർമാനും പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കും.

## കെ.എസ്.ആർ.ടി.സി. പാക്കേജ്

സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നായ കെ.എസ്.ആർ.ടി.സിയെ പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കുവാൻ സമഗ്രമായ പാക്കേജിന് രൂപം നൽകി. കെ.എസ്.ആർ.ടി.സിയുടെ പുനരുദ്ധാരണം, പെൻഷൻ കുടിശിക, പെൻഷൻ ഫണ്ട്, പുതിയ ബസ്സുകൾ ഇറക്കുക തുടങ്ങി 13 സുപ്രധാന തീരുമാനങ്ങളാണ് സർക്കാർ എടുത്തിട്ടുള്ളത്.

1. മൂന്നു മാസത്തെ പെൻഷൻ കുടിശികയിൽ പ്രതിമാസം 15000 രൂപ വരെ തത്കാലം എല്ലാവർക്കും നൽകും. ആദ്യഗഡു ഡിസംബർ 24 നും ബാക്കി രണ്ട് ഗഡുക്കൾ 15000 രൂപവരെ 2015 ഫെബ്രുവരി 15 നകവും നൽകുന്നതാണ്. ഈ മാസങ്ങളിലെ 15000 മേലുള്ള പെൻഷൻ തുക യഥാക്രമം ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നൽകും.
2. ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പെൻഷൻ അതത് മാസങ്ങളിൽ 15000 രൂപവരെ ക്ലിപ്തപ്പെടുത്തി നൽകുന്നതാണ്. പ്രസ്തുത മാസങ്ങളിലെ ബാക്കി തുക ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ നൽകുന്നതാണ്.
3. ഏപ്രിൽ ഒന്നു മുതൽ പെൻഷൻ നൽകുന്നതിന് പെൻഷൻ ഫണ്ട് രൂപീകരിക്കും. ഇതിനായി ഓരോ മാസവും 20 കോടി രൂപ വീതം കെ.എസ്.ആർ.ടി.സി ട്രഷറിയിൽ നിക്ഷേപിക്കും. സമാനമായ തുക ഗവൺമെന്റും നൽകും. ഇത് ഓരു വർഷം പരമാവധി 240 കോടി രൂപ ആയിരിക്കും.
4. കെ.എസ്.ആർ.ടി.സിയുടെ നിലവിലുള്ള ഗവൺമെന്റ് ലോൺ ഇക്വിറ്റിയാക്കി മാറ്റും.
5. കെ.എസ്.ആർ.ടി.സിയുടെ ബാധ്യത തീർക്കുന്നതിന് 200 കോടിയുടെ അധിക വായ്പയ്ക്ക് ഗവൺമെന്റ് ഗ്യാരന്റി നൽകും.
6. വരുമാനം വർധിപ്പിക്കുന്നതിന് താഴെ പ്പറയുന്ന നടപടികൾ സ്വീകരിക്കും.

   കെ.ടി.ഡി.സിയിൽ നിന്നും എടുത്ത വായ്പ ദീർഘകാല ബാങ്ക് ലോണായി മാറ്റും.

   സമയബന്ധിതമായി പുതിയ ബസുകൾ നിരത്തിലിറക്കും. ഇതുവഴി പ്രതിദിനം 50 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെ കളക്ഷൻ വർധിപ്പിക്കും.

   നഷ്ടത്തിലോടുന്ന ഷെഡ്യൂളുകൾ വഴി പ്രതിദിനം ഒരു കോടി 17 ലക്ഷം രൂപയാണ് ബാധ്യത. മാസം ഏകദേശം 35 കോടി രൂപ ഈ ഇനത്തിൽ നഷ്ടമുണ്ടാകുന്നു. ഈ സാഹചര്യത്തിൽ നഷ്ടത്തിലോടുന്ന 25 ശതമാനം ഷെഡ്യൂളുകൾ നിർത്തുകയും പുനഃക്രമീകരിക്കുകയും ചെയ്യും.
7. ശമ്പളം കൃത്യമായി നൽകും
8. മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരാനായി മധ്യതലത്തിൽ മാനേജ്മെന്റിലേക്ക് 40 ശതമാനം പേരെ നേരിട്ട് റിക്രൂട്ട് ചെയ്യും.
9. കെ.എസ്.ആർ.ടി.സിയുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നത് സംബന്ധിച്ച് ആവശ്യമായ പഠനം നടത്തി മൂന്ന് മാസത്തിനകം റിപ്പോർട്ട് നൽകാൻ ഒരു വിദഗ്ധനെ നിയോഗിക്കും.
10. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്ത ശേഷം പുനരുദ്ധാരണ പാക്കേജ് നടപ്പാക്കും.
11. ഇതുവരെ പ്രഖ്യാപിച്ചതിൽ ഉപരിയായി ഇനി മുതൽ കൂടുതൽ കൺസഷനുകൾ അനുവദിക്കുന്നതല്ല.
12. പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച തീരുമാനം മാറ്റിവെച്ചു.
13. പ്ലാൻ ഫണ്ട്, ആസ്തി വികസനത്തിനുള്ള ലോൺ എന്നിവ അടുത്ത സാമ്പത്തിക വർഷം മുതൽ വകമാറ്റി ചെലവഴിക്കാൻ അനുവദിക്കുന്നതല്ല.

## ഐടി നയം

ടൂറിസം രംഗത്ത് കേരളം എങ്ങനെ വളർന്നോ അങ്ങനെയൊരു വളർച്ചയിലേക്കാണ് ഐടി മേഖല കുതിക്കുന്നത്. കേരളത്തിന്റെ ഐടി കയറ്റുമതി 2010-11 ൽ 2520 കോടി ആയിരുന്നത് 2013-14 ൽ ഏഴായിരും കോടിയായി. രാജ്യത്തെ ആദ്യത്തെ ഐടി പാർക്കായ ടെക്നോ പാർക്കിന് തുടക്കം കുറിച്ച് കേരളം മാതൃകകാട്ടി. ഐടി മേഖലയിൽ അടിസ്ഥാനസൗകര്യമൊരുക്കാൻ സർക്കാരിനൊപ്പം സ്വകാര്യ മേഖലയിലെ വൻ സംരംഭകരും ഇപ്പോൾ രംഗത്തുണ്ട്. സ്മാർട് സിറ്റിയുടെ ആദ്യഘട്ടം അടുത്ത മേയിൽ പ്രവർത്തനമാരംഭിക്കും. അപ്പോൾ ആറായിരം പേർക്കും മൊത്തം പദ്ധതി പൂർത്തിയാകുമ്പോൾ 90000 പേർക്കും ജോലി ലഭിക്കും. ■



■ ടി.എസ്. ചന്ദ്രൻ

# സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ
## വനിതകൾക്ക് അവസരങ്ങൾ



'ചിന്താവിഷ്ടയായ ശ്യാമള'യിൽ രണ്ട് കുട്ടികളെയും ഭാര്യയെയും ദാരിദ്ര്യത്തിന് വിട്ടുകൊടുത്തുകൊണ്ട് വിജയേട്ടൻ നാടുവിട്ടുപോകുമ്പോൾ ആ കുടുംബം അനുഭവിച്ച വിഷമതകൾ കേരളം മറന്നുകാണില്ല. ഒരു തയ്യൽ മെഷീനിൽ നിന്നുമാണ് പിന്നീട് ആ കുടുംബം കരപറ്റുന്നത്. ഇതേരീതിയിൽ സംരംഭങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന എത്രയോ വീട്ടമ്മമാരുണ്ട്. നിരവധിപേർക്ക് തൊഴിൽ നൽകുന്നവർ, ലക്ഷങ്ങൾ സമ്പാദിക്കുന്നവർ!

ഉപഭോക്തൃ ഉത്പന്നങ്ങളുടെ വിപണന രംഗത്ത് വൻ സാധ്യതയുള്ള സംസ്ഥാനമാണ് കേരളം. മൂന്നേകാൽ കോടി ജനങ്ങൾ സംരംഭകരുടെ മൂലധനമാണ്. സ്വന്തമായി ഒരു തൊഴിലും വരുമാനവും കുടുംബ ഭദ്രതക്കും സ്ത്രീകളുടെ യശസ്സ് ഉയർത്തുന്നതിനും ഒഴിച്ചുകൂടാനാകാത്തതാണ്. ഈ ചിന്താഗതിക്ക് ഇന്ന് പ്രാധാന്യം കൂടിയിട്ടുണ്ട്. സ്വന്തമായി ഒരു തൊഴിൽ എന്നതിലുപരിയായി വെല്ലുവിളി ഉയർത്തുന്ന തൊഴിലെടുക്കുവാൻ സൂക്ഷ്മ-ചെറുകിട വ്യവസായ മേഖല അവസരം നൽകുന്നു. എത്രത്തോളം വരുമാനമുണ്ടാക്കണമെന്ന് അവർക്ക് നിശചയിക്കാം. ഈ രംഗത്ത് വൻ മുന്നേറ്റമാണ് സ്ത്രീകൾ ഉൾപ്പെടെയുള്ള പുതുസംരംഭകർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ആരംഭിക്കുന്ന പുതുസംരംഭങ്ങളിൽ 40 ശതമാനം സ്ത്രീ സംരംഭകരുടെ ഉടമസ്ഥതയിലാണ് എന്നത് ശ്രദ്ധേയമാണ്. ഉത്പാദനവും സേവനവും വ്യാപാരവും വനിത

കൾക്ക് ഇണങ്ങുമെന്ന് തെളിയിക്കുന്ന നിരവധി സംരംഭകർ നമുക്കുചുറ്റമുണ്ട്.

ഇൻവെസ്റ്റ്മെന്റ് റിസ്ക്കാണ് പലപ്പോഴും തൊഴിൽ അന്വേഷകരെ വ്യവസായ സംരംഭങ്ങളിൽ നിന്നും പുറകോട്ടടിക്കുന്നത്. തീരെ റിസ്ക് ഇല്ലാതെയും സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിയും. നാമമാത്രമായ തുകയുടെ നിക്ഷേപം കൊണ്ട് ഇന്ന് സംസ്ഥാനത്ത് നിരവധി സംരംഭങ്ങൾ വിജയകരമായി നടത്തിക്കൊണ്ടിരിക്കുന്നു. സ്ഥിരമായ തൊഴിൽ എന്ന നിലയിലും കുറഞ്ഞ വരുമാനക്കാർക്ക് പാർട്ട് ടൈം സംരംഭം എന്ന നിലയിലും ധാരാളം പേർ സൂക്ഷ്മ സംരംഭമേഖലയിലേക്ക് കടന്നുവരുന്നുണ്ട്. കുറഞ്ഞ നിക്ഷേപംകൊണ്ട് കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ കഴിയും എന്നതാണ് ചെറുകിട വ്യവസായമേഖലയുടെ പ്രത്യേകത. നിയമത്തിന്റെ നൂലാമാലകൾ കുറയുകയും ചെയ്യും. ചിത്രപ്പണിയും തുന്നലും ഹോബിയായി കണ്ടിരുന്നവർ പിന്നീട് സ്ഥിരം വരുമാനം നേടാവുന്ന ഒരു സംരംഭമായി വളർത്തിയെടുത്ത കാഴ്ചയും കാണാനാകും. ജനങ്ങൾക്കാവശ്യമുള്ള ഏത് കരവിരുതും തൊഴിൽ സംരംഭമായി വളർത്തിയെടുക്കാം. വൻതോതിലുള്ള നിക്ഷേപങ്ങൾ ഇല്ലാതെതന്നെ തൊഴിൽ സംരംഭമേഖലയിലേക്ക് പ്രവേശിക്കാനാകും. ഫാക്ടറിയോ, ബ്രാന്റ് നെയിമോ, വലിയതോതിലുള്ള പരസ്യങ്ങളോ ഒന്നും ആവശ്യമില്ല. വീടുതന്നെയായിരിക്കും ഫാക്ടറി. ചിലപ്പോൾ അടുക്കള മാത്രവും! കാർഷികാധിഷ്ഠിത സംരംഭങ്ങൾ, വൈവിധ്യമാർന്ന ഭക്ഷ്യ ഉത്പന്നങ്ങൾ, ഗാർമന്റ് സ്ഥാപനങ്ങൾ, പേപ്പർ അധിഷ്ഠിത ഉത്പന്നങ്ങൾ, എണ്ണിയാൽ തീരാത്ത ബേക്കറി ഉത്പന്നങ്ങൾ, വറപൊരികൾ, അച്ചാർ, സ്ക്വാഷ്, ജാം, സോഡ, ലഘുപാനീയങ്ങൾ, മിഠായികൾ, കപ്പലണ്ടി/എള്ള് ഉത്പന്നങ്ങൾ, ഭക്ഷ്യ എണ്ണകൾ, ആയുർവേദ ഉത്പന്നങ്ങൾ, കരകൗശല സാധനങ്ങൾ, ബ്യൂട്ടി പാർലറുകൾ, കാറ്ററിങ് സർവീസുകൾ, പേപ്പർ പ്ലേറ്റുകൾ, കപ്പുകൾ, പ്രിന്റിങ് മേഖലകൾ, പ്ലാസ്റ്റിക് കണ്ടെയ്നറുകൾ, പ്ലാസ്റ്റിക് റീപ്രോസസ്സിങ്, കർട്ടൺ വർക്കുകൾ, കാർട്ടൺ ബോക്സുകൾ, വർക്ക് ചെയ്ത സാരികൾ, ബെഡ്ഷീറ്റുകൾ അങ്ങനെ പോകുന്നു ഭവനങ്ങളിൽ ആരംഭിക്കാവുന്ന ലഘുസംരംഭങ്ങളുടെ പട്ടിക.

കൊണ്ടാട്ടങ്ങൾ, ഉണ്ണിയപ്പം, നെയ്യപ്പം, പരിപ്പുവട, പപ്പടവട, ഉഴുന്നുവട, വെജിറ്റബിൾ ബോണ്ട, കട്‌ലറ്റ്, പഫ്സ് തുടങ്ങി പ്രാദേശിക രുചിഭേദങ്ങൾക്കനുസരിച്ചുള്ള പലഹാരങ്ങളും കറികളും കറിക്കൂട്ടുകളും ഇന്ന് ലക്ഷങ്ങൾ വിറ്റുവരവുള്ള കുടിൽ വ്യവസായങ്ങളാണ്. 100 ഗ്രാം നല്ല കുരുമുളക് പൊടി വാങ്ങാൻ 110 രൂപവരെ കൊടുക്കണം. 60 രൂപ നിരക്കിൽ ഉണങ്ങിയ കുരുമുളക് നാട്ടിൽ ലഭിക്കും. അതിന്റെ ലാഭം എത്രയാണ്. ഒരു ലക്ഷം രൂപ മുടക്കിയാൽ ഇത്തരത്തിൽ ഒരു സ്ഥാപനം ആരംഭിക്കാൻ കഴിയും. വലുതാകണമെന്നുള്ള ഉൾക്കാഴ്ചയോടെ വളരെ ചെറിയ നിക്ഷേപത്തിൽ സംരംഭങ്ങൾ ആരംഭിച്ചാൽ മതി.



## നിരവധി സർക്കാർ പ്രോത്സാഹന പദ്ധതികളും

എം.എസ്.എം.ഇ. സെക്ടറുകൾക്കു വലിയ പ്രാധാന്യമാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകിവരുന്നത്. വനിതകൾക്ക് ആശങ്കയില്ലാതെ സംരംഭമേഖലയിലേക്ക് കടന്നുവരാൻ കഴിയുന്ന ധാരാളം സർക്കാർ സഹായപദ്ധതികൾ നിലവിലുണ്ട്. സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് 10 ലക്ഷം രൂപവരെ യാതൊരു ജാമ്യവുമില്ലാതെ വായ്പ നൽകുന്നതിന് വ്യവസ്ഥയുണ്ട്. തുടങ്ങുന്ന സ്ഥാപനം മാത്രമാണ് ഇവിടെ ജാമ്യം. എല്ലാ വാണിജ്യ ബാങ്കുകൾക്കും ഇതു സംബന്ധിച്ച് റിസർവ് ബാങ്ക് നിർദേശം നൽകിയിട്ടുണ്ട്. 10 ലക്ഷം രൂപവരെയുള്ള വായ്പകൾ ജാമ്യം ഇല്ലാതെ മാത്രമേ നൽകാവൂ എന്നാണ് നിർദേശം. നല്ല ട്രാക്ക് റെക്കോർഡുള്ള സ്ഥാപനങ്ങൾക്ക് ഇത് 25 ലക്ഷം രൂപവരെയാണ്. ഒരു കോടി രൂപവരെയുള്ള പദ്ധതികൾ ക്രെഡിറ്റ് ഗ്യാരന്റി പദ്ധതി പ്രകാരവും മറ്റ് ജാമ്യങ്ങൾ ഇല്ലാതെ വായ്പ അനുവദിക്കണം. ബാങ്ക് വായ്പയോടൊപ്പം സർക്കാർ സബ്സിഡി നൽകുന്ന നിരവധി പദ്ധതികളും നിലവിലുണ്ട്. വ്യവസായ വാണിജ്യ വകുപ്പ്, തൊഴിൽ വകുപ്പ്, ഖാദി ബോർഡ്/കമ്മിഷൻ, ഫിഷറീസ് വകുപ്പ്, കൃഷിവകുപ്പ് എന്നിവയിൽ നിന്നും സബ്സിഡി ആനുകൂല്യങ്ങൾ ലഭിക്കും. സംസ്ഥാന സംരംഭ വികസന മിഷൻ പ്രകാരം പലിശയില്ലാതെ 20 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. കേരളത്തിലെ ധനകാര്യവകുപ്പ് കേരള ഫിനാൻഷ്യൽ കോർപറേഷൻ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കെ.എഫ്.സിയുടെ വെബ് സൈറ്റ് വഴി ഇതിനായി രജിസ്റ്റർ ചെയ്യാം.





ജില്ലാ വ്യവസായകേന്ദ്രം, ഖാദി ബോർഡ്/കമ്മിഷൻ എന്നിവ വഴി നടപ്പാക്കുന്ന പ്രധാന മന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരം 15 ശതമാനം മുതൽ 35 ശതമാനം വരെ സർക്കാർ ഗ്രാന്റ് ലഭ്യമാണ്. പി.എം.ഇ.ജി.പി. പ്രകാരം വനിതാ സംരംഭകരെ പ്രത്യേക വിഭാഗ ത്തിലുൾപ്പെടുത്തി ഉയർന്ന പരിഗണനയും ഗ്രാന്റും നൽകിവരുന്നു. 25 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് ഇതുപ്രകാരം വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. സേവന സ്ഥാപനങ്ങൾക്ക് 10 ലക്ഷം രൂപ വരെയേ വായ്പ ലഭിക്കൂ. മൊത്തം പദ്ധതി ചെലവ് കണക്കിലെടുത്താണ് ഗ്രാന്റ് നൽകുന്നത്. സൂക്ഷ്മ സംരംഭങ്ങൾ അനുവദിക്കാൻ എംപ്ലോയ്മെന്റ് വകുപ്പ് വഴി മൂന്ന് വായ്പാ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. കെ.ഇ.എസ്.ആർ.യു എന്നതാണ് ഒന്നാമത്തെ പദ്ധതി. ഒരു ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് വായ്പയും 20 ശതമാനം സർക്കാർ ഗ്രാന്റും നൽകുന്ന പദ്ധതിയാണിത്. മൾട്ടി പർപ്പസ് ജോബ് ക്ലബ്ബാണ് രണ്ടാമത്തെ പദ്ധതി. അഞ്ചു പേർ വരെ ചേർന്നുള്ള കൂട്ട് സംരംഭങ്ങൾക്കാണ് ഇതുപ്രകാരം വായ്പ. കുറഞ്ഞത് രണ്ടു പേർ ചേർന്ന് ഈ പദ്ധതിപ്രകാരം വായ്പയ്ക്ക് അപേക്ഷിക്കാം. 10 ലക്ഷം രൂപയാണ് പരമാവധി വായ്പ. 20 ശമാനം സർക്കാർ സബ്സിഡിയും ലഭിക്കും (പരമാവധി രണ്ട് ലക്ഷം രൂപവരെ). 'ശരണ്യ'യാണ് മൂന്നാമത്തെ പദ്ധതി. ഇത് സ്ത്രീകൾക്കായി മാത്രം നടപ്പാക്കിവരുന്ന സാമൂഹിക സുരക്ഷാപദ്ധതികൂടിയാണ്. വിധവകൾ, വിവാഹമോചനം നേടിയ വനിതകൾ, ഭർത്താവിനെ കാണാതെ പോയ സ്ത്രീ, അവിവാഹിതരായ അമ്മമാർ (എസ്.സി./എസ്.ടി.) എന്നിവർക്കാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുക. ഒരു ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷികവരുമാനമുള്ളവർക്ക് വിദ്യാഭ്യാസയോഗ്യത ബാധകമല്ലാതെ ഇത് പ്രകാരമുള്ള വായ്പയും സബ്സിഡിയും ലഭിക്കും. 30 വയസ്സ് പൂർത്തിയായിട്ടും അവിവാഹിതരായി കഴിയുന്ന സ്ത്രീകൾക്കും ഈ പദ്ധതി പ്രയോജനപ്പെടുത്താം. 50,000 രൂപ വരെയുള്ള സംരംഭങ്ങൾ ആരംഭിക്കാം. 50 ശതമാനം, പരമാവധി 25,000 രൂപവരെ സബ്സിഡിയും ഇതു പ്രകാരം ലഭിക്കും. ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി ഇതിനായി അപേക്ഷ സമർപ്പിക്കാം. ഖാദി ബോർഡ് 'എന്റെ ഗ്രാമം' എന്ന പേരിൽ ഒരു സ്വയം തൊഴിൽ വായ്പാ പദ്ധതിയും നടപ്പാക്കുന്നുണ്ട്. ഇതുപ്രകാരം അഞ്ചു ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് വായ്പ ലഭിക്കും. 30 ശതമാനം വരെ സർക്കാർ സബ്സിഡിയും ലഭ്യമാണ്.

## സംരംഭകർക്ക് കൈത്താങ്ങ്

സ്വയംതൊഴിൽ വായ്പാ പദ്ധതി പ്രകാരമല്ലാതെ ബാങ്ക് വായ്പ എടുക്കുന്ന വർക്കും വായ്പ എടുക്കാതെ സംരംഭങ്ങൾ ആരംഭിക്കുന്നവർക്കും സബ്സിഡി നൽകാൻ പദ്ധതിയുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പാക്കുന്ന 'എന്റർപ്രണർ സപ്പോർട്ട് സ്കീം' പ്രകാരമാണ് ഈ രീതിയിൽ സബ്സിഡി ലഭിക്കുന്നത്. ഉത്പാദന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിനും നിലവിലുള്ളവ വികസിപ്പിക്കുന്നതിനും സബ്സിഡി ലഭിക്കും. ഭൂമി, കെട്ടിടം, യന്ത്ര സാമഗ്രികൾ മറ്റ് ആസ്തികൾ എന്നിവയിൽ വന്നിട്ടള്ള സ്ഥിര നിക്ഷേപത്തെ കണക്കിലെടുത്താണ് സബ്സിഡി അനുവദിക്കുന്നത്. സ്ഥിരനിക്ഷേപത്തിന്റെ 15 മുതൽ 40 ശതമാനം വരെയാണ് സബ്സിഡി. 30 ലക്ഷം രൂപ വരെ ഇതുപ്രകാരം സബ്സിഡി ലഭിക്കും. ഉത്പാദനം/വികസനം പൂർത്തിയാക്കി ഒരു വർഷത്തിനുള്ളിൽ ഇതിനുള്ള അപേക്ഷകൾ ജില്ലാ വ്യവസായ കേന്ദ്രത്തിലോ, സബ് ഓഫീസുകളിലോ സമർപ്പിക്കണം. ബാങ്ക് വായ്പയെടുക്കുന്നവർക്ക് മൂന്നു ലക്ഷം രൂപവരെ സ്റ്റാർട്ട് അപ്പ് സബ്സിഡിയായി ഈ പദ്ധതി പ്രകാരം അനുവദിക്കും.

കെ.എഫ്.സി. വഴി നടപ്പാക്കുന്ന സംരംഭ വികസനമിഷൻ പദ്ധതി പ്രകാരം പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് പാർട്ണർഷിപ്പായി സംരംഭങ്ങൾ ആരംഭിക്കുവാൻ വായ്പ ലഭിക്കും. അഞ്ചു പേർ വരെ ചേർന്നുള്ള പങ്കാളിത്ത സ്ഥാപനങ്ങൾക്ക് 20 ലക്ഷം രൂപവരെ വായ്പ ലഭിക്കും. രണ്ടു പേർ വരെ ചേർന്നും അപേക്ഷ സമർപ്പിക്കാം. എം.ബി.എ., ബി.ടെക്, പോളി ടെക്നിക് യോഗ്യതയുള്ളവർക്ക് (ടെക്നോക്രാറ്റുകൾ) സ്വന്തം നിലയിൽ സംരംഭം ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ വരെ വായ്പലഭിക്കും. പലിശരഹിത വായ്പയാണ് നൽകുന്നത് എന്നതും, ആദ്യത്തെ ഒരു വർഷത്തേക്ക് വായ്പാതിരിച്ചടവിന് മോറട്ടോറിയം ഉണ്ടെന്നതും പദ്ധതിയുടെ പ്രധാന ആകർഷണങ്ങളാണ്.

പിന്നാക്ക വിഭാഗ വികസന കോർപറേഷൻ (മതന്യൂനപക്ഷങ്ങൾക്ക് ഉൾപ്പെടെ), വനിതാവികസന കോർപറേഷൻ, എസ്.സി./എസ്.ടി. വികസന കോർപറേഷൻ, 2003 ൽ പ്രവർത്തനമാരംഭിച്ച ന്യൂനപക്ഷവികസന ധനകാര്യ കോർപറേഷൻ, കൃഷി, മത്സ്യ വകുപ്പുകൾ, തുടങ്ങിയ ഏജൻസികളും വളരെ കുറഞ്ഞ പലിശനിരക്കിൽ വ്യവസായ വായ്പകൾ നൽകിക്കൊണ്ടിരിക്കുന്നു. സംരംഭം ആരംഭിക്കുന്നതിന് സാങ്കേതിക പരിജ്ഞാനം ആവശ്യമെങ്കിൽ അതും ലഭ്യമാക്കുവാൻ സാധിക്കും. എം.എസ്.എം.ഇ.ഡി.ഐ. തൃശൂർ, ഏറ്റുമാനൂർ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ തുടങ്ങി നിരവധിയായ സർക്കാർവകുപ്പുകൾ ഇത്തരം സാങ്കേതിക പരിശീലന പരിപാടികൾ നടപ്പാക്കിവരുന്നുണ്ട്. സംരംഭം ആരംഭിക്കുന്നതിനാവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് വ്യവസായ വകുപ്പിൽ നിന്നും കൈത്താങ്ങ് സഹായവും ലഭിക്കുന്നതാണ്. ഒരു സംരംഭം എന്ന ആശയവുമായി മുന്നോട്ടു വരുന്നവർക്ക് സാങ്കേതിക സാമ്പത്തിക സൗകര്യങ്ങളൊരുക്കിക്കൊടുത്ത് അവരുടെ സ്വപ്നം യാഥാർഥ്യമാക്കുവാൻ കഴിയുന്ന എല്ലാ ഭൗതിക സാഹചര്യവും നിലവിലുണ്ട്. ■

> ജില്ലാ വ്യവസായകേന്ദ്രം വഴി നടപ്പാക്കുന്ന പ്രധാന മന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരം 15 ശതമാനം മുതൽ 35 ശതമാനം വരെ സർക്കാർ ഗ്രാന്റ് ലഭ്യമാണ്. പി.എം.ഇ.ജി.പി. പ്രകാരം വനിതാ സംരംഭകരെ പ്രത്യേക വിഭാഗ ത്തിലുൾപ്പെടുത്തി ഉയർന്ന പരിഗണനയും ഗ്രാന്റും നൽകിവരുന്നു. 25 ലക്ഷം രൂപ വരെയുള്ള പദ്ധതി കൾക്ക് ഇതുപ്രകാരം വായ്പയ്ക്ക് അപേക്ഷിക്കാനാകും.

**ഭിത്തിയിൽ നിന്നെടുത്ത ഒരു കലണ്ടർ കൂടി ചരിത്ര പെട്ടകത്തിലേക്ക് മാറ്റിയിരിക്കുന്നു. അതിലെ നാൾ വഴികളിൽനിന്ന് പോയവർഷത്തിലൂടെ ഒരു തിരിഞ്ഞുനോട്ടം ചിത്രങ്ങളിലൂടെ, നാലു പേജുകളിലായി...**



**ആകാശ വിജയം:** ചൊവ്വയുടെ ഭ്രമണപഥത്തിലെത്താനുള്ള ആദ്യദൗത്യത്തിൽ വിജയിച്ച രാജ്യമായി ഇന്ത്യ. ഐ.എസ്.ആർ.ഒ യുടെ മംഗൾയാൻ, 2014 സെപ്റ്റംബർ 24ന് ചൊവ്വയുടെ ഭ്രമണപഥത്തിൽ. ഇന്ത്യയുടെ ബഹിരാകാശ ഗവേഷണ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായി മാറിയ നേട്ടം.



**സമുദ്ര പ്രതിരോധം:** ഇന്ത്യയിൽ നിർമിച്ച ഏറ്റവും വലിയ യുദ്ധക്കപ്പൽ ഐ.എൻ.എസ്. കൊൽക്കത്ത രാജ്യത്തിന് സമർപ്പിച്ചു. 164 മീറ്റർ നീളവും 18 മീറ്റർ വീതിയുമുണ്ട്. ദീർഘദൂര മിസൈലുകൾ, റോക്കറ്റ് ലോഞ്ചുകൾ, ടോർപിഡോ ലോഞ്ചറുകൾ എന്നിവയെല്ലാമുള്ള സർവസജ്ജമായ കപ്പൽ നിർമിച്ചത് മുംബെയിലെ മഡ്ഗാവ് ഡോക്കിലാണ്

# പുരസ്കാരങ്ങൾ





മുൻ പ്രധാനമന്ത്രി വാജ്പേയിക്കും
പ്രമുഖ സ്വാതന്ത്ര്യസമരസേനാനി മദൻമോഹൻ മാളവ്യക്കും ഭാരതരത്നം




ഇന്ത്യയിൽ നിന്നുള്ള ബാലാവകാശ പ്രവർത്തകൻ കൈലാസ് സത്യാർഥിക്ക് സമാധാനത്തിനുള്ള നൊബേൽ സമ്മാനം. പാക്കിസ്ഥാനിൽ നിന്നുള്ള മലാല യൂസഫ്സായിയും അദ്ദേഹത്തോടൊപ്പം പുരസ്കാരം പങ്കിട്ടു.



എം.ടി.വാസുദേവൻ നായർക്ക് ചലച്ചിത്ര
രംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള
ജെ.സി.ഡാനിയൽ പുരസ്കാരം



സുരാജ് വെഞ്ഞാറമ്മൂടിന് മികച്ച നടനുള്ള
ദേശീയ അവാർഡ്



മലയാള ഭാഷയ്ക്കുംസാഹിത്യത്തിനും
നൽകിയ സംഭാവനകൾ പരിഗണിച്ച്
വിഷ്ണുനാരായണൻ നമ്പൂതുരിക്ക്
എഴുത്തച്ഛൻ പുരസ്കാരം



മുൻ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് പി.സദാശിവം കേരള ഗവർണറായി സെപ്റ്റംബർ അഞ്ചിന് അധികാരമേറ്റു




2014 ജൂൺ രണ്ടിന് രാജ്യത്തെ 29-ാമത് സംസ്ഥാനമായി തെലങ്കാന നിലവിൽ വന്നു. തലസ്ഥാനം ഹൈദരാബാദ്. ആദ്യ മുഖ്യമന്ത്രിയായി കെ.ചന്ദ്രശേഖരറാവു ചുമതലയേറ്റു.



നരേന്ദ്രമോഡി പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നു.



സുപ്രീംകോടതി ചീഫ്ജസ്റ്റിസായി എച്ച്.എൽ. ദത്തു അധികാരമേറ്റു. പരമോന്നത കോടതിയുടെ 42-ാമതു ചീഫ് ജസ്റ്റിസാണ്.




2014ലെ ഫിഫ ലോകകപ്പ് ഫുട്ബാൾ കിരീടം ജർമനിക്ക്. ഫൈനലിൽ അർജന്റീനയെ പരാജയപ്പെടുത്തിയാണ് ജർമനി കിരീടം നേടിയത്. ഗോൾഡൻ ബോൾ പുരസ്കാരം അർജന്റീനയുടെ ലയണൽ മെസ്സിക്കും ഗോൾഡൻ ബൂട്ട് കൊളംബിയയുടെ ജെയിംസ് റോഡ്രിഗസിനും ലഭിച്ചു.



പശ്ചിമ ആഫ്രിക്കൻ രാജ്യങ്ങളിൽ എബോള മൂലമുള്ള മരണനിരക്കുയർന്നത് ഭീതിയുണ്ടാക്കി. വർഷാവസാനം അവിടെ നിന്ന് 20,829 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. അതിവേഗ വ്യാപന സാധ്യതയുള്ള ഈ രോഗം ബാധിച്ചാൽ കടുത്ത ശരീര വേദനയിൽ തുടങ്ങി ആന്തരികവും ബാഹ്യവുമായ രക്തസ്രാവത്തിലൂടെ മരണത്തിലേക്ക് നീങ്ങുന്ന അവസ്ഥയാണുണ്ടാവുക.




മലേഷ്യയിലെ ക്വാലാലംപൂരിൽ നിന്ന് 2014 മാർച്ച് എട്ടിന് യാത്ര തിരിച്ച വിമാനം അപ്രത്യക്ഷമായത് കഴിഞ്ഞ വർഷത്തെ ഏറ്റവും ദുരൂഹതയുണർത്തിയ സംഭവമായി.

# വേർപാടുകൾ

2014



കമ്മ്യൂണിസ്റ്റ് നേതാവും
മുൻമന്ത്രിയുമായ എം.വി. രാഘവൻ



പ്രഗല്ഭ ന്യായാധിപനും ആദ്യ സംസ്ഥാന
മന്ത്രി സഭാംഗവുമായിരുന്ന ജസ്റ്റിസ്
വി.ആർ. കൃഷ്ണയ്യർ



ഇന്ത്യൻ എഴുത്തുകാരൻ
യു.ആർ. അനന്തമൂർത്തി



പിന്നണി ഗായകൻ
കെ.പി. ഉദയഭാനു




ചിത്രകാരനും ശിൽപിയും
എഴുത്തുകാരനുമായ എം.വി. ദേവൻ




മലയാള ചലച്ചിത്ര സംവിധായകൻ
ശശികുമാർ



ചലച്ചിത്ര സംവിധായകൻ
പി. രാംദാസ്



ഗാന്ധി സിനിമയുടെ സംവിധായൻ
റിച്ചാർഡ് ആറ്റൻബറോ



ലാറ്റിനമേരിക്കൻ എഴുത്തുകാരനും
നൊബേൽ ജേതാവുമായ
ഗബ്രിയേൽ ഗാർസിയ മാർക്കേസ്

എം.സി. രാജനാരായണൻ

**19 ാമത് കേരള രാജ്യാന്തര ചലച്ചിത്രമേള, ഒരു അവലോകനം**

എല്ലാ വിഭാഗം സിനിമകളും ഒരേപോലെ നിലവാരം പുലർത്തിയ അപൂർവത അവകാശപ്പെടാൻ സാധിക്കുന്നതാണ് കഴിഞ്ഞ 19 ാമത് കേരള രാജ്യാന്തര ചലച്ചിത്രോത്സവം. ലോകനിലവാരം പുലർത്തിയ സിനിമകൾ പ്രേക്ഷക ഹൃദയം കവർന്നു.

ഏഷ്യൻ, ലാറ്റിനമേരിക്ക, ആഫ്രിക്ക എന്നിവിടങ്ങളിലെ രാജ്യങ്ങൾക്കായുള്ള മത്സരവിഭാഗത്തിൽ 14 ചിത്രങ്ങളാണുണ്ടായിരുന്നത്. 'ദി ആന്റ് സ്റ്റോറി' (മുസ്തൊഫ സർവാർ ഫറൂക്കി - ബംഗ്ലാദേശ്), 'ദി ബ്രൈറ്റ് ഡേ' (ഹൊസൈൻ ഷഹാബി-ഇറാൻ), 'ഡിസംബർ 1' (പി. ശേഷാദ്രി-ഇന്ത്യ), 'എ ഗേൾ അറ്റ് മൈ ഡോർ' (ജൂലി ജങ്-സൗത്ത് കൊറിയ), 'ദി മാൻ ഓഫ് ദി ക്രൗഡ്' (കോ ഗുൽമരെയ്സ്-ബ്രസീൽ), 'ദി നാരോ ഫ്രെയിം ഓഫ് മിഡ് നൈറ്റ്' (താല ഹദീദ്-മൊറോക്കോ), 'ഒബ്ലീവിയൻ സീസൺ' (അബ്ബാസ് റാഫെ-ഇറാൻ), 'വൺ ഫോർ ദി റോഡ്' (ജാക്ക് സാഗ കബാബി-മെക്സിക്കോ), 'ഊംഗ' (ദേവാശിഷ് മഗീജ-ഇന്ത്യ), 'റഫ്യൂ



# ഹൃദയഹാരിയായ ദൃശ്യവാങ്മയങ്ങൾ



റഫ്യൂജിയാഡോ

ജിയാഡോ' (ദീഗോ ലെർമാൻ–അർജന്റീന), 'സമ്മർ, ക്യോട്ടോ' (ഹിരോഷി ടോഡ–ജപ്പാൻ), 'ദേ ആർ ദി ഡോഗ്സ്' (ഹിച്ചം ലാസ്‌രി–മൊറോക്കോ), 'അസ്തമയം വരെ' (സജിൻ ബാബു–ഇന്ത്യ), 'സഹീർ' (സിദ്ധാർഥ് ശിവ–ഇന്ത്യ) എന്നിവയാണ് മത്സരവിഭാഗത്തിൽ പ്രദർശിപ്പിച്ച ചിത്രങ്ങൾ.

ഏറ്റവും മികച്ച ചിത്രത്തിനുള്ള സുവർണ ചകോരത്തിന് അർജന്റീനിയൻ ചിത്രം 'റഫ്യൂജിയാഡോ' അർഹമായി. സമ്മാനത്തുകയായ പതിനഞ്ച് ലക്ഷം രൂപ ചിത്രത്തിന്റെ സംവിധായകനും നിർമാതാവും തുല്യമായി പങ്കിടും. മികച്ച സംവിധായകനുള്ള രജതചകോരം ജാപ്പനീസ് ചിത്രമായ 'സമ്മർ ക്യോട്ടോ'യുടെ സംവിധായകൻ ഹിരോഷി ടോഡയ്ക്ക് ലഭിച്ചു. നാല് ലക്ഷം രൂപയാണ് സമ്മാനത്തുക. മികച്ച നവാഗത സംവിധായകനുള്ള രജതചകോരം ഇറാനിയൻ ചിത്രമായ 'ദി ബ്രൈറ്റ് ലൈറ്റി'ന്റെ സംവിധായകൻ ഹൊസൈൻ ഷഹാബി കരസ്ഥമാക്കി. മൂന്ന് ലക്ഷം രൂപയാണ് സമ്മാനത്തുക. സജിൻ ബാബു സംവിധാനം ചെയ്ത 'അസ്തമയം വരെ'യാണ് മികച്ച പ്രേക്ഷക ചിത്രമായി തിരഞ്ഞെടുത്തത്. മത്സരവിഭാഗത്തിൽ നിന്ന് 'സമ്മർ, ക്യോട്ടോ' നെറ്റ്പാക് അവാർഡും 'ദേ ആർ ദി ഡോഗ്സ്' ഫിപ്രസി അവാർഡും നേടി. മലയാള സിനിമയ്ക്കുള്ള ഫിപ്രസി, നെറ്റ്പാക് അവാർഡുകൾ സനൽ കുമാർ ശശിധരൻ സംവിധാനം ചെയ്ത 'ഒരാൾപൊക്കം' നേടി.





ഒബ്ലീവിയൻ സീസൺ



അസ്തമയം വരെ



പ്രസിഡന്റ്

ദാമ്പത്യബന്ധം പരാജയമാകുന്നതിനെ തുടർന്നുണ്ടാകുന്ന സംഘർഷവും പ്രശ്നങ്ങളും അതിശക്തമായി പകർത്തിയ അർജന്റീനിയൻ ചിത്രമാണ് 'റഫ്യൂജിയാഡോ'. ഏഴുവയസ്സുകാരനായ മകനൊപ്പം അമ്മ അവരുടെ ജീവരക്ഷക്കായി പലായനം ചെയ്യുന്ന കഥയ്ക്ക് സമകാലിക



**ചലച്ചിത്രോത്സവം സമാപന ചടങ്ങിൽ ഗവർണർ പി. സദാശിവം സംസാരിക്കുന്നു**

പ്രസക്തിയുണ്ട്. ഗാർഹിക പീഡനം മൂന്നാം ലോകത്തു മാത്രമല്ല സമ്പന്ന രാഷ്ട്രങ്ങളിലും സംഭവിക്കുന്ന ദുരന്തമാണ്.

## ക്യോട്ടോയിലെ വേനൽക്കാലം

മികച്ച സംവിധായകനുള്ള രജതചകോരം നേടിയ 'സമ്മർ, ക്യോട്ടോ'യിൽ ഹിരോഷി ടോഡ ജാപ്പനീസ് ആചാര്യൻ യസുജിറോ ഒസുവിനെ ഓർമിപ്പിക്കുന്ന രീതിയിൽ ഏറ്റവും ലളിതമായാണ് കഥാകഥനം നിർവഹിക്കുന്നത്. ഒരു ഭാര്യയും ഭർത്താവും ആഗതനുമായി മൂന്നു കഥാപാത്രങ്ങൾ മാത്രമാണ് ചിത്രത്തിലുള്ളത്. സ്നേഹത്തിന്റെയും പരസ്പരവിശ്വാസതിന്റെയും സന്ദേശം നൽകുന്ന കവിത പോലെ മനോഹരമാണ് 'സമ്മർ, ക്യോട്ടോ'.

ഇറാനിയൻ സംവിധായകൻ ഹൊസൈൻ ഷഹാബിക്ക് മികച്ച നവാഗത സംവിധായകനുള്ള രജതചകോരം നേടിക്കൊടുത്ത ചിത്രം 'ദി ബ്രൈറ്റ് ഡേ' നഗരത്തിൽ ഒരു പകൽ നടക്കുന്ന സംഭവങ്ങളാണ് പ്രതിപാദിച്ചിരിക്കുന്നത്. ശിക്ഷിക്കപ്പെട്ട് ജയിൽവാസമനുഭവിക്കുന്ന പ്രതിക്കുവേണ്ടി രംഗത്തിറങ്ങുന്ന യുവതി തെറ്റായ വിവരം നൽകിയ സാക്ഷികളെകണ്ട് സത്യം പറയുവാൻ ആവശ്യപ്പെടുകയാണ്. കൂടെയുള്ള ടാക്സി ഡ്രൈവർ കുറേ കഴിയുമ്പോൾ യുവതിയുടെ ദൗത്യം ഏറ്റെടുക്കുകയും തുടർന്ന് അവരുടെ ദൗത്യം വിജയിക്കുകയും ചെയ്യുന്നു. മത്സര വിഭാഗത്തിലെ മറ്റ് ചിത്രങ്ങളും ഡിസംബർ ഒന്ന്, എ ഗേൾ അറ്റ് മൈ ഡോർ, ഒബ്ളീവിയൻ സീസൺ, വൺ ഫോർ ദി റോഡ്, ഊംഗ എന്നിവയും ഉന്നത നിലവാരം പുലർത്തി പ്രേക്ഷകശ്രദ്ധ നേടി.



ഒരാൾപ്പൊക്കം



ഊംഗ

ലോകസിനിമാ വിഭാഗത്തിൽ കമിങ് ഹോം, കോൺ ഐലന്റ്, ഫോറിൻ ബോഡി, ഗുഡ്ബൈ ടു ലാംഗ്വേജ്, ഹാപ്പിലി എവർ ആഫ്റ്റർ, ലെവിയാതൻ, മെൽബോൺ, വൺ ഓൺ വൺ, ദി പ്രസിഡന്റ്, ദി ട്രി, വിന്റർ സ്ലീപ്പ് തുടങ്ങിയവ ശ്രദ്ധേയമായ ചിത്രങ്ങളാണ്. ബസ്റ്റർ കീറ്റൺ, മിക്കലോസ് യാങ്ചോയുടെയും ചിത്രങ്ങളാണ് റെട്രോസ്പെക്ടീവ് വിഭാഗത്തിൽ ഉൾപ്പെടുത്തിയത്. മത്സര വിഭാഗം ഉൾപ്പെടെ 10 വിഭാഗങ്ങളിലായി 140 ഓളം ചിത്രങ്ങളാണ് ഇത്തവണ ചലച്ചിത്രമേളയിൽ പ്രദർശിപ്പിക്കപ്പെട്ടത്.

ഇസ്രയേലി സംവിധായകൻ ഇറാൻ റിക്ലിക്സ് സംവിധാനം ചെയ്ത 'ഡാൻസിങ് അറബ്സ്' ഉദ്ഘാടന ചിത്രമായും മികച്ച ചിത്രത്തിനുള്ള സുവർണ ചകോരം നേടിയ 'റഫ്യൂജിയാഡോ' സമാപന ചിത്രമായും പ്രദർശിപ്പിച്ചു.

ഈ വർഷം പുനഃസ്ഥാപിച്ച 'ഓപ്പൺ ഫോറം' വലിയ ബഹളമൊന്നുമില്ലാതെ നടന്നു. മീറ്റ് ദി ഡയറക്ടർ, ഇൻ കോൺവർസേഷൻ തുടങ്ങിയ പതിവ് പരിപാടികൾക്കും പ്രേക്ഷകപങ്കാളിത്തം ലഭിച്ചിരുന്നു. ■

■ ഡോ. ആർ. ശ്രീലതാ വർമ

# ആത്മാവിന്റെ വേദനകൾ

**സ്ത്രീജീവിതത്തിന്റെ ആന്തരികവിക്ഷോഭങ്ങളെ തീക്ഷ്ണമായി അവതരിപ്പിച്ച എഴുത്തുകാരി രാജലക്ഷ്മിയുടെ വിയോഗത്തിന് അമ്പതാണ്ട്**

*'സോദരീ, അറിവൂ ഞാൻ*
*നിന്നെ, നിന്നാത്മാവിന്റെ*
*വേദനകളെപ്പണ്ടു*
*പണ്ടു നാമൊരേ ദ്വീപിൽ*

*ഒരു ഭീതിതൻ തിര-*
*മാലകൾ ചുറ്റുംചീറി-*
*യുയർന്നും പതഞ്ഞുതാ-*
*ണമരുന്നതും നോക്കി*


*തമ്മിൽ നോക്കാതേ തമ്മി-*
*ലറിയാതറിഞ്ഞുംകൊ-*
*ണ്ടങ്ങനെയൊരേ വിദ്യുത്-*
*സ്പന്ദത്തിൻ വിരൽത്തുമ്പാൽ*

*തമ്മിലൊട്ടിടയിട*
*തൊട്ടുനോക്കിയുംകൊണ്ടു*
*നിന്നിരുന്നിട്ടുണ്ടൊന്നു-*
*മറിയാതറിയാതെ'.*

*–'രാജലക്ഷ്മിയോട്'–സുഗതകുമാരി*

ഒരു സ്ത്രീക്ക് മറ്റൊരു സ്ത്രീയുമായി, ഒരെഴുത്തുകാരിക്ക് മറ്റൊരെഴുത്തുകാരിയുമായി രൂപപ്പെടുന്ന ഹൃദയബന്ധത്തിന്റെ അതിതീവ്രവും ആത്മാർഥവുമായ ആവിഷ്കാരമാണിത്. സമാനമായ മാനസിക പാകത്തോടെ ഒരേ ദ്വീപിൽ, ഒരേ ഭീതിയുടെ തിരമാല പതഞ്ഞുയർന്നുതാണതും നോക്കി, തമ്മിൽ കണ്ടില്ലെങ്കിലും അറിയാതെയറിഞ്ഞ് ഓരേ വിദ്യുത്സ്പന്ദനത്തിൻ വിരൽത്തുമ്പിൽ തമ്മിൽ ഇടയ്ക്കു തൊട്ടുനോക്കി നിന്നിരുന്നത് ഒരു പെൺമനസ്സിനും മറ്റൊരു പെൺമനസ്സിനും മാത്രം കൈമാറാൻ കഴിയുന്ന സൂക്ഷ്മതകളാണ്. നമ്മുടെ ആഖ്യാനസാഹിത്യത്തിൽ സ്ത്രീയുടെ സംഘർഷഭരിതമായ മനസ്സിന്റെയും അവളുടെ സങ്കീർണമായ ബോധത്തിന്റെയും തീക്ഷ്ണമായ ആവിഷ്കാരങ്ങൾ ആദ്യമായി നിർവഹിച്ച എഴുത്തുകാരിയാണ് രാജലക്ഷ്മി. 1956 നും 1964 നും ഇടയിലെ ഹ്രസ്വമായ കാലയളവിനുള്ളിൽ ബാഹ്യജീവിതവുമായി സന്ധിചെയ്യാനാകാതെ, ആന്തരിക ജീവിതത്തിന്റെ വിക്ഷോഭങ്ങളിൽപ്പെട്ട് എണ്ണിയാൽ തീരാത്തത്രയും സംഘർഷങ്ങളും ധർമസങ്കടങ്ങളും മുറിവുകളും ആത്മാവിലേറ്റുവാങ്ങി ഒടുവിൽ തന്റെ ജീവിതത്തിന് സ്വയം വിരാമമിട്ട ഈ കഥാകാരി, വൈകാരികമായ സത്യസന്ധതയിൽ അവതരിപ്പിച്ച ഓരോ കഥയും അവരുടെ ലൗകികവ്യക്തിത്വവും രചനാവ്യക്തിത്വവും വേർപെടുത്താനാകാത്തവിധം ഒരൊറ്റ സത്തയായി പരിണമിച്ചതിന് സാക്ഷ്യമായിത്തീരുന്നു.

ലൗകിക വ്യക്തിത്വവും രചനാവ്യക്തിത്വവും എഴുത്തുകാരിൽ പൊതുവെ വേർതിരിഞ്ഞാണ് നിൽക്കുന്നത് എന്നർഥം മേല്പറഞ്ഞതിനില്ല. എങ്കിലും ലൗകിക ജീവിതത്തിലെ അഭാവങ്ങൾ പലതിനെയും മറക്കാനും മറികടക്കാനും പല വേദനകളിൽ നിന്ന് ഒഴിഞ്ഞുനിൽക്കാനും



**രാജലക്ഷ്മി**
(1937–1965)

സഹായിക്കുന്ന ഒന്നായി സർഗാത്മക വ്യക്തിത്വം പരിണമിക്കാറുണ്ട്. കൂടുതൽ പേരിലുള്ളത് ഈ പരിണാമമമാണ്. എഴുത്ത് മറ്റൊരു ജീവിതമാണ്. ഉള്ള ജീവിതത്തിൽ നിന്ന് ഉണ്ടായിവരേണ്ട ജീവിതത്തെ സ്വപ്നാത്മകമായി സാക്ഷാത്കരിക്കുന്ന മാന്ത്രികവിദ്യ. വൈലോപ്പിള്ളി പറഞ്ഞതുപോലെ ആത്മഹത്യയിൽ നിന്നും അസുന്ദര നരഹത്യയിൽ നിന്നും കാത്തുരക്ഷിക്കുന്ന ദിവ്യശക്തി അതാണ് എഴുത്ത്, സർഗാത്മകത. പക്ഷേ, രാജലക്ഷ്മിയെ സംബന്ധിച്ചിടത്തോളം വിധി മറിച്ചായിരുന്നു. ജീവിതത്തിന്റെ ഉരുകിത്തീരലുകൾ, വിട്ടുപോകലുകൾ, ഉഗ്രവ്യഥകൾ ഇവയിൽ നിന്ന് അവരുടെ ലൗകികവ്യക്തിത്വത്തിനും രചനാവ്യക്തിത്വത്തിനും മോചനമുണ്ടായില്ല. തൊട്ടാൽ പാടുന്നതരം മനോഘടന പ്രായോഗിക ജീവിതത്തിൽ അനഭിലഷണീയമാണെന്നു പറയാൻ അനേകം പേരുണ്ടാകും. പക്ഷെ അത്തരമൊരു മനസ്സിനു മാത്രം ആവിഷ്കരിക്കാൻ കഴിയുന്ന സവിശേഷ ജീവിതസന്ദർഭങ്ങളുണ്ട്. ഇപ്രകാരമുള്ള ആവിഷ്കാരങ്ങൾക്കു മുന്നിൽ തൊട്ടാൽവാടി എന്നല്ല ഏതൊരു പരിഹാസവാക്കും നിഷ്പ്രഭമായിത്തീരുകതന്നെ ചെയ്യും. ലോലവും സൂക്ഷ്മവുമായ ഈ ആവിഷ്കാരങ്ങളാകട്ടെ ഉദാത്തഭാവനയുടെ സ്വതന്ത്രവിഹായസ്സിൽ നിത്യദീപ്തങ്ങളായ നക്ഷത്രങ്ങളായി വെളിച്ചം പകർന്നുകൊണ്ടേയിരിക്കും. ഈവിധത്തിൽ കാലാതിവർത്തികളായ അനേകം കഥകൾ രാജലക്ഷ്മി രചിച്ചിട്ടുണ്ട്. അവ സംവേദനം ചെയ്യുന്ന സ്ത്രൈണതയുടെ രാഷ്ട്രീയത്തെ വ്യക്തിതലത്തിലും സാമൂഹികതലത്തിലും അധികാരശക്തിയുടെ തലത്തിലും അപഗ്രഥിക്കാൻ ശ്രമിക്കുകയാണിവിടെ.

## സ്നേഹമെന്ന മിഥ്യ

ഇഴയടുപ്പമില്ലാത്ത വ്യക്തിബന്ധങ്ങളാണ് രാജലക്ഷ്മി ചിത്രീകരിച്ചിട്ടുള്ളത്. കുടുംബത്തിനകത്തും പുറത്തും അസന്തുഷ്ടിയും അവിശ്വാസവും കട്ടപിടിച്ച മനസ്സുകളോടെ കഴിഞ്ഞുകൂടുന്ന സ്ത്രീകളെയാണ് രാജലക്ഷ്മിയുടെ കഥാലോകത്ത് കാണാൻ കഴിയുക. വീട്ടിലും ജോലിസ്ഥലമായ സ്കൂളിലും മടുപ്പും അസന്തുഷ്ടിയും അനുഭവിക്കുന്ന ഇന്ദിര എന്ന കഥാപാത്രം (ഒരധ്യാപിക ജനിക്കുന്നു) 'born with a sick conscience' എന്നാണ് സ്വന്തം മനോഘടനയെ വിലയിരുത്തുന്നത്. കോളേജ് പഠനകാലത്തെ പ്രണയ തിരസ്കാരം ഇന്ദിരയുടെ ജീവിതത്തെ നിഴൽപോലെ പിൻതുടരുന്നുണ്ട്. രവി എന്ന ചെറുപ്പക്കാരന്റെ പ്രണയം അന്ന് ആരും മോഹിച്ചിരുന്നു. അയാളുടെ വിവാഹാഭ്യർഥന കുടുംബപ്രാരാബ്ധങ്ങൾ പറഞ്ഞ് ഇന്ദിര ഒഴിവാക്കുന്നു. വർഷങ്ങൾക്കുശേഷം രവിയുടെ മരണവാർത്ത അറിയുമ്പോൾ കുറ്റബോധവും പശ്ചാത്താപവും പരാജയബോധവും അവളെ വേട്ടയാടുന്നു. വീട്, സ്കൂൾ ഈ രണ്ട് ലോകങ്ങളിലും ആശ്വാസം കണ്ടെത്താൻ കഴിയാത്തവളാണ് ഇന്ദിര. രവിയുടെ മരണവൃത്താന്തം അറിഞ്ഞ ദിവസം ഇന്ദിര സ്കൂളിലേക്ക് പുറപ്പെടാൻ വൈകുന്നതിനെക്കുറിച്ച് അവളുടെ അമ്മ ഉത്കണ്ഠയോടെ അന്വേഷിക്കുമ്പോൾ വീട്ടിലിരിക്കുന്നതിലും നല്ലത് സ്കൂളിൽ പോകുന്നതാണെന്നു കരുതി അവൾ സ്കൂളിലേക്ക് പുറപ്പെടുന്നു. പക്ഷെ സ്കൂളിലെത്തുമ്പോൾ അവളുടെ മനസ്സ് കൂടുതൽ അസ്വസ്ഥമാകുന്നു. അവളുടെ ചിന്ത ഇങ്ങനെയാമ്-

'ഈ ശാപംപിടിച്ച സ്കൂളും എല്ലാംകൂടെ ഒരു മുറിയിൽ ഇട്ട് അടയ്ക്കപ്പെട്ടിരിക്കുന്ന അധ്യാപകരും അടക്കമില്ലാത്ത കുട്ടികളും'.

എന്തുകൊണ്ടാണ് ഇന്ദിര രണ്ട് ലോകങ്ങളെയും ഒരുപോലെ വെറുക്കുന്നത്? വരുമാനത്തിനുവേണ്ടി തൊഴിൽ ചെയ്യുകയും വരുമാനം മുഴുവൻ കുടുംബത്തിനുവേണ്ടി നീക്കിവെക്കുകയം ചെയ്യുമ്പോൾ അനുഭവപ്പെടുന്ന യാന്ത്രികത മാത്രമല്ല വെറുപ്പിന് ആധാരം. കുടുംബത്തിനുവേണ്ടി സ്വന്തം ആഗ്രഹങ്ങൾ ബലികഴിച്ചതിലുള്ള കഠിനമായ ഇച്ഛാഭംഗം കൂടിയാണ്. കുടുംബാംഗങ്ങളുടെ പക്ഷത്തുനിന്നുള്ള ചൂഷണമനോഭാവങ്ങൾ ഈ ഇച്ഛാഭംഗത്തെ കൂടുതൽ വളർത്തുകയം ചെയ്യുന്നു. സ്നേഹമെന്നത് ഇവിടെ ഒരു മിഥ്യയാണ്. അമ്മയ്ക്ക് മകളോട്, സഹോദരങ്ങൾക്ക് സഹോദരിയോട് കടപ്പാടുകൾ മാത്രം നിലനിൽക്കുന്നു.

'മകൾ' എന് പ്രശസ്തമായ കഥയിൽ ഇതേ പ്രമേയം കുറേക്കൂടി ആഴത്തിലുള്ള മനോവിശകലന സാധ്യതകളോടെ അവതരിപ്പിച്ചിരിക്കുന്നു. ഈ കഥയിലെ ശാരദ, ഇന്ദിരയെപ്പോലെ കുടുംബത്തിനുവേണ്ടി പ്രണയതിരസ്കാരം നടത്തിയവളാണ്. കുടുംബത്തിലെ ദാരിദ്ര്യവും പരാധീനതയും അവളെ നിരന്തരം അലട്ടുന്നു. അച്ഛന്റെ സ്വാർഥതയും അഹന്തയും ദുരഭിമാനവും അവളുടെ കഷ്ടതകൾക്ക് ആക്കം കൂട്ടുന്നു. അച്ഛനമ്മമാരും സഹോദരങ്ങളുമുണ്ടെങ്കിലും ശാരദയ്ക്ക് അവളുടെ സങ്കടങ്ങളോ, സംഘർഷങ്ങളോ ഒരാളോടുപോലും പങ്കുവെക്കാൻ കഴിയുന്നില്ല. അത്രമേൽ ഒറ്റപ്പെട്ടാണ് അവൾ ആ വീട്ടിൽ കഴിയുന്നത്. സനാഥത്വത്തിലെ ഈ അനാഥത്വം രാജലക്ഷ്മിയുടെ സ്ത്രീകൾ സാമാന്യമായി



ഫ്രിഡ പിന്റോയുടെ 'ദി വൂണ്ടഡ് ഡീർ'

1956 നും 1964 നും ഇടയിലെ ഹ്രസ്വമായ കാലയളവിൽ ബാഹ്യ ജീവിതവുമായി സന്ധിചെയ്യാനാകാതെ, ആന്തരിക ജീവിതത്തിന്റെ വിക്ഷോഭങ്ങളിൽപ്പെട്ട് എണ്ണിയാൽ തീരാത്തത്രയും സംഘർഷങ്ങളും ധർമസങ്കടങ്ങളും മുറിവുകളും ആത്മാവിലേറ്റുവാങ്ങി ഒടുവിൽ തന്റെ ജീവിതത്തിന് സ്വയം വിരാമമിട്ട ഈ കഥാകാരി, വൈകാരികമായ സത്യസന്ധതയിൽ അവതരിപ്പിച്ച ഓരോ കഥയും അവരുടെ ലൗകികവ്യക്തിത്വവും രചനാ വ്യക്തിത്വവും വേർപെടുത്താനാകാത്തവിധം ഒരൊറ്റ സത്തയായി പരിണമിച്ചതിന് സാക്ഷ്യമായിത്തീരുന്നു.

അനുഭവിക്കുന്ന ദുരന്തമാണ്. ഭാസ്കരമേനോനുമായുള്ള പരിചയവും സ്നേഹബന്ധവും അവൾക്ക് ആശ്വാസമരുളിയിരുന്നു. ആ ബന്ധം അവൾക്ക് ഒരത്യാവശ്യം പോലുമായിരുന്നു.

"വരണ്ടുതുടങ്ങിയ ആ പെൺകുട്ടിയുടെ ആത്മാവ് വെള്ളത്തിനു കൊതിച്ചപ്പോൾ അതിൽ ഒന്നുരണ്ടു തുള്ളി വീഴ്ത്തിതിയത് അയാളാണ്. സഹാനുഭൂതിക്കുവേണ്ടി ദാഹിച്ചിരുന്ന അവളിലെ സ്ത്രീ തന്നെ മനസ്സിലാക്കാൻ കഴിയുന്ന, തന്റെ വിചാരങ്ങളും വികാരങ്ങളും പങ്കിടാൻ കഴിവും മനസ്സുമുള്ള, ഒരു തോഴനെയാണയാളിൽ കാണുന്നത്. അവൾക്കങ്ങിനെയൊരാൾ അത്യവശ്യമായ സന്ദർഭമായിരുന്നു അത്."

ഇപ്രകാരം ആശ്വാസം കണ്ടെത്താൻ കഴിഞ്ഞ ഒരു ബന്ധത്തെ സ്നേഹശൂന്യമായ ബന്ധങ്ങൾക്കുവേണ്ടി ഉപേക്ഷിക്കുന്ന ശാരദയുടെ ജീവിതനിഷേധത്തിൽ തെളിയുന്നത് പ്രതികാരബുദ്ധിയാണ്. ഇതാകട്ടെ സ്വന്തം അച്ഛന്റെ നേർക്കാണ് ഏറ്റവും നിശിതമായി നീളുന്നത്.

'പരാജിത'യിലെ നിർമല വിവാഹിതയും അമ്മയുമാണ്. പക്ഷെ ഗവേഷണ സ്ഥാപനത്തിൽ എത്തുന്നതോടെ സ്ഥാപനമേധാവിയിൽ അവൾ ആകൃഷ്ടയാകുന്നു. നിർമലയുടെ ഈ മനോഭാവത്തെ അവൾ അനുഭവിച്ചിരുന്ന സ്നേഹശൂന്യതയുടെ മറുപുറമായി ഗ്രഹിക്കുന്നതിൽ പ്രയാസമേതുമില്ല. അവൾ ഓർക്കുന്നു.

"അന്നും ഇന്നും ഒരിക്കലും രവിയുടെ അടുത്ത് പ്രത്യേകമായ വികാരമൊന്നും തോന്നിയിട്ടില്ല. എട്ടുകൊല്ലത്തെ വിവാഹജീവിതം. ഏഴുവയസ്സായ ഒരു മകൻ. എന്നിട്ടിപ്പോൾ–"

ഭാര്യയെന്ന നിലയിൽ രവിയിൽ നിന്നും കിട്ടാത്ത, മകൻ എന്ന നിലയിൽ രജീവനിൽ നിന്നും കിട്ടാത്ത എന്തോ ഒന്നാണ് നിർമല അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. വാസ്തവത്തിൽ സ്നേഹമാണ് ഈ അലഭ്യവസ്തു. അതിന്റെ അഭാവമാണ് അവളെ ഡയറക്ടറിലേക്ക് ആകർഷിക്കുന്നത്. പക്ഷെ വ്യവസ്ഥാപിത സദാചാര വലയങ്ങൾ തകർത്തുകൊണ്ട് സ്വന്തം ഇച്ഛയ്ക്കനുസരിച്ച് മുന്നേറാൻ നിർമല അശക്തയുമാണ്. അതുകൊണ്ടാണ് കഥാകാരി അവളെ പരാജിതയാക്കുന്നത്. ഭൗതിക സൗകര്യങ്ങളെല്ലാമുണ്ടായിട്ടും മാനസികമായ ശൂന്യത അനുഭവിക്കുകയെന്ന ദുരന്തത്തിലേക്ക് നിർമലയെ നയിക്കുന്ന് കുടുംബബന്ധങ്ങളിലെ ഔപചാരികതയാണ്. സ്നേഹം പോലും ഉപചാരബദ്ധമായാൽ അത് എത്രത്തോളം നിർജീവമാകുമെന്ന് നിർമലയിലൂടെ നമ്മൾ വായിക്കുന്നു.

## കുടുംബം എന്ന കെണി

'ആത്മഹത്യ' എന്ന കഥയിലെ നീരജ കുടുംബം എന്ന അടഞ്ഞ ഇടത്തിൽ അഥവാ കെണിയിൽ പെട്ടുഴലുന്ന

> പ്രത്യക്ഷത്തിൽ അഭിപ്രായ ഭിന്നതകളോ കലഹങ്ങളോ ഇല്ലെങ്കിലും അടിച്ചമർത്തപ്പെട്ട സ്ത്രീയുടെ ദൈന്യം രാജലക്ഷ്മിയുടെ സ്ത്രീ കഥാപാത്രങ്ങളിലുണ്ട്. 'പരാജിത'യിലെ നിർമലയും 'ആത്മഹത്യ'യിലെ നീരജയുമാണ് ഇതിന് ഏറ്റവും നല്ല ഉദാഹരണങ്ങൾ. അധികാരശക്തിയുടെ അജയ്യതയാണ് ഇവരുടെ കുടുംബങ്ങളിലുള്ളത്.

സ്ത്രീയാണ്. അപ്പോഴാണ് അവൾ ആത്മഹത്യ ചെയ്യുക (എപ്പോൾ വേണമെങ്കിലും അത് സംഭവിക്കാം) എന്ന ഭയപ്പാടാണ് കഥയുടെ തുടക്കത്തിൽത്തന്നെ കഥാകാരി വായനക്കാരുമായി പങ്കുവെക്കുന്ന്. വലിയ ഉദ്യോഗസ്ഥന്റെ ഭാര്യയാണവൾ. പണത്തിനോ, ജീവിതസൗകര്യങ്ങൾക്കോ യാതൊരു കുറവുമില്ല. വീട്ടിലെ അന്തരീക്ഷം അവളെ ശ്വാസം മുട്ടിച്ചു. ചെറിയ ഇടനേരങ്ങളിൽപ്പോലും അവൾ അയൽപ്പക്കത്തുള്ള കഥാകാരിയുടെ വീട്ടിലേക്ക് ഓടിയെത്തി. ജീവിക്കാൻ വേണ്ടി പണിയെടുക്കുകയെന്ന ബദ്ധപ്പാട് ഒരിക്കലും അറിഞ്ഞിട്ടില്ലാത്ത നീരജയെ കഥാകാരിയുടെ ജോലിത്തിരക്കും സമയമില്ലായ്മയും അത്ഭുതപ്പെടുത്തി. പിന്നീട് അവൾ സ്വന്തം ഇഷ്ടപ്രകാരം ചേച്ചിയുടെ-കഥാകാരിയുടെ- സാരികൾ



എടുത്തുകൊണ്ടുപോയി തേച്ച് തിരികെ വെക്കാൻ തുടങ്ങി. വീട്ടുകാര്യങ്ങളൊന്നും അവൾ ഒരിക്കൽപ്പോലും പറഞ്ഞിട്ടില്ലെങ്കിലും അവളുടെയുള്ളിലെ കനത്ത വിഷാദം കഥാകാരി തിരിച്ചറിഞ്ഞിരുന്നു. പ്രസവത്തിൽ കുഞ്ഞിനെ നഷ്ടപ്പെടുന്ന നീരജ, താനും മരിക്കാത്തതിൽ ഖേദിക്കുന്നുണ്ട്. പിന്നീട് ഭർത്താവിന് സ്ഥലംമാറ്റമായപ്പോൾ നീരജ മറ്റൊരു ദിക്കിലേക്കു പോയി. അവളുടെ കത്തുകൾ കഥാകാരിയെ തേടിയെത്തി. മറുപടി കിട്ടാനായി മാത്രം എഴുതുന്ന കത്തുകൾ.

നീരജ ആത്മഹത്യ ചെയ്യുന്നതായി കഥയിലില്ല. പക്ഷെ അവൾ ആത്മഹത്യയുടെ വക്കിലാണ്. കുടുംബം എന്ന സാമൂഹികസ്ഫോടനം സ്ത്രീകളെ ഭ്രാന്തിലേക്കും ആത്മഹത്യയിലേക്കും നയിച്ചുകൊണ്ടിരിക്കുന്ന കാഴ്ച മാധവിക്കുട്ടിയുടെ കഥാലോകത്ത് നാം ധാരാളം കണ്ടിട്ടുണ്ട്. വിഷാദത്തിനടിമപ്പെട്ട്, മൗനത്തിൽ സ്വയം കുഴിച്ചുമൂടി, മരിച്ചതിനുതുല്യം ജീവിക്കുന്ന സ്ത്രീകൾ, ഗാർഹിക പീഡനത്തിന്റെ ഇരകളാണെന്ന് സാമാന്യമായി വിധിക്കാം. പക്ഷെ ഏതു പീഡനത്തിനു നടുവിലും സ്നേഹിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള ഉത്കടമായ അഭിലാഷം ഇവരുടെയുള്ളിൽ കനൽപോലെ എറിയുന്നുണ്ട്. ആർക്കെങ്കിലും വേണ്ടി, എന്തിനെങ്കിലും വേണ്ടിയാണ് ജീവിക്കുന്നത് എന്ന തോന്നാൽ പോലും അവർക്ക് പ്രാണദായകമാണ്. ചേച്ചിക്ക് സാരി തേച്ചുകൊടുക്കുമ്പോൾ നീരജയുടെ മനസ്സിൽ ഈ വിചാരമാണ് നിറയുന്നത്.

പരാജിത, ഒരധ്യാപിക ജനിക്കുന്നു, മകൾ, ആത്മഹത്യ ഈ കഥകളിലെല്ലാം സ്ത്രീയെ വളരാൻ അനുവദിക്കാത്ത, അവളെ തകർത്തുകളയുന്ന അടഞ്ഞ ഘടനയാണ് കുടുംബം. ഉടമ/അടിമ ബന്ധത്തിലാണ് ഈ കഥകളിലെ കുടുംബചിത്രങ്ങളിൽ പുരുഷനും സ്ത്രീയും പ്രത്യക്ഷമാകുന്നത്. അധികാരം കയ്യാളുന്ന പുരുഷൻ, അധ്വാനം ചൂഷണം ചെയ്യപ്പെടുന്ന സ്ത്രീ- ഈ മാതൃക വ്യത്യസ്ത രീതിയിൽ ഇവയിൽ കടന്നുവരുന്നുണ്ട്. പഠിപ്പും വരുമാനവുമുള്ള ശാരദയ്ക്ക് കുടുംബം ഒരുക്കിവെക്കുന്ന കെണിയിൽ നിന്ന് മോചനമില്ല. ഗാർഹികമായ അടിമത്വം അവൾ സ്വയം സ്വീകരിക്കുന്നതാണ്. എന്തുകൊണ്ടാണ് നിർമലയ്ക്കോ, ഇന്ദിരയ്ക്കോ, ശാരദയ്ക്കോ, നീരജയ്ക്കോ ഈ കെണിയിൽ നിന്ന് പുറത്തുകടക്കാനാകാത്തത്? അവർ അതിന് ശ്രമിക്കുന്നില്ല. അതിനായി തെളിഞ്ഞുകിട്ടുന്ന അവസരങ്ങൾ നിഷേധിക്കുകയും ചെയ്യുന്നു. ഗോവ സമരത്തിൽ പങ്കെടുക്കാൻ ശാരദ വീടുപേക്ഷിച്ച് പോകുന്നുണ്ട്. പക്ഷെ ഇതും ഒരർഥത്തിൽ ജീവിതനിഷേധം തന്നെയാകും. സ്ത്രീക്കായി സമൂഹം വിധികല്പന ചെയ്തിട്ടുള്ള പെരുമാറ്റച്ചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് ഈ കഥാപാത്രങ്ങൾ അനുഷ്ഠിക്കുന്ന ത്യാഗങ്ങൾ അവരുടെ ഭയത്തെയും വിധേ

യത്വത്തെയും ഉറപ്പിക്കുന്നു. മറ്റൊരു രീതിയിൽ ഇടപെടാൻ കഴിയാത്തവിധം വ്യവസ്ഥതിക്കുമുന്നിൽ വിധേയപ്പെട്ടുപോയവരാണിവർ. വിധേയത്വത്തിന്റെ അപരസാന്നിധ്യമായി ബലിബോധം അവരിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു, ഏറ്റവും നിഷേധാത്മകമായി.

## അധികാര ശക്തിയുടെ അജയ്യത

സ്ഥാപനവത്കരിക്കപ്പെട്ട ബന്ധങ്ങൾ കുടുംബത്തെ അധികാരത്തിന്റെയും അടിമത്തത്തിന്റെയും മേലാള/കീഴാള വർഗീകരണത്തിൽ വ്യവസ്ഥപ്പെടുത്തുന്നു. പുരുഷന്റെ ലോകം വിശാലമാണ്. സ്ത്രീയുടെ ലോകം ഇടുങ്ങിയതും. പുരുഷന് തന്റെ ഇച്ഛകൾ നിറവേറ്റാൻ കുടുംബം ഒരു തടസ്സമല്ല. എന്നാൽ സ്ത്രീക്ക് സ്വന്തമായി ഇഷ്ടങ്ങളോ, താത്പര്യങ്ങളോ ഉണ്ടാകാൻ പാടില്ല. ഉണ്ടായാലത് കുടുംബത്തിന്റെ നല്ല നിലയെ പ്രതികൂലമായി ബാധിക്കും. അതുകൊണ്ട് അവൾ എപ്പോഴും 'കണ്ടറിഞ്ഞ്' പെരുമാറി, വിട്ടുവീഴ്ചയ്ക്ക് തയാറായി, അവൾക്കുവേണ്ടി സമൂഹം രൂപകല്പന ചെയ്തിട്ടുള്ള ഭാര്യ, അമ്മ തുടങ്ങിയ പദവികളിലേക്ക് പാകപ്പെടുന്നു.

പ്രത്യക്ഷത്തിൽ അഭിപ്രായ ഭിന്നതകളോ കലഹങ്ങളോ ഇല്ലെങ്കിലും അടിച്ചമർത്തപ്പെട്ട സ്ത്രീയുടെ ദൈന്യം രാജലക്ഷ്മിയുടെ സ്ത്രീ കഥാപാത്രങ്ങളിലുണ്ട്. 'പരാജിത'യിലെ നിർമലയും 'ആത്മഹത്യ'യിലെ നീരജയുമാണ് ഇതിന് ഏറ്റവും നല്ല ഉദാഹരണങ്ങൾ. അധികാരശക്തിയുടെ അജയ്യതയാണ് ഇവരുടെ കുടുംബങ്ങളിലുള്ളത്. ഗൃഹനാഥൻ, ഭർത്താവ് തുടങ്ങിയ പദ്ധതികൾ പുരുഷൻ തന്റെ അധികാരശക്തി വിനിമയം ചെയ്യാനുള്ള ഉപാധികളായി സമൂഹം പണ്ടേക്കുപണ്ടേ ഉറപ്പിച്ചിട്ടുള്ളതാണ്. സ്ത്രീയുടെ സഹനവും ത്യാഗവും പലപ്പോഴും സമൂഹം അവളിൽ നിന്ന് പിടിച്ചുവാങ്ങുന്നതാണ്. പുരുഷന്റെ ലോകവും സ്ത്രീയുടെ ലോകവും വ്യവച്ഛേദിച്ചുനിർത്തി പുരുഷനെ ആത്മവിശ്വാസത്തിന്റെ ആകാശങ്ങളിലേക്ക് പറക്കാൻ പ്രേരിപ്പിക്കുകയും സ്ത്രീയെ അപകർഷതാബോധത്തിന്റെ (ഇച്ഛാഭംഗങ്ങളുടെയും) പടുകുഴികളിലേക്ക് തള്ളിയിടുകയും ചെയ്യുന്ന സമൂഹത്തിൽ മാറ്റമില്ലാതെ തുടരുന്നത് അധികാരശക്തി മാത്രമാണ്.

'ഹാൻഡ് കർച്ചീഫ്' എന്ന കഥയിലെ സ്ത്രീ കഥാപാത്രമായ രാജേട്ടന്റെ അനിയത്തി പുരുഷന്റെ ലോകത്തെക്കുറിച്ച് ചിന്തിക്കുന്നുണ്ട്.

"എനിക്ക് അറിയാൻ വയ്യാത്ത-ഞാൻ കണ്ടിട്ടില്ലാത്ത-കാണാൻ ഞാൻ ആർത്തിയോടെ കൊതിച്ചിരുന്ന - പുറമെയുള്ള ലോകത്തിലേക്കുള്ള ജനാലയായിരുന്നു അന്നെനിക്ക് ഏട്ടൻ.

പുരുഷന്മാരുടെ ലോകം

കുലീനതയുടെയും ആഭിജാത്യത്തിന്റെയും മതിൽക്കെട്ടുകൾ ഇല്ലെങ്കിൽക്കൂടിയും സ്ത്രീക്ക് പ്രവേശിക്കാൻ കഴിയാത്ത ആ ലോകം".

സ്ത്രീക്ക് പ്രവേശനമില്ലാത്ത ധീരസാഹസികതകളുടെ ആ ലോകത്തെക്കുറിച്ച് ഒരു ചെറിയ പെൺകുട്ടിക്കുള്ള കൗതുകം ഇവിടെ വ്യക്തമാണ്. എങ്കിലും വെറും കൗതുകത്തിലുപരി സമൂഹം, വേർതിരിച്ചുനിർത്തിയിരിക്കുന്ന രണ്ട് ലോകങ്ങളുടെ അന്തരത്തിനാണ് ഇവിടെ പ്രാധാന്യം കൈവരുന്നത്. രാജേട്ടന്റെ അനിയത്തി എന്ന നിലയിലാണ് ഈ കഥയിലെ സ്ത്രീകഥാപാത്രം അവതരിപ്പിക്കപ്പെട്ടിരിക്കുന്ന്. ഇവിടെയും ഒരു സൂചനയുണ്ട്. പുരുഷനിലൂടെ, പുരുഷനുമായി ബന്ധപ്പെട്ട ഏതെങ്കിലും കുടുംബ പദവിയിലൂടെയാണ് സ്ത്രീ എപ്പോഴും വ്യവഹരിക്കപ്പെടുന്നത് എന്ന സൂചന. രാജേട്ടൻ പറഞ്ഞുമാത്രം അനിയത്തിക്ക് അറിയുമായിരുന്ന മാധവൻ മാസ്റ്ററിലേക്ക് കഥ വികസിക്കുന്നു. ഏട്ടന്റെ വാക്കുകൾ വഴി അനിയത്തിക്ക് മാസ്റ്ററോട് ആഴമേറിയൊരു ഹൃദയബന്ധം രൂപംകൊള്ളുന്നു. ഇഷ്ടവും ആരാധനയും കലർന്ന ഒരു മനോഭാവമെന്ന് ആ ബന്ധത്തെ വേണമെങ്കിൽ വിശേഷിപ്പിക്കാം. എന്തായാലും മാധവൻ മാസ്റ്റർക്കുവേണ്ടി അവൾ കർച്ചീഫ് തുന്നുന്നു. രാജേട്ടന്റെ കയ്യിൽ അത് കൊടുത്തയക്കാൻ പോവുകയാണെന്നറിഞ്ഞ് അമ്മ അവളെ വളരെ ശകാരിക്കുകയും കർച്ചീഫ് എടുത്തു മാറ്റുകയും ചെയ്തു. "ആരോടും പറയാതെ കർച്ചീഫ് തുന്നി വല്ല ആണുങ്ങൾക്കും കൊടുത്തയക്കാൻ തുടങ്ങിയതി'നാണ് അമ്മ അവളെ ശകാരിച്ചത്. കർച്ചീഫുകൾ കൈമാറാനായില്ല. ഹൃദ്രോഗിയായ മാധവൻ മാസ്റ്റർക്ക് വൈകാതെ മരണം സംഭവിച്ചു. താൻ തുന്നിയ കർച്ചീഫുകൾ എത്തിച്ചിരുന്നെങ്കിൽ അദ്ദേഹം മരിക്കില്ലായിരുന്നു എന്നൊരു തോന്നൽ എന്തുകൊണ്ടോ അവളുടെ മനസ്സിൽ ഉറയ്ക്കുന്നു. അതിൽപ്പിന്നെ അവൾ കർച്ചീഫ് തുന്നിയിട്ടില്ല.

തന്റെ സ്നേഹനിർഭരമായ മനസ്സ് പുരുഷനുമുന്നിൽ പ്രകടിപ്പിക്കാൻ സ്ത്രീക്ക് അനുവാദമില്ല. കുടുംബ അവളെ അടക്കവും ഒതുക്കവും പരിശീലിപ്പിച്ചിരിക്കുന്നു. ജ്യേഷ്ഠനേക്കാൾ വളരെ മുതിർന്ന ഒരാൾക്ക്, ചെറിയ പെൺകുട്ടിയായ അവൾ കർച്ചീഫ് തുന്നിക്കൊടുക്കുന്നത് കുടുംബത്തിന്റെ കുലീനതാസങ്കല്പങ്ങൾക്ക് നിരക്കുന്നതല്ല. വല്ല ആണുങ്ങൾക്കും എന്ന പ്രയോഗത്തിൽ ഈ കുലീനതാസങ്കല്പമാണ് അടങ്ങിയിരിക്കുന്നത്. അധികാരശക്തിയുടെ ജയം ഇവിടെ പതിവുപടി അച്ഛനിലൂടെയല്ല, അമ്മയിലൂടെയാണ് സൂചിപ്പിക്കപ്പെടുന്നത് എന്നൊരു വ്യത്യാസമേയുള്ളൂ. അച്ഛന്റെ അസാന്നിധ്യത്തിൽ അമ്മ ഇവിടെ ഉപകരണമാകുന്നു. ഏതുനിലയ്ക്കായാലും സ്ത്രീയുടെ അഭിലാഷങ്ങൾ തകർക്കപ്പെടേണ്ടതാണെന്നും അവൾ കുലീനതയുടെ യുക്തികൾക്ക് വഴങ്ങി ജീവിക്കേണ്ടവളാണെന്നുമുള്ള ചിന്താഗതിയെ ഹാൻഡ് കർച്ചീഫ് അനാവരണം ചെയ്യുന്നു. അധികാരശക്തിയെ നിരന്തരം ജയിക്കാൻ അനുവദിക്കുന്നതിലൂടെ മാത്രമാണോ സ്ത്രീയുടെ അതിജീവനം എന്നൊരു ചോദ്യം ഈ കഥ ഉന്നയിക്കുന്നുണ്ട്.

സ്നേഹത്തിലൂടെ മൃതിയെ അതിജീവിക്കാനാകുമെന്ന വിശ്വാസം ഹാൻഡ് കർച്ചീഫിൽ ഉള്ളടങ്ങിയിട്ടുണ്ട്. മറ്റ് കഥാസന്ദർഭങ്ങളിലെല്ലാം സ്നേഹത്തിന്റെ അഭാവമാണ് വ്യക്തിബന്ധങ്ങളുടെ ശൈഥില്യത്തിനും മാനസികമായ തകർച്ചകൾക്കും കാരണമാകുന്നത്. സ്ത്രീക്ക് തുറസ്സുകൾ അനുവദിക്കാതെ അവളെ കെണിയിലാക്കുന്ന കുടുംബവ്യവസ്ഥിതിയുടെ കർക്കശതയും അധികാരശക്തിയുടെ അജയ്യതയും അടങ്ങുന്നത് സ്നേഹരാഹിത്യത്തിൽ നിന്നാണ് സ്ത്രീയെ വ്യക്തിയായി ഉൾക്കൊള്ളാനും സ്നേഹിക്കാനും വിമുഖത കാട്ടുന്ന പുരുഷാധിപത്യത്തിന്റെ യുക്തികളെ അനുസരിക്കുന്വരല്ലേ രാജലക്ഷ്മിയുടെ സ്ത്രീകൾ എന്ന സംശയം ഇവിടെ തീർച്ചയായും ഉടലെടുക്കുന്നുണ്ട്. അനുസരിക്കുന്നവരാണെന്നു തന്നെയാണ് ഉത്തരം. പക്ഷേ, തന്റെ സർഗവ്യക്തിത്വത്തിന് നിരക്കുന്ന തരത്തിൽ, മൃദുവായി, സ്ത്രീയുടെ അവസ്ഥാവിശേഷങ്ങൾ അവതരിപ്പിച്ച ഒരു എഴുത്തുകാരിക്ക് അന്നത്തെ സമൂഹത്തിൽ സ്ത്രീ നേരിടുന്ന പ്രതികൂലസ്ഥിതികളെക്കുറിച്ച് ഇപ്രകാരമല്ലേ പ്രതികരിക്കാനാകൂ എന്നൊരു മറുചോദ്യം ഇവിടെ ഉയർന്നുവരുന്നുണ്ട്. സർവതിനെയും എതിർത്തുകൊണ്ട് പൊരുതലിന്റെ പ്രത്യക്ഷമാർഗം സ്വീകരിച്ചുകൊണ്ട് പരിഹാരങ്ങൾ തേടുന്ന രീതി രാജലക്ഷ്മിയുടെ രചനാവ്യക്തിത്വത്തിന് അപരിചിതമാണ്, അസാധ്യവുമാണ്. സെന്റിമെന്റ്സ് എന്ന വിശേഷണത്തിൽ പലരും പരിഹരിക്കുന്ന ലോലങ്ങളായ ചില വികാരങ്ങളിലൂടെ അവർ പകർന്നുതന്നത് സ്ത്രീയുടെ വൈകാരികസ്വത്വത്തിന്റെ അതിസൂക്ഷ്മതലങ്ങളാണ്. കർത്തവ്യങ്ങളും കടമകളും കൂട്ടിയും കുറച്ചും കണക്കെടുത്തുകഴിയുമ്പോൾ ബാക്കിയാകുന്നതെന്താണ് അതുമാത്രമാണോ സ്ത്രീ എന്ന ചോദ്യം മലയാള സാഹിത്യത്തിൽ ആദ്യമായി ഉന്നയിച്ചത് രാജലക്ഷ്മിയാണ്. ഇതേക്കുറിച്ചുള്ള അന്വേഷണങ്ങൾ അവർക്ക് 'ആത്മാവിന്റെ വേദനകളാ'യിരുന്നു; അനിവാര്യമായ വേദനകൾ. 'കൂരിരുൾക്കയത്തിൽ താഴാൻ ദാഹിച്ച ദീപങ്ങളെ'ക്കുറിച്ച് രാജലക്ഷ്മിയെ ഓർക്കുമ്പോൾ ജി. കുമാരപിള്ള തന്റെ 'ആത്മഗതം' എന്ന കവിതയിൽ പറയുന്നുണ്ട്. എഴുത്തിൽ രാജലക്ഷ്മി തെളിയിച്ച ദീപങ്ങൾ ഇരുളിനെ നിരന്തരം ഭേദിച്ചുകൊണ്ട് മങ്ങാതെ നിൽക്കുന്നു. ■

*ആധാരങ്ങൾ*


1. *രാജലക്ഷ്മിയുടെ കഥകൾ, കറന്റ് ബുക്സ്, തൃശൂർ 2013*
2. *സുഗതകുമാരിയുടെ കവിതകൾ – സമ്പൂർണം, ഡി.സി. ബുക്ക്, കോട്ടയം 2011*

# ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ (1915–2014)



ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ ഓർമയായി. നൂറാം ജന്മദിനം ആഘോഷിച്ച് അല്പദിവസങ്ങൾ കഴിഞ്ഞപ്പോഴാണ് (2014 ഡിസംബർ നാല്) സംഭവബഹുലമായ ആ ജീവിതത്തിന് തിരശ്ശീലവീണത്. നമ്മുടെ സാംസ്കാരിക, നീതി, സാമൂഹിക, രാഷ്ട്രീയ ബോധത്തിനുമുകളിൽ ജ്വലിച്ചുനിന്ന സൂര്യസാന്നിധ്യമായിരുന്നു കൃഷ്ണയ്യർ. ആ ദീപ്തസാന്നിധ്യം നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നു.

പാലക്കാട്ടുകാരനായ വൈദ്യനാഥപുരം രാമയ്യർ കൃഷ്ണയ്യർക്ക് സ്വാമൂഹിക പ്രശ്നങ്ങൾ ഒന്നും തന്നെ അന്യമായിരുന്നില്ല. നിരന്തരമായ ഇടപെടലുകൾ കൊണ്ട് മലയാളി മനസ്സിനെ അദ്ദേഹം ചലനാത്മകമാക്കി. പാർശ്വവത്കരിക്കപ്പെട്ടവർക്കും അശരണർക്കും വേണ്ടി അദ്ദേഹത്തിന്റെ നാവും തൂലികയും നിരന്തരം പൊരുതി. മനുഷ്യാവകാശ ധ്വംസനങ്ങൾക്കും പൊതു സ്വാതന്ത്ര്യത്തിനും വേണ്ടി അദ്ദേഹം വിട്ടുവീഴ്ചയില്ലാതെ പ്രവർത്തിച്ചു.

1952 ൽ സ്വതന്ത്രനായി തലശ്ശേരിയിൽ നിന്നും മദ്രാസ് ലജിസ്ലേറ്റീവ് അസംബ്ലിയിലേക്ക് മത്സരിച്ച് ജയിച്ച കൃഷ്ണയ്യർ 1957 ൽ ഐക്യകേരളത്തിലെ ആദ്യ മന്ത്രിസഭയിൽ അംഗമായി. തടവുകാരുടെ അവകാശങ്ങൾക്കും ജയിൽ പരിഷ്കരണങ്ങൾക്കും അദ്ദേഹം തുടക്കംകുറിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് കൂടുതൽ കോടതികളും റെസ്ക്യൂ ഹോമുകളും സ്ഥാപിച്ചു. 1968 ൽ കേരള ഹൈക്കോടതി ജഡ്ജിയായി സ്ഥാനമേറ്റതോടെ നിരവധി സുപ്രധാനമായ വിധികൾ അദ്ദേഹത്തിൽനിന്നുണ്ടായി. 1971–73 കാലഘട്ടത്തിൽ ലോ കമ്മിഷൻ അംഗമായ അദ്ദേഹം രാജ്യത്ത് നിയമസഹായപ്രസ്ഥാനം രൂപീകരിക്കാനാവശ്യമായ റിപ്പോർട്ടിന് രൂപം നൽകി. 1973 ൽ അദ്ദേഹം സുപ്രീംകോടതി ജഡ്ജിയായി നിയമിതനായി. 1980 വരെ തത്സ്ഥാനത്ത് തുടർന്ന അദ്ദേഹം ഈ കാലയളവിൽ സുപ്രധാനമായ പല വിധികളും നടത്തി. രാജ്യത്തെ നീതിന്യായ വ്യവസ്ഥയ്ക്ക് മറക്കാനാകാത്തതാണ് ആ വിധികളിൽ പലതും.

ജയിലുകൾ പീഡനമുറികളാകരുതെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കുറ്റവാളിയുടെ മാനസാന്തരത്തിനുതകുന്നതാകണം ജയിൽവാസം. തടവുപുള്ളികളിലെ കുറ്റവാസന അവസാനിപ്പിക്കാനായി ജയിലുകളിൽ യോഗയും ധ്യാനവും പരിശീലിപ്പിക്കണമെന്നായിരുന്നു കൃഷ്ണയ്യരുടെ അഭിപ്രായം.

1980 ൽ അദ്ദേഹം ഔദ്യോഗിക രംഗത്തുനിന്നും വിരമിച്ചു. 1987 ൽ ഇന്ത്യൻ രാഷ്ട്രപതി സ്ഥാനത്തേക്ക് മത്സരിച്ചു. 2004 ൽ കേരള നിയമപരിഷ്കാര കമ്മിഷന്റെ തലവനായി. എന്നാൽ ഇതിനൊക്കെ അപ്പുറം അദ്ദേഹം സാധാരണക്കാരന്റെ പ്രശ്നങ്ങളേറ്റെടുത്ത് അവർക്കുവേണ്ടി ജീവിതാന്ത്യം വരെ പ്രവർത്തിച്ചു എന്നതിലാണ് അദ്ദേഹത്തിന്റെ യഥാർഥ ഔന്നിത്യം. വാർധക്യത്തിനുപോലും ഊർജസ്വലമായ ആ മനസ്സിനെ തളർത്താൻ കഴിഞ്ഞിരുന്നില്ല. പുസ്തകമെഴുത്തും സാമൂഹിക പ്രവർത്തനങ്ങളുമായി അദ്ദേഹം നിറഞ്ഞുനിന്നു. ഭാര്യയുടെ അകാലത്തിലുള്ള വേർപാട് അദ്ദേഹത്തിൽ ആഴത്തിലുള്ള മുറിവ് സൃഷ്ടിച്ചു. ആ വേദനയിൽ മരണാനന്തരജീവിതത്തെക്കുറിച്ചും അദ്ദേഹം പുസ്തകമെഴുതി. അദ്ദേഹത്തിന്റെ മിക്ക കൃതികളും നിയമവുമായി ബന്ധപ്പെട്ടതായിരുന്നു. 'വാണ്ടറിങ് ഇൻ മെനി വേൾഡ്സ്' അദ്ദേഹത്തിന്റെ ആത്മകഥയാണ്. രമേശ്, പരമേശ് എന്നിവർ മക്കളാണ്. 1999 ൽ പത്മവിഭൂഷൺ നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു. ■

■ സി.ആർ. രവിനമ്പ്യാർ


# അക്കിത്തം നാരായണന്റെ ചിത്രവഴികൾ



ഏതൊരു കലാസൃഷ്ടിയിലും സ്വന്തം പന്ഥാവ് തീർക്കുന്നവരാണ് സർഗാത്മകതയിൽ സ്വതന്ത്ര ആവിഷ്കാരം നേടുന്നത്. സ്വന്തം അസ്തിത്വം നിലനിർത്തുന്നതോടൊപ്പം മാറ്റങ്ങൾക്ക് സ്വയം തയാറാവുകയും ആ മാറ്റങ്ങൾ സൃഷ്ടികളിൽ പ്രകടമാവുകയും ചെയ്യുമ്പോൾ കലാകാരൻ കാലഘട്ടത്തോടുകൂടി സംവദിക്കുന്നു. ഇത്തരം സവിശേഷതകൾ പുലർത്തുന്ന അക്കിത്തം നാരായണൻ ഇന്ത്യയിലെ മൂല്യമേറിയ ചിത്രകാരന്മാരിൽ മുന്നിട്ടു നിൽക്കും. കഴിഞ്ഞ നാല്പതു വർഷക്കാലത്തോളമായി പാരീസ് തട്ടകമായി കഴിയുന്ന ഇദ്ദേഹം നാട്ടിലെത്തുമ്പോഴും വർണങ്ങളുടെ ലോകത്തുതന്നെയാണ്. ഇന്ത്യയിലും ഏറെ ആവശ്യക്കാരുള്ള അക്കിത്തത്തിന്റെ രചനകൾ സൂക്ഷ്മമായി പരിശോധിച്ചാൽ പ്രകൃതിയും പഞ്ചഭൂതാത്മകതയുമെല്ലാം ഉൾച്ചേരുന്നവയാണെന്ന് തിരിച്ചറിയാം.

അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ സഹോദരൻ, പ്രതിഭകൾക്കു ജന്മംനൽകിയ പാലക്കാട് കുമാരനല്ലൂർ ഗവ. ഹയർസെക്കൻഡറി സ്കൂളിന്റെ സന്തതി, പ്രശസ്തമായ മദ്രാസ് സ്കൂൾ ഓഫ് ആർട്സ് ആൻഡ് ക്രാഫ്റ്റ്സിൽ കെ.സി.എസ്. പണിക്കർ, റോയ് ചൗധരി എന്നിവരുടെ ശിഷ്യൻ എന്നീ നിലകളിലെല്ലാം ശ്രദ്ധേയനാകുന്നു അക്കിത്തം നാരായണൻ. മദ്രാസ് പഠനത്തിന്റെ സ്വാധീനം ഈ കലാകാരനിൽ ഏറെ പ്രകടമാണ്. പ്രത്യേകിച്ചും കെ.സി.എസ്. പണിക്കരുടെ ശിഷ്യത്വം എന്നുകൂടി പറയാം. കലയെ ജീവിതോപാധി എന്ന നിലയിൽത്തന്നെ ഏറ്റെടുക്കാൻ ശിഷ്യർക്ക് പണിക്കരുടെ നിർദേശമുണ്ടായിരുന്നു. മദ്രാസ് സ്കൂൾ പഠനത്തിൽ കരകൗശലവിദ്യയോടൊപ്പം ബാത്തിക് പരിശീലിച്ചതും ഇതിന്റെ ഭാഗമായാണ്. പഠനശേഷം കലാകാരന്മാർക്ക് ഒരു വരുമാനമാർഗം കണ്ടെത്താനായിരുന്നു അക്കാലത്ത് മദ്രാസിൽ ആർട്ടിസ്റ്റ്സ് ഹാൻഡിക്രാഫ്റ്റ്സ് അസോസിയേഷൻ രൂപീകരിച്ചത്. 1961 ൽ നാരായണൻ പെയിന്റിങ്ങിൽ ഡിപ്ലോമയും ഭാരത സർക്കാരിന്റെ കൾച്ചറൽ സ്കോളർഷിപ്പോടെ പണിക്കരുടെ കീഴിൽ ഉപരിപഠനവും നടത്തി. 1967 ലാണ് ഫ്രഞ്ച് സർക്കാരിന്റെ കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമിന് കീഴിൽ സ്കോളർഷിപ്പോടെ പാരീസിലെത്തുന്നത്. ഇത് ഇദ്ദേഹത്തിന്റെ കലാജീവിതത്തിന്റെ ഒരു ഘട്ടം ആരംഭിക്കലുമായി. പിന്നീട് ജപ്പാൻകാരിയായ സചിക്കോയെ ജീവിതസഖിയായതും പാരീസ് വാസം തുടരുന്നതും ജീവിതനിയോഗമായിരിക്കണം.

അമൂർത്ത രചനകളിൽ താന്ത്രിക ആവിഷ്കാരശൈലി അക്കിത്തം നാരായണനെ മറ്റ് ആധുനിക ചിത്രകാരന്മാരിൽ നിന്ന് വ്യത്യസ്തനാക്കുന്നു. കാലത്തിന്റെ മാറ്റങ്ങളും അദ്ദേഹത്തിന്റെ രചനകളിൽ ദൃശ്യമാണ്. ആദ്യകാല രചനകൾ റിയലിസ്റ്റിക് രൂപങ്ങളായിരുന്നെങ്കിൽ 1970 കളിലെത്തുമ്പോളേക്കും താന്ത്രിക ശൈലിയെ സമീപിക്കുന്നു. പിന്നീടത് യൂറോപ്യൻ





**അക്കിത്തം നാരായണന്റെ ഒരു ചിത്രം**

ജ്യാമിതീയതയിലെത്തി നിൽക്കുകയും ചെയ്യുന്നു. ആനുകാലിക സംഭാവനകളിൽ ഹരിതവർണത്തിന്റെ മേലാപ്പ് തെളിയുന്നത് കാലിക നഷ്ടങ്ങളുടെ അന്തർഭാവനകളായി കണക്കാക്കാവുന്നതാണ്. നഷ്ടപ്രക്രിയയെ സൂചിപ്പിക്കുന്നതുവഴി കലാകാരൻ കാലത്തോടും സംവദിക്കുകയും ചെയ്യുന്നു. കാലികതയോട് സംവദിക്കുമ്പോൾ തന്നെ ചിത്രങ്ങളിൽ ക്യൂബിസം, ഓർഫിസം എന്നിവയുടെ സ്വാധീനവും പ്രകടമാകുന്നു.

ചതുരങ്ങൾ, ത്രികോണമാനങ്ങൾ എന്നിവ ദൃശ്യവത്കരിക്കുന്നതിൽ മതാത്മകത വായിച്ചെടുക്കാം. സൃഷ്ടികൾ പഞ്ചഭൂതാത്മകത പുലർത്തുന്നവയാണെങ്കിലും അവയിൽ മറ്റുചില സംഗതികൾ കൂടിയുണ്ട്. അഗ്നിയെ സർപ്പരൂപത്തിൽ ദൃശ്യവത്ക്കരിക്കുമ്പോഴും വായുവും ജലവും മേഘവിസ്തൃതിയും വർണങ്ങളിൽ ആവിഷ്കരിക്കുമ്പോഴും ഇവയിൽ ഭാരതീയത പ്രകടമാവുന്നു ഈ പൈതൃകത്തിന്റെ സ്വാധീനം നാരായണന്റെ സവിശേഷതയാണ്. അജന്ത, എല്ലോറ എന്നിവിടങ്ങളിലെ ആവിഷ്കാരങ്ങളോട് സാമ്യം പുലർത്തുന്നു ഈ കലാകാന്റെ വർണസങ്കല്പനങ്ങൾ. ഭാരതീയ ചുവർചിത്രങ്ങളുടെ ആകർഷണീയതയും പൗരാണികതയും തന്റെ അസ്തിത്വത്തിന്റെ ഭാഗമാക്കാനാണ് ഇദ്ദേഹം ശ്രമിക്കുന്നത്. എണ്ണച്ചായ രചനകളിൽ വർണങ്ങളുടെ നേർമയും ആവശ്യമുള്ളിടത്ത് പ്രക്ഷുബ്ധതയും നാരായണൻ സൃഷ്ടിക്കുന്നു. ജ്യാമതീയത താന്ത്രികശൈലിയുടെ സവിശേഷതയുമാകുന്നു.

കലാഗ്രാമമെന്ന് വിശേഷിപ്പിക്കുന്ന മദ്രാസിലെ ചോളമണ്ഡലത്തിന്റെ സംഘാടനത്തിലും അക്കിത്തം നാരായണൻ പ്രധാന പങ്കുവഹിച്ചു. അറുപതുകളിൽ മദ്രാസ് വാസക്കാലത്തായിരുന്നു ഇത്. മദ്രാസ് ലളിതകലാ അക്കാദമി ഓണററി സെക്രട്ടറി പദവും ഇടക്കാലത്ത് വഹിക്കുകയുണ്ടായി. ആദ്യത്തെ സ്വതന്ത്ര ചിത്രപ്രദർശനം നാരായണൻ സംഘടിപ്പിച്ചത് 1965 ൽ മദ്രാസിലെ മാക്സ്മുള്ളർ ഭവനിലായിരുന്നു. ആ വർഷം തന്നെ മഹാബലിപുരത്ത് നടന്ന ഒരു ചിത്രകലാക്യാമ്പിലെ പരിചയമാണ് ഡൽഹിയിലെത്താൻ സഹായിച്ചത്. രണ്ടു വർഷം ഡൽഹിയിലും കലാപ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ജപ്പാൻ, കൊറിയ, ജർമനി തുടങ്ങി നിരവധി രാജ്യങ്ങളിൽ നാരായണന്റെ ഒറ്റക്കും കൂട്ടായുമുള്ളചിത്രപ്രദർശനങ്ങൾ നടക്കാറുണ്ട്. 1988 മുതൽ ഇന്ത്യൻ ഗ്യാലറികളിലും സജീവ സാന്നിധ്യമാണ്. നിരവധി പുരസ്കാരങ്ങളും നേടുകയുണ്ടായി. കേരള സർക്കാരിന്റെ രാജാരവിവർമ്മ അവാർഡ് 2011 ൽ അദ്ദേഹത്തിന് ലഭിച്ചു.

വരയ്ക്കാനുള്ള അഭിനിവേശമാണ് ഒരു യഥാർഥ ചിത്രകാരനെ സൃഷ്ടിക്കുന്നതെന്ന് അക്കിത്തം അഭിപ്രായപ്പെടുന്നു. ഈ അഭിനിവേശം മറ്റെന്തെല്ലാം നഷ്ടങ്ങളുണ്ടാക്കിയാലും സ്വന്തം സർഗശേഷിക്ക് മുതൽക്കൂട്ടാവുന്നു. ഈ സർഗശേഷി എന്തെങ്കിലും ടെക്നിക്കുകൾ കൊണ്ട് സൃഷ്ടിക്കുന്നതല്ല. എന്നാൽ ആവിഷ്കാരത്തിൽ ചില ടെക്നിക്കുകൾ ആവശ്യമാണുതാനും. മനസ്സിൽ ഉരുത്തിരിയുന്ന ആശയം ക്യാൻവാസിലെത്തുമ്പോൾ ചില മാറ്റങ്ങൾക്കു വിധേയമാവാറുണ്ടെന്നും ഈ കലാകാരൻ സാക്ഷ്യപ്പെടുത്തുന്നു. കലാകാരൻ സ്രഷ്ടാവല്ല. എന്നാൽ സ്വന്തം മുദ്ര സംഭാവനകളിൽ പതിയുമ്പോൾ മാത്രമാണ് കലാകാരന് നിലനിൽപ്പുള്ളത്. ഗുരുനാഥന്മാരുടെ സ്വാധീനം തന്നിലുണ്ടെന്ന് ഇദ്ദേഹം സമ്മതിക്കുന്നു. എന്നാൽ അനുകരണം ഉണ്ടായിട്ടുമില്ല. ഇതാണ് വരയ്ക്കേണ്ടതെന്ന് പറയുന്നവരല്ല ഗുരുക്കന്മാർ. മറിച്ച് വരകളിൽ പുലർത്തേണ്ട സൂക്ഷ്മത, ഭദ്രത എന്നിവയെക്കുറിച്ചുള്ള ബോധ്യം പകരുന്നവരായിരിക്കണം.

സമൂഹത്തോട് സംവദിക്കാൻ സാമൂഹികജീവിതത്തോട് ആഭിമുഖ്യം പുലർത്തുന്നവരായിരിക്കണം ചിത്രകാരന്മാരെന്നാണ് അക്കിത്തം നാരായണന്റെ അഭിപ്രായം. ഇത്തരം ബന്ധങ്ങളും കൂട്ടായ്മകളുമാണ് കലാകാരനെ മുന്നോട്ട് നയിക്കുന്നതിനുള്ള യഥാർഥ പ്രേരക ശക്തി. ഒരുകാലത്ത് പാരീസ് തന്നെയായിരുന്നു ചിത്രകലയുടെ തലസ്ഥാനമെങ്കിൽ ഇന്ന് സ്പെയിൻ, റഷ്യ തുടങ്ങി ലോകത്ത് പലയിടത്തും കലാകേന്ദ്രങ്ങളുണ്ട്. ഇന്ത്യയിൽ ചിത്രകലാ സങ്കേതങ്ങൾ ഇപ്പോഴും നഗരകേന്ദ്രീകൃതമാണെന്നാണ് ഈ കലാകാരന്റെ അഭിപ്രായം. കേരളം ചിത്രകലയോട് വേണ്ടത്ര ആഭിമുഖ്യം കാണിക്കുന്നുമില്ല. ഇവിടെ സാധാരണക്കാരിൽ നിന്ന് ചിത്രകലക്ക് ഒരകൽച്ചയുണ്ടോ എന്ന സംശയവും അദ്ദേഹത്തിനുണ്ട്. എന്നാൽ തന്റെ സൃഷ്ടികൾക്ക് കേരളത്തിലും ഇന്ന് ആവശ്യക്കാർ ഏറിവരികയാണെന്നും അക്കിത്തം നാരായണൻ പറയുന്നു. ■



സാംസ്കാരികം

എഴുമാവിൽ രവീന്ദ്രനാഥ്

# ഓർമയിൽ സൂക്ഷിക്കാൻ ഒരു തിരുവാതിര



അംഗനമാർ മൗലീമണേ
തിങ്കളാസ്യേ ചാരുശീലേ...........

പാലപ്പൂവിന്റെ തീക്ഷ്ണഗന്ധം പരന്നൊഴുകുന്ന ധനുമാസരാവ്. കോടമഞ്ഞിന്റെ നേരിയ ആവരണത്തിനുള്ളിലമർന്ന ഗ്രാമഹൃദയങ്ങളിൽനിന്ന് ഒരു മധുരമനോഹരഗാനത്തിന്റെ ശീലുയരുന്നു.

ഇതു മംഗലാതിര, മാർഗ ശീർഷമാസത്തിലെ പുണ്യദിനം. അടുക്കളകളിലും അറപ്പുരകളിലും തളച്ചിടപ്പെട്ട പ്രാചീന സ്ത്രീസമൂഹം ഉമ്മറമുറ്റത്തേക്കും കളിയരങ്ങിലേക്കുമെത്തുന്നു. എല്ലാം മറന്ന് ആടിപ്പാടി ആഘോഷിക്കുവാൻ ഓണവും വിഷുവും പോലെ മലനാട് ഒരിക്കൽ കൊണ്ടാടിയിരുന്ന തിരുവാതിര മെല്ലെ മെല്ലെ ചരിത്രത്താളിലേക്കു മടങ്ങുകയാണ്.

സ്ത്രീകളുടെ മാത്രം ഉത്സവമാണിത്. ഒഴിവുവേളകളിൽ കാരണവൻമാരുടെ കണ്ണുവെട്ടിച്ചും, കാര്യസ്ഥർക്ക് കൈമടക്ക് കൊടുത്തും, കളപ്പുരകളിലും തറവാട്ടിലെ ഒഴിഞ്ഞ ചായ്പുകളിലും ആരുമറിയാതെ പരിശീലിച്ച ചുവടുകൾ ഏഴുതിരിയിട്ട നിലവിളക്കിനു മുമ്പിൽ അരങ്ങേറ്റം നടത്തുമ്പോൾ ആൺപ്രജകളും കുഞ്ഞുങ്ങളും സേവകരും സദസ്യരാവുന്നു. ഇവിടെ വാദ്യോപകരണങ്ങളുടെ തള്ളിക്കയറ്റമില്ല. വർണ വസ്ത്രങ്ങളുടെ പളപളപ്പില്ല. ആറിലേക്കെത്തുന്ന ബാലികയും അറുപതുകടന്ന മുത്തശ്ശിയും കൈയും മെയ്യും മറന്ന് ചുവടുകൾ വയ്ക്കുകയാണ്.

കാളിന്ദിയിൽ ലീലകളായ് ബാലഗോപാലാ..............
കാളിയന്റെ മദമടക്കിയ ബാലഗോപാലാ.................

സുമംഗലികൾ ഭർതൃസൗഖ്യത്തിനും കന്യകമാർ സദ്ഭർതൃലാഭത്തിനുമായിട്ടായിരുന്നു തിരുവാതിര വ്രതം നോറ്റിരുന്നത്. രേവതി നക്ഷത്രം മുതൽ ഏഴുനാളാണ് വ്രതം. മകയിരം നാളിലാണ് പ്രസിദ്ധമായ എട്ടങ്ങാടി ചുടുന്നത്. കാവത്ത് (കാച്ചിൽ), കൂർക്ക, ചേനവിത്ത് (ചേനയിൽ മുളപൊട്ടി നിൽക്കുന്ന കിഴങ്ങ്), നനകിഴങ്ങ്, ചെറുകിഴങ്ങ്, മധുരക്കിഴങ്ങ്, ശീമച്ചേമ്പ്, ചെറുചേമ്പ് എന്നിങ്ങനെ എട്ടുതരം കിഴങ്ങുകളെയാണ് എട്ടങ്ങാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനോടൊപ്പം നേന്ത്രക്കായും ചേർത്ത് കനലിൽ ചുട്ടെടുത്ത് കൊപ്രാത്തേങ്ങ, കരിമ്പ്, കദളിപ്പഴം എന്നിവയും വറുത്തെടുത്ത വൻപയർ, എള്ള്, കടല, ചോളപ്പൊടി എന്നിവയും കൂടി ഒരു ചെമ്പുപാത്രത്തിലിട്ടിളക്കിയെടുത്താൽ ദേവതകൾക്കുള്ള പ്രസാദമായി.

തിരുവാതിരനാൾ തറവാട്ടിലെ കൂട്ടനീരാട്ടിനു



ശേഷമാണ് കരിക്ക്, പഴം, അട, ശർക്കര, അവൽ, മലർ ഇവ നേദിച്ച് കൂവ കുറുക്കിയതും ചേർത്തുള്ള പ്രഭാതഭക്ഷണം. അന്ന് അരിയാഹാരം വർജ്യമാണ് പകരം ഗോതമ്പ്, ചാമ എന്നിവയാകാം. ഇന്നും മധ്യതിരുവിതാംകൂറിൽ തിരുവാതിര നാളിലെ പുഴുക്ക് പ്രസിദ്ധമാണ്. ചേനവിത്ത്, കാച്ചിൽ, ചേമ്പ്, കൂർക്ക, നനകിഴങ്ങ്, ചെറുകിഴങ്ങ്, നേന്ത്രക്കായ, വൻപയർ, കറിവേപ്പില എന്നിവയാണ് തിരുവാതിരപ്പുഴുക്കിലെ ഘടകങ്ങൾ. ഇവ വെന്തുവാങ്ങാറാവുമ്പോൾ വെന്ത വെളിച്ചണ്ണ മേമ്പൊടിയായി ചേർക്കുന്നു. തേങ്ങാപ്പാൽ പിഴിഞ്ഞ് അടുപ്പിൽ വറ്റിച്ചു തയാറാക്കുന്ന ഈ വെളിച്ചണ്ണയുടെ മണവും ഗുണവും രുചിയും പുതുതലമുറയ്ക്ക് കേട്ടുകേൾവിമാത്രം.

പ്രകൃതിയും പുരുഷനും ഒന്നാകുന്ന പുണ്യവേളയത്രെ തിരുവാതിര. ഇത് ഉമാമഹേശ്വര പ്രതീകമെന്ന് പുരാണങ്ങൾ പറയുന്നു. അമ്മിക്കുഴവിയെ അർദ്ധനാരീശ്വരനായി സങ്കൽപ്പിച്ച് നടുമുറ്റത്തെ അരിപ്പൊടിക്കോലത്തിലേക്ക് കന്യകമാർ വായ്ക്കുരവയോടെ ആനയിക്കുന്നു. ഇവിടത്തെ പൂജാപുഷ്പം അടയ്ക്കാമണി എന്ന ചെടിയുടെ നാമ്പുകളാണ്. എട്ടുദിക്കുകളിൽ നിന്നു പ്രപഞ്ചത്തെ സംരക്ഷിക്കുന്ന അഷ്ടദിക് പാലകർക്കും അരുന്ധതീ ദേവിക്കും ഗണപതിക്കും അർച്ചന നടത്തിക്കൊണ്ടാണ് തിരുവാതിരകളി ആരംഭിക്കുന്നത്. പുത്തൻ തിരുവാതിര, പൂത്തിരുവാതിര എന്നിവയും തിരുവാതിരയുടെ ഭാഗമാണ്. ഗ്രാമത്തിലേക്ക് പുതുതായി താമസമെത്തിയ ഒരു കുടുംബത്തിലെ മങ്കമാരെ സമൂഹത്തിലേക്ക് വരവേൽക്കുകയാണ് പുത്തൻ തിരുവാതിരയിലൂടെ നിർവഹിക്കുന്നതെങ്കിൽ നവവധുവിനെ സ്വീകരിക്കലാണ് പൂത്തിരുവാതിരയുടെ ലക്ഷ്യം. ഇലക്കുറിയണിയിച്ചും, ദശപുഷ്പങ്ങൾ ചൂടിച്ചും, തളിർവെറ്റില തീറ്റിച്ചുമൊക്കെ അംഗനമാർ തിരുവാതിര അടിച്ചുപൊളിക്കുന്നു.

മറ്റൊരു പ്രധാന ചടങ്ങാണ് പാതിരാപ്പൂവ് ചൂടിക്കൽ. അർദ്ധരാത്രിക്ക് വിരിയുന്ന കൊടുവേലിപ്പൂവാണ് പാതിരാപ്പൂവെന്നറിയപ്പെടുന്നത്. ത്രിസന്ധ്യയ്ക്കു തുടങ്ങുന്ന കൈകൊട്ടികളിക്കൊരു ഷോർട്ട് ബ്രേക്ക് ആയിട്ടാണ് ഈ ചടങ്ങ്. ക്ഷീണമകറ്റാൻ അല്പം പാനകവും അപ്പോഴാകാം. ചുക്ക്, ഏലത്തരി, കരുപ്പെട്ടി (ചക്കര), കുരുമുളക് ഇവ ചേർത്തു തയാറാക്കുന്ന കാപ്പിയാണിത്. ഒരു കഫ് കോൾഡ് സിറപ്പായും ഇതിനെ കാണാൻ കഴിയും. വയറു കേടാകാതെയിരിക്കാനും ഇതു സഹായകമാണ്.

വ്രതമനുഷ്ഠിയ്ക്കുന്നവർ ദശപുഷ്പം ചുടുക പതിവായിരുന്നു. കറുക, മുക്കുറ്റി, തിരുതാളി, വിഷ്ണുക്രാന്തി, പൂവാങ്കുറുന്നൽ, നിലപ്പന, കയ്യോന്നി, ഉഴിഞ്ഞ, ചെറൂള, മുയൽച്ചെവിയൻ എന്നിവ ചേർന്നാൽ ദശപുഷ്പമായി. ആയുർവേദത്തിലും ജ്യോതിഷത്തിലും ആചാരങ്ങളിലുമൊക്കെ വളരെ പ്രധാന്യമർഹിക്കുന്നതാണ് ഇവ. ഇതിൽ കറുക മാത്രമാണ് പുഷ്പിക്കാത്തത്. എങ്കിലും ദശപുഷ്പങ്ങളിൽ ശ്രേഷ്ഠം കറുകതന്നെ.

ഓരോ പുഷ്പത്തിനും ഓരോ ദേവതയുണ്ട്. ഓരോന്നു ചൂടുമ്പോഴുണ്ടാകുന്ന ഫലസിദ്ധിയും വ്യത്യസ്തമാണ്. ആദിത്യനാണ് കറുകയുടെ ദേവത. ആധിയും വ്യാധിയുമകറ്റാൻ കറുകപ്പൂ സഹായിക്കുമത്രേ. വിഷ്ണു ക്രാന്തിയുടെ ദേവത മഹാവിഷ്ണുതന്നെ. ഐശ്വര്യദായകമാണ് ഈ പുഷ്പധാരണം. പൂവാങ്കുറുന്നിലയുടെയും തിരുതാളിയുടെയും ദേവത ഇന്ദിരാദേവിയാണ്. പൂവാങ്കുറുന്നില ദാരിദ്ര്യ ദുഃഖത്തെയകറ്റുമ്പോൾ തിരുതാളി സൗന്ദര്യ സംവർധകമാവുമെന്നാണ് പ്രമാണം. പാപനാശിനിയായ നിലപ്പനയുടെ ദേവത ഭൂമിദേവിയാണ്. പഞ്ചഭണ്ഡാരിയത്രേ കയ്യോന്നിയുടെ ദേവത. ഇത് പഞ്ചപാപങ്ങളെയകറ്റുന്നു. മുക്കുറ്റിയുടെ ദേവതയാണ് പാർവതിദേവി. ഇത് ഭർതൃസൗഖ്യം, പുത്രസൗഖ്യം എന്നിവ പ്രദാനം ചെയ്യുന്നു. ഇന്ദ്രാണി ദേവതയായുള്ള ഉഴിഞ്ഞ (ഇന്ദ്രവല്ലരി) സർവാഭീഷ്ടങ്ങളും സാധിച്ചുതരുമത്രെ. യമപുഷ്പമായ ചെറൂള ആയുരാരോഗ്യസൗഖ്യമാണ് പ്രദാനം ചെയ്യുന്നത് മംഗല്യസിദ്ധിയ്ക്കുതകുന്ന മുയൽച്ചെവിയന്റെ ദേവത ചിത്തജ്ഞാതാവാണ്. ദശപുഷ്പങ്ങൾ വീടുകളിൽ നട്ടുവളർത്തിയാൽ സകലവിധ ഐശ്വര്യങ്ങളും കൈവരും എന്നാണ് പ്രാചീനഗ്രന്ഥങ്ങൾ പറയുന്നത്.

ഇന്നു തിരുവാതിരകളി കാണാൻ യുവജനോൽസവവേദികളിൽ കടന്നുചെല്ലണം. അല്ലെങ്കിൽ ടൂറിസം വാരാഘോഷത്തിനുവേണ്ടി കാത്തിരിക്കണം. പ്രപഞ്ചം കിടുക്കുന്ന ആധുനിക സംഗീതത്തിന്റെ മലവെള്ളപ്പാച്ചിലിനിടയിൽ ലളിതകോമളപദാവലി സ്നേഹിക്കുന്ന പഴമനസ്സുകൾഅന്യം നിന്നുപോകാതെയിരുന്നെങ്കിൽ. ■

■ അരവിന്ദ്

ജാലകം

# ഹോം@സ്മാർട്ട്

നാട് ഓടുമ്പോൾ നടുവേ ഓടണ്ടേ? സ്മാർട്ട് ഫോണിൽ നിന്നും ലാപ്ടോപ്പിൽ നിന്നും കണ്ണെടുക്കാൻ സമയം തികയാതെ വരുമ്പോൾ വീട്ടുകാര്യങ്ങൾ കുഴയില്ലേ. അങ്ങനെ സംഭവിക്കാതിരിക്കണമെങ്കിൽ സാങ്കേതിക വിദ്യയുടെ പരക്കംപാച്ചിലിനിടയിൽ വീടും സ്മാർട്ടാകണം. പുത്തൻ സാങ്കേതികവിദ്യയുള്ള ഉപകരണങ്ങൾ അനുദിനം വിപണിയിൽ നിറയുന്നു. വീട് എന്ന സ്വപ്നം പൂർത്തിയായി കഴിഞ്ഞാൽ പിന്നെയും ഒരുപിടി സ്വപ്നങ്ങൾ. പ്രസിദ്ധീകരണങ്ങളിലും സിനിമകളിലും കാണുന്ന ഹൈടെക് വീടുകളെക്കുറിച്ചാവും പിന്നെ ചിന്തകൾ. എന്നാൽ താരതമ്യേന കുറഞ്ഞ ചെലവിൽ വീട് സ്മാർട്ടാക്കാൻ ചില പ്രയോജനകരമായ ഉപകരണങ്ങൾ മതിയാകും.




അതിലൊന്നാണ് സ്മാർട്ട് എൽഇഡി ബൾബുകൾ. വില 1300 രൂപ മുതൽ. ഒമ്പതു വാട്ടിന്റെ ഈ ബൾബുകൾ റിമോട്ട് ഉപയോഗിച്ച് നിയന്ത്രിക്കാം. ഓണാക്കുകയും ഓഫാക്കുകയും മാത്രമല്ല വെളിച്ചത്തിന്റെ അളവു വരെ ക്രമീകരിക്കാനാകും. ഇരുപതു ബൾബുകൾ വരെ ഒരു റിമോട്ടിൽ നിയന്ത്രിക്കാനാകും. അഭിരുചികൾക്ക് അനുസരിച്ച് വെളിച്ചത്തിന്റെ നിറംമാറുമെന്നതാണു മറ്റൊരു പ്രത്യേകത. മൂഡ് ലൈറ്റ്നിങ്ങാണ് മറ്റൊരു മേഖല. കിടക്കകൾക്ക് പിറകിലും അലമാരകൾക്കും ബുക്ക് ഷെൽഫുകൾക്കും ഇടയിലും ഉപയോഗിക്കാവുന്ന ലൈറ്റുകൾ ഇന്നു വിപണിയിലുണ്ട്. ഇത്തരം നാല് എൽഇഡി സ്ട്രിപ്പുകൾക്ക് ആറു വാട്ടു മാത്രമാണ് വൈദ്യുതി ഉപയോഗം. ഏഴു നിറങ്ങളിൽ ലഭ്യമാകുന്ന ഇവ ഉറപ്പിക്കാൻ ഭിത്തി തുരക്കേണ്ട ആവശ്യമില്ല. ഡബിൾ സൈഡ് സ്റ്റിക്കർ പോലെ ഇവ ഘടിപ്പിക്കാം.

ബ്ളൂടൂത്ത് സ്പീക്കർ ഘടിപ്പിച്ച എൽഇഡി ബൾബുകളാണ് സ്മാർട്ട് ഹോമിലെ മറ്റൊരു താരം. 10 വാട്ടിന്റെ എൽഇഡി ഹോൾഡറിൽ സ്പീക്കറുമുണ്ടാകും. അവ ഫോണുമായോ ടാബ്ലെറ്റുമായോ കംപ്യൂട്ടറുമായോ കണക്റ്റ് ചെയ്യാം. വെളിച്ചത്തിനൊപ്പം സംഗീതവും ആസ്വദിക്കാം. ബജറ്റിനും ആവശ്യത്തിനും അനുസരിച്ച് സുരക്ഷയിലും സ്മാർട്ടാകാം. വാതിൽ തുറക്കാനും അടയ്ക്കാനും സെൻസർ സ്ഥാപിക്കാം. എന്തിന് ഗ്യാസ് ലീക്ക് ചെയ്യുന്നുണ്ടോ എന്നറിയാൻ പോലുമുള്ള സെൻസറുകൾ ഇന്ന് വിപണിയിൽ ലഭ്യമാണ്. ഓരോ സെൻസറിനും ബാറ്ററി വേണം. വിരലടയാളം വച്ചാൽ തുറക്കുന്ന വാതിലുകളും വീടുകളിൽ ഇന്ന് അപരിചിതമല്ല. അതായത് താക്കോലെടുത്ത് മുൻവാതിൽ പൂട്ടിയിറങ്ങുന്നതിനു പകരം ഒരു വിരൽ കാണിച്ചാൽ മതിയാകും. വയർലെസ് ക്യാമറകളാണ് മറ്റൊരു ട്രെൻഡ്. സ്മാർട്ട്ഫോണുകളുമായി ഇവയെ ബന്ധിപ്പിക്കാം. ആവശ്യമെങ്കിൽ ഭിത്തിയിൽ ഉറപ്പിക്കാം. മേശപ്പുറത്ത് വച്ചാലും മതി. ആപ്ളിക്കേഷൻ ഉപയോഗിച്ച് ക്യാമറകളെല്ലാം നിയന്ത്രിക്കാനുമാകും. വയർലെസ് തിയേറ്റർ സംവിധാനം 65000 രൂപയ്ക്കു മുകളിൽ ലഭിക്കും. ഇവയുടെ സ്പീക്കറുകളെല്ലാം വൈഫൈ കണക്റ്റഡാണ്. അതുകൊണ്ട് തന്നെ വയറുകൾ വലിച്ചിടുന്ന അഭംഗി ഉണ്ടാകുകയുമില്ല.

ബാത്ത്റൂമിലും പാട്ടുകേൾക്കണമെങ്കിൽ വാട്ടർപ്രൂഫ് ബ്ളൂടൂത്ത് സ്പീക്കർ ഉപയോഗിക്കാം. ഏഴു മണിക്കൂർ വരെ ചാർജ് നിൽക്കുന്ന ഇവ മൈക്രോ യുഎസ്ബി പോർട്ട് വഴി ചാർജ് ചെയ്യാം. പാട്ടു കേട്ട് കുളിക്കാൻ ഫോണുമായി കണക്റ്റ് ചെയ്താൽ മതിയാകും. ടിവിയും സെറ്റ് ടോപ്പ് ബോക്സുമൊക്കെ നിയന്ത്രിക്കാവുന്ന ഒറ്റ റിമോട്ടുകളും ലഭിക്കും. 625 രൂപ മുതൽ വിലവരുന്ന യുഎസ്ബി പവർ സോക്കറ്റുകൾ സാധാരണ പ്ളഗുകൾക്ക് പകരം സ്ഥാനംപിടിച്ചുകഴിഞ്ഞു.

# ട്രക്കുകളുടെ പുസ്തകം




**ബൈ**ക്കുകളും ഓട്ടോയും കാളവണ്ടിയും പശുക്കളും വരെ കറങ്ങി നടക്കുന്ന ഹൈവേകളിൽ കൂടി ലോറികൾ ഓടിക്കുന്നതു ശ്രമകരമാണ്. വടക്കേ ഇന്ത്യയിലെ പൊടി പിടിച്ച നീണ്ട റോഡുകളിലൂടെ ഓടിക്കിതച്ച് കേരളത്തിലെ ജനബാഹുല്യം നിറഞ്ഞ നിരത്തുകളിലെത്തുമ്പോൾ അവയെ നോട്ടം കൊണ്ട് നമ്മൾ ശ്രദ്ധിക്കുന്നു. നമ്മുടെ ലോറികളിൽ കാണാത്തതരം ചമയങ്ങളാണ് അവയ്ക്ക്. ആനയ്ക്ക് വെഞ്ചാമരവും നെറ്റിപ്പട്ടവുമെന്ന പോലെ നാഷണൽ പെർമിറ്റ് ലോറികളിൽ അലങ്കാരങ്ങൾ നിറയുന്നു. വർണങ്ങൾ കൊണ്ട് വിസ്മയ ലോകം തീർക്കുന്ന ഈ സഞ്ചരിക്കുന്ന കൊട്ടാരങ്ങളെക്കുറിച്ചാണ് ഫോട്ടോഗ്രാഫറായ ഡാൻ എക്സ്റ്റീന്റെ ഹോൺ പ്ളീസ് എന്ന പുതിയ പുസ്തകം. ട്രക്കുകളിലൂടെ ആറായിരം മൈലുകൾ യാത്ര ചെയ്താണ് തലങ്ങും വിലങ്ങും പറക്കുന്ന ട്രക്കുകളെ അദ്ദേഹം ക്യാമറയിൽ പകർത്തിയത്. രണ്ടാം വീട് പോലെയാണു ഡ്രൈവർമാർ ട്രക്കുകളെ സ്നേഹിക്കുന്നത്. ഡ്രൈവർമാരുടെ മതവിശ്വാസങ്ങൾ, ഡ്രൈവിങ് സംസ്കാരം, ജാതി, സ്വഭാവം എന്നിവയെല്ലാം പുസ്തകത്തിൽ വിവരിക്കുന്നുണ്ട്.

# ഇന്ത്യയിലെ അപകട നഗരങ്ങൾ

**അ**ത്യന്തം മലിനമെന്ന് ലോകാരോഗ്യ സംഘടന പറഞ്ഞ ഇരുപത് നഗരങ്ങളിൽ പതിമൂന്നെണ്ണം ഇന്ത്യയിൽ. തലസ്ഥാന നഗരമായ ഡൽഹിയിൽ അനുവദനീയമായതിലും ആറുമടങ്ങാണ് അന്തരീക്ഷ മലിനീകരണം. ശ്വാസകോശ അർബുദത്തിനും ഹൃദ്രോഗത്തിനും കാരണമാകുന്ന നൈട്രജൻ ഡയോക്സൈഡും കാർബൺ മോണോക്സൈഡും സൾഫർ ഡയോക്സൈഡുമൊക്കെ നിറഞ്ഞു നിൽക്കുന്നു. പാറ്റ്ന, ഗ്വാളിയോർ, റായ്പൂർ, അഹമ്മദാബാദ്, ലക്നൗ, ഫിറോസാബാദ്, കാൺപൂർ, ലുധിയാന എന്നിവയെല്ലാം അപകട നഗരങ്ങളുടെ പട്ടികയിലുണ്ട്. ഡൽഹി കഴിഞ്ഞാൽ കറാച്ചിയും ധാക്കയും ബെയ്ജിങ്ങും കൊളംബോയുമാണു പിന്നിൽ.



# സെൽഫി എന്ന പ്രതിഭാസം



**2013** ൽ ഓക്സ്ഫോർഡ് ഡിക്ഷ്ണറിയിൽ പുതുതായി സ്ഥാനംപിടിച്ച വാക്കുകളിലൊന്നാണ് സെൽഫി. അതേസമയം ഈ വർഷത്തോടെ അസ്തമിച്ചുപോയ ഒന്നുണ്ടാകും. ഓട്ടോഗ്രാഫുകൾ. നഗരസംസ്കാരത്തിന്റെ ഭാഗമായ സെൽഫികളാണ് ഇന്ന് ഓട്ടോഗ്രാഫുകൾക്ക് പകരം നിൽക്കുന്നത്. മുടി പുതിയ സ്റ്റൈലിൽ ചീകിയാൽ, ഒരു സെലിബ്രിറ്റിയെ തൊട്ടടുത്ത് കിട്ടിയാൽ ഉടൻ സെൽഫിയെടുക്കാനാണ് ഇപ്പോൾ മിക്കവരും ശ്രമിക്കുക. പുതിയ ചിത്രത്തിന്റെ പ്രമോഷനായി കൊൽക്കത്തയിലെ സെന്റ് സേവ്യേഴ്സ് കോളേജിലെത്തിയതാണു ഷാരൂഖ് ഖാൻ. ആർക്കും താരത്തിന്റെ ഫോട്ടോഗ്രാഫ് വേണ്ട, സെൽഫി മതി. ഓസ്ട്രേലിയൻ ക്രിക്കറ്റ് താരമായ ഷെയ്ൻ വോണാണ് ഓട്ടോഗ്രാഫുകളുടെ മരണാസന്നത വെളിപ്പെടുത്തിയത്. മേയിൽ അദ്ദേഹം ട്വീറ്റ് ചെയ്തതിങ്ങനെ, രാവിലെ നടക്കുന്നതിനിടയിൽ എട്ടു മണിക്ക് മുൻപ് എനിക്ക് അഞ്ചു പേരുടെ കൂടെ നിന്ന് സെൽഫി എടുക്കേണ്ടി വന്നു. തിരിച്ചു വരുമ്പോൾ എനിക്കുള്ള സംശയം ഓട്ടോഗ്രാഫുകൾ മരിച്ചോ എന്നായിരുന്നു. രാഷ്ട്രീയക്കാർ, ചലച്ചിത്ര താരങ്ങൾ, കായികതാരങ്ങൾ തുടങ്ങി പോപ്പ് ഫ്രാൻസിസ് വരെയുള്ള പ്രമുഖർ സെൽഫിക്ക് മുന്നിൽ അണി നിരന്നുകഴിഞ്ഞു. ആത്മസ്നേഹം ഒഴുക്കുന്ന ഈ സെൽഫികൾ സോഷ്യൽ നെറ്റ്വർക്ക് സൈറ്റുകളിൽ ജനപ്രീതിയിൽ മുന്നിലാണ്. സെൽഫികൾ നിറയുന്നു. സെൽഫി ഫോണുകൾ വിപണിയിൽ വൻതോതിൽ വിറ്റഴിയുന്നു. ഫോണുകൾ കൂടുതൽ ഉയരത്തിൽപ്പിടിക്കുന്ന സെൽഫി സ്റ്റിക്കുകളാണ് വിൽപ്പനയുള്ള മറ്റൊരിനം. സിഡ്നിയിലെ കഫെയിൽ ബന്ദിയാക്കിയപ്പോൾ പോലും പലരും കഫേ പശ്ചാത്തലമാക്കി സെൽഫികൾ എടുത്തുകൂട്ടിയിരുന്നു. അതേ സമയം ആത്മരതിയാണ് സെൽഫികളിലൂടെ പ്രകടമാകുന്നതെന്ന വിമർശനവും ഉയരുന്നു.







# ജീവിതം ചാലിച്ച കൈയൊപ്പുകൾ



**തിരുവഞ്ചൂർ ചിൽഡ്രൻസ് ഹോമിൽ കയ്യൊപ്പ് സർഗരചനാ ക്യാമ്പിൽ നടൻ അജയൻ(പക്രു) സംസാരിക്കുന്നു**

ശ്രേഷ്ഠഭാഷാ-ഭരണഭാഷാവാരാഘോഷത്തെ ബാനറുകളിലെ അക്ഷരങ്ങൾക്കും ഉപന്യാസ മത്സരങ്ങൾക്കും അപ്പുറം പുതിയ അർത്ഥതലങ്ങളിലേയ്ക്ക് എങ്ങനെ എത്തിക്കാം എന്ന ചിന്ത കൊണ്ടെത്തിച്ചത് തിരുവഞ്ചൂർ ചിൽഡ്രൻസ് ഹോമിലാണ്. ജീവിതം വെല്ലുവിളിയായ കുഞ്ഞുങ്ങൾക്ക് ഭാഷാസ്നേഹം ആഡംബരമാകുമോ എന്ന സന്ദേഹം അസ്ഥാനത്തായിരുന്നില്ല. ശ്രേഷ്ഠഭാഷാ വാരത്തിൽ ചിൽഡ്രൻസ് ഹോമിലെ കുഞ്ഞുങ്ങൾക്കായി 'കയ്യൊപ്പ്' എന്ന പേരിൽ സർഗ രചനാ ക്യാമ്പ് സംഘടിപ്പിക്കാൻ ജില്ലാ ഇൻഫർമേഷൻ ഓഫീസ് താത്പര്യപ്പെട്ടപ്പോൾ ചിൽഡ്രൻസ് ഹോമിന്റെ സൂപ്രണ്ട് മെർലിൻ ജോസിന് ഒരാശങ്ക. നിർബന്ധിക്കാതെ എഴുത്തിന്റെ ലോകത്തിലേയ്ക്ക് അവരെ എങ്ങനെ സ്വാധീനിക്കും?

ദത്തുകേന്ദ്രങ്ങൾ പോലും ഉപേക്ഷിച്ചു കളയുന്ന കുട്ടികളെ സർക്കാർ ഏറ്റെടുത്ത് പാർപ്പിക്കുകയാണ് കേരളത്തിലെ ആറു ചിൽഡ്രൻസ് ഹോമുകളിലും. താഴെത്തട്ടിലുള്ള തകർന്ന കുടുംബങ്ങളിൽ നിന്ന് പല കാരണങ്ങളാൽ ഉപേക്ഷിക്കപ്പെട്ട് എത്തുന്നവരാണിവർ. നിയമത്തിന്റെ പരിരക്ഷയും സംരക്ഷണയും മറ്റാരെക്കാളും ആവശ്യമുള്ളവർ. പ്രായപൂർത്തിയാകാതെ ഗർഭം ധരിച്ച അവിവാഹിതരായ അമ്മമാരുടെ കുട്ടികളും മാതാപിതാക്കൾ ഇല്ലാത്തവരും അവരാൽ ഉപേക്ഷിക്കപ്പെട്ടവരും കുറ്റവാളികളുടെ മക്കളും കുറ്റങ്ങളിൽ വിചാരണ നേരിട്ട് പോകാൻ ഇടമില്ലാതായവരും ഇക്കൂട്ടത്തിലുണ്ട്.

കുട്ടികൾ കളക്ടറമ്മ എന്നു വിളിച്ചിരുന്ന കോട്ടയം മുൻജില്ലാ കളക്ടറായിരുന്നപിആർഡി ഡയറക്ടർ മിനി ആന്റണി ക്യാമ്പ് ദിവസം കുട്ടികളുമായി ഫോണിലൂടെ സംസാലിച്ച് അവരെ പ്രോത്സാഹിപ്പിച്ചു. തിരുവഞ്ചൂർ ചിൽഡ്രൻസ് ഹോമിന്റെ സ്ഥിരം സന്ദർശകയായിരുന്ന മിനി ആന്റണിയെ കുറിച്ചുള്ള ഓർമകളും കുട്ടികൾ ക്യാമ്പിൽ പങ്കുവച്ചു.

കോട്ടയംകാരനായ ഗിന്നസ് പക്രു എന്ന അജയനും സമൂഹം ഉപേക്ഷിച്ച കുട്ടികളെ സമൂഹത്തെ സ്നേഹിക്കാൻ പഠിപ്പിക്കുന്ന ശ്രമകരമായ ദൗത്യത്തിൽ പങ്കാളിയായി. ജില്ലാ പ്രൊബേഷൻ ഓഫീസർ ബിനോയ്, അസി. കളക്ടർ തേജ് ലോഹിത് റെഡ്ഡി എന്നിവരുടെ സാന്നിധ്യത്തിൽ എഴുത്തുകാരായ കിളിരൂർ രാധാകൃഷ്ണൻ, കിളിരൂർ ശശി, ബാബുജി തുടങ്ങിയവർ സർഗരചനയുടെ എഴുത്തുപാഠം തുടങ്ങിവെച്ചു.

നവംബർ രണ്ടും മൂന്നും തീയതികളിലാണ് 'കയ്യൊപ്പ്' നടത്തിയത്. പ്രാരംഭ പരിശീലനത്തിനു ശേഷം എഴുതാൻ തയാറായ പാതിക്കൂട്ടത്തിന് പിണങ്ങി നിന്ന കുട്ടിക്കുറുമ്പന്മാരെ കൂട്ടിരുത്തി എഴുത്ത് തുടങ്ങി. എഴുതിത്തുടങ്ങിയവർക്ക് നിർദേശങ്ങളുമായി പിണങ്ങി നിന്നവരും കൂടിയപ്പോൾ പല സൃഷ്ടികളിലും പങ്കാളിത്ത മിഴിവ്.

ജീവിതത്തിലെ കനൽവഴികൾ ഓർത്തെടുക്കാൻ മടിച്ച് എഴുതാതിരുന്ന ഒരാൾ കൂട്ടുകാരനുമൊത്ത് ഒരു കഥയെഴുതി. ജീവിതത്തിലെ കനൽ വഴികളോർത്താവണം ഒരു ദിവസം മുഴുവൻ അവൻ കരഞ്ഞു. എഴുതിയ കഥയെക്കാൾ തീവ്രമായിരുന്നു എഴുതപ്പെടാത്ത അവന്റെ ജീവിതകഥ. മാനസിക രോഗിയായ അമ്മയെ ഉപേക്ഷിച്ചു പോയ അച്ഛന്റെ കൂടി കഥയായിരുന്നു അത്. രോഗം മൂർച്ഛിക്കുമ്പോൾ കൈക്കുഞ്ഞുമായി പൊത്തിലും മറ്റും ഒളിച്ചിരുന്ന അമ്മയുടെ കഥയായിരുന്നു; ഒരു വയസ്സിൽ ഈ ലോകത്തിൽ തനിച്ചാക്കി അമ്മ കടന്നു പോയതറിയാതെ അവരുടെ മുലയുണ്ട കുഞ്ഞിന്റെ കഥയായിരുന്നു. രാജേഷ് (പേര് യഥാർഥമല്ല) എന്ന ആ കുട്ടി ഒരു വയസ്സു മുതൽ വളർന്നത് വീടിന് അടുത്തുള്ള ഒരു മഠത്തിലായിരുന്നു. സ്കൂൾ പ്രായമായപ്പോൾ കുട്ടി ചിൽഡ്രൻസ് ഹോമിലെത്തി.

ഒരിടത്തൊരിടത്ത് ഒരു സ്ത്രീ ജീവിച്ചിരുന്നു എന്ന് മനു (പേര് യഥാർഥമല്ല) കഥ എഴുതി. കഥയിൽ കണ്ട സാഹിത്യവഴക്കത്തിന് മൂർച്ച കൂട്ടാൻ ആ കുട്ടി സാഹിത്യകാരന്റെ ഡയറിയിൽ ഞാൻ വെറുതെ എഴുതി- കൊയ്ത്തുകാരിയുടെ കുടിൽ. എന്നിട്ടു ചോദിച്ചു കൊയ്ത്തുകാരിയുടെ രൂപം എങ്ങനെയാണ്?

# ലിബിയയിൽ കുടുങ്ങിയ മലയാളി നഴ്സുമാരെ തിരികെ എത്തിക്കാൻ നടപടി : മന്ത്രി കെ. സി. ജോസഫ്

ലിബിയയിൽ കുടുങ്ങിയ 87 മലയാളി നെഴ്സുമാരെ നാട്ടിൽ തിരികെ എത്തിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര വിദേശ കാര്യമന്ത്രി സുഷമാ സ്വരാജുമായി ചർച്ച നടത്തിയതായി സംസ്ഥാന നോർക്ക-ഗ്രാമവികസന-

ഇറാഖിലേതെന്ന പോലെ ലിബിയയിലെയും നെഴ്സുമാരെ തിരികെ കൊണ്ടുവരുന്നതിന് ടിക്കറ്റുകൾ ഉൾപ്പെടെയുളള യാത്രാസൗകര്യം ഏർപ്പെടുത്താൻ ലിബിയയിലെ അംബാസഡർക്ക് നിർദേശം നൽകുമെന്ന് കേന്ദ്രമന്ത്രി സുഷമാസ്വരാജ് അറി

യന്തിരമായി മടക്കയാത്രക്ക് നടപടികളെടുക്കണമെന്ന് അഭ്യർഥിച്ചിട്ടുണ്ട്. തിരിച്ചെത്തുന്നവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസ്ഥാന സർക്കാർ സജീവമായി പരിഗണിക്കുമെന്നും മന്ത്രി പറഞ്ഞു.



മന്ത്രി കെ.സി. ജോസഫ് കേന്ദ്ര മന്ത്രി സുഷമാ സ്വരാജുമായി ന്യൂ ഡൽഹി സൗത്ത്ബ്ലോക്കിലെ ഓഫീസിൽ കൂടിക്കാഴ്ച നടത്തുന്നു

പബ്ലിക് റിലേഷൻസ് മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. ന്യൂഡൽഹി സൗത്ത് ബ്ലോക്കിലെ ഓഫീസിൽ കേന്ദ്ര വിദേശ കാര്യ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

യിച്ചതായും മന്ത്രി വെളിപ്പെടുത്തി.

87 മലയാളി നെഴ്സുമാരും ശമ്പളം പോലുമില്ലാതെയാണ് ലിബിയയിൽ കുടുങ്ങി കിടക്കുന്നത്. ഇവർക്ക് മടങ്ങി വരാൻ കഴിയാത്ത സാഹചര്യമാണ്. അടി

കൊച്ചിയിലെ മെറിഡിയൻ ഹോട്ടലിൽ നടക്കുന്ന ഗ്ലോബൽ നോർക്ക സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതിന് കേന്ദ്ര വിദേശ കാര്യ മന്ത്രിയെ ക്ഷണിച്ചതായും മന്ത്രി പറഞ്ഞു.

*ഡോ. സി. വേണുഗോപാൽ*
*ഇൻഫർമേഷൻ ഓഫീസർ, ഡൽഹി*

അധ്വാനം കൊണ്ട് പാടശേഖരം മനോഹരമാക്കിയ കൊയ്ത്തുകാരി അവന്റെ ഭാവനയിൽ വിരിഞ്ഞു.

പ്രകൃതിയെ മഞ്ഞിൽ പുതപ്പിച്ച് ഗിരീഷ് (പേര് യഥാർഥമല്ല) കവിതയെഴുതി; അനുഭവം എന്ന് പേരിട്ട് ഗോപു (പേര് യഥാർഥമല്ല) ചിൽഡ്രൻസ് ഹോമിൽ എത്തിയ കഥ പറഞ്ഞു. മോഷണത്തിൽ പിടിക്കപ്പെട്ട കഥ. ഒബ്സർവേഷൻ ഹോമിൽ നിരീക്ഷണത്തടവുകാരനായ പുറത്തിറങ്ങിയതും സമൂഹത്തിൽ ഒറ്റപ്പെട്ടു പോയതും മുടങ്ങിപ്പോയ വിദ്യാഭ്യാസം തുടങ്ങുന്നതുമായ അനുഭവം. അനീഷ് (പേര് യഥാർഥമല്ല) ചിൽഡ്രൻസ് ഹോമിലെ ക്രിക്കറ്റ് പരിശീലനത്തെക്കുറിച്ചെഴുതി. ഹോമിൽ നിന്ന് ആദ്യമായി നീന്തൽ പരിശീലനത്തിന് എത്തിയ അനുഭവവും അമ്മ എന്നു വിളിക്കുന്ന സൂപ്രണ്ടിനെ കുറിച്ചും അവർ എഴുതി.

30 പ്രവശ്യം വീട്ടിൽ നിന്ന് പുറപ്പെട്ടു പോയ കുട്ടിയും ചിൽഡ്രൻസ് ഹോമിലുണ്ട്. മാതാപിതാക്കളിൽ ഒരാൾ മാത്രമുള്ള കുട്ടികളുമുണ്ട്. ഭിക്ഷാടനത്തിന് പ്രേരിപ്പിച്ച രണ്ടാനച്ഛനിൽ നിന്ന് മോചിപ്പിച്ച ഒരു കുട്ടിയും ഇവിടെയുണ്ട്.

ചിൽഡ്രൻസ് ഹോമിലെ 42 അന്തേവാസികളിൽ 18 പേരുടെ യാതൊരുവിധ ബന്ധങ്ങളും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. 21 പേർ അച്ഛനോ അമ്മയോ മാത്രം ഉള്ളവരാണ്. മൂന്നു പേർ മാത്രമാണ്അച്ഛനും അമ്മയും ഉള്ളവർ. ജീവിതത്തിൽ നോക്കി പഠിക്കാൻ കുടുംബമോ രക്തബന്ധം നൽകുന്ന മാതൃകകളോ ഇല്ലാതെ പോയ ഇവർക്ക് ജീവിതം മുന്നോട്ടു കൊണ്ടു പോകാൻ പ്രചോദനങ്ങളില്ല. എങ്കിലും കുടുംബത്തിൽ ഉണ്ടാകാമായിരുന്നതിലും നല്ല അന്തരീക്ഷം തിരുവഞ്ചൂർ ജുവനൈൽ ഹോമിലെ കുട്ടികൾക്ക് ഉണ്ടെന്ന് തോന്നി. 42 പേരിൽ 10 പേർക്ക് നീന്തൽ അറിയാം. 32 പേർ നീന്തൽ പരിശീലിക്കുന്നു. ക്രിക്കറ്റിൽ വാസനയുള്ളവർക്ക് സംവിധായകൻ ജയരാജ് ഏർപ്പാടാക്കിയ വിദഗ്ധർ പരിശീലനം നൽകുന്നുണ്ട്. കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് പരിശീലനവും പ്രോത്സാഹനവും നൽകുന്നുണ്ട്. ക്ലാസ്സിൽ ഒന്നാം സ്ഥാനത്തെത്തിയവരും സിവിൽ സർവീസ് അവധിക്കാല പരിശീലനത്തിന് പോകുന്നവരും ഇക്കൂട്ടത്തിലുണ്ട്. കഴിഞ്ഞ ഗാന്ധി ജയന്തി വാരാഘോഷത്തിന്റെ ഭാഗമായി ചിൽഡ്രൻസ് ഹോം സന്ദർശിച്ച മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ ചോദ്യങ്ങൾ ചോദിച്ച് കുട്ടികൾ അതിശയിപ്പിച്ചു. ഇത്തരത്തിൽ പൊതുസമൂഹവുമായുള്ള ഇടപെടലുകളാണ് കുട്ടികൾക്ക് ആശ്വാസവും ആത്മവിശ്വാസവും നൽകുന്നത്.

അന്തർമുഖത്വം പലരിലും സ്വന്തം കഴിവുകൾ പ്രകടിപ്പിക്കുവാൻ തടസമാകുന്നുവെങ്കിലും ഒരു തുടക്കമെന്ന നിലയിൽ കയ്യൊപ്പ് എന്ന പരിപാടിക്ക് ഏറെ പ്രസക്തിയുണ്ട്. അനാഥത്വം പേറുന്ന ഈ കുരുന്നുകൾക്ക് തുടർന്നും ഇത്തരം അവസരങ്ങൾ നൽകാൻ കഴിഞ്ഞാൽഅത് അവരിൽ ആത്മവിശ്വാസം വളർത്തും എന്നതിൽ സംശയമില്ല.

*സിനി കെ. തോമസ്*
*അസി. എഡിറ്റർ,*
*കോട്ടയം ജില്ലാ ഇൻഫർമേഷൻ ഓഫീസ്*

ജില്ലകളിലൂടെ



# മാധ്യമങ്ങൾ വികസന താത്പര്യങ്ങൾക്ക് പ്രാധാന്യം നൽകണം: മുഖ്യമന്ത്രി




**സംസ്ഥാന മാധ്യമ അവാർഡ് വിതരണച്ചടങ്ങിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി സംസാരിക്കുന്നു**

വിമർശനത്തോടൊപ്പം വികസന താത്പര്യങ്ങളും മാധ്യമങ്ങൾ ഉയർത്തിപ്പിടിക്കണമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർദേശിച്ചു. 2013 ലെ സംസ്ഥാന മാധ്യമ അവാർഡുകൾ കോട്ടയത്ത് വിതരണം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

വിമർശനങ്ങളെ സർക്കാർ സ്വാഗതം ചെയ്യുന്നു. അത് ജനാധിപത്യ സംവിധാനത്തെ ശക്തമാക്കുന്നു, കുറ്റമില്ലാത്ത രീതിയിൽ മുന്നോട്ട് പോകാൻ ഭരണാധികാരികളെ സഹായിക്കുന്നു. അതേ സമയം മാധ്യമങ്ങൾ വികസന മേഖലകളിലെ നല്ല മാറ്റങ്ങൾ കണ്ടില്ലെന്ന് നടിക്കരുത്. മലപ്പുറത്തെ അക്ഷയ കേന്ദ്രത്തെക്കുറിച്ച് ബംഗലൂരുവിലെ മാധ്യമ പ്രവർത്തകർ ചോദിച്ചപ്പോൾ അത്ഭുതം തോന്നിയതായി മുഖ്യമന്ത്രി പറഞ്ഞു. രാജ്യത്തിന്റെ ശ്രദ്ധ നേടിയ കുടുംബശ്രീ, സ്റ്റുഡന്റ്സ് പോലീസ്, ആശ്രയ, സാന്ത്വന പരിചരണ പദ്ധതികൾ സമൂഹത്തിൽ ഉണ്ടാക്കിയ ഗുണകരമായ മാറ്റങ്ങൾ മാധ്യമങ്ങൾ കാണാതെ പോകുന്നത് ആശാവഹമല്ല.

മാധ്യമ വിമർശനങ്ങളും റിപ്പോർട്ടുകളും സർക്കാരിന് വഴികാട്ടിയാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ്, സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. വിമർശനങ്ങളെ ആദരിക്കുന്നു. സർക്കാരിന്റെ നയരൂപീകരണത്തിലും ജനഹിതം അനുസരിച്ച് അതിൽ മാറ്റങ്ങൾ വരുത്തുന്നതിലും മാധ്യമ റിപ്പോർട്ടുകൾ ഏറെ സഹായിക്കുന്നു. ദൃശ്യ മാധ്യമങ്ങൾ വാർത്തകളുടെ സത്യസ്ഥിതി മനസ്സിലാക്കി റിപ്പോർട്ട് ചെയ്യണം. ദൃശ്യ മാധ്യമ പ്രവർത്തകർ സ്വയം പെരുമാറ്റച്ചട്ടം ഉണ്ടാക്കണം- മന്ത്രി നിർദേശിച്ചു.

സ്മരണികയുടെ പ്രകാശനം ചടങ്ങിൽ മന്ത്രി നിർവഹിച്ചു. സ്വാഗതം ആശംസിച്ച ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് ഡയറക്ടർ മിനി ആന്റണി അവാർഡു ജേതാക്കളെ പരിചയപ്പെടുത്തി. ഡിസി ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ മോൻസ് ജോസഫ് എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമല ജിമ്മി, നഗരസഭാദ്ധ്യക്ഷൻ കെ.ആർ.ജി. വാര്യർ, കൗൺസിലർ സിൻസി പാറേൽ, കേരള മീഡിയ അക്കാദമി വൈസ് ചെയർമാൻ കെ.സി. രാജഗോപാൽ, പ്രസ് ക്ലബ് പ്രസിഡന്റ് എസ്. മനോജ്, അഡീഷണൽ ഡയറക്ടർ സി. രമേശ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ സി.ആർ. രാജ്മോഹൻ എന്നിവർ പ്രസംഗിച്ചു.

ജനറൽ റിപ്പോർട്ടിങ്ങിൽ ജി. ജയചന്ദ്രൻ, ഡവലപ്മെന്റ് റിപ്പോർട്ടിങ്ങിൽ ആർ. കൃഷ്ണരാജ്, ന്യൂസ് ഫോട്ടോഗ്രഫിയിൽ സമീർ എ. ഹമീദ് (മലയാള മനോരമ), കാർട്ടൂണിന് കെ.ആർ. ഗോപികൃഷ്ണൻ (മാതൃഭൂമി), ടിവി റിപ്പോർട്ടിങ്ങിന് ഫൗസിയ മുസ്തഫ (ഇൻഡ്യാ വിഷൻ), ടിവി ക്യാമറയ്ക്ക് ഷാജു കെ.വി., വീഡിയോ എഡിറ്റിങ്ങിന് ഷഫീക്ക് ഖാൻ.എസ് (മാതൃഭൂമി ന്യൂസ്), വാർത്താ വായനയ്ക്ക് ഷാനി. ടി.പി. (മനോരമ ന്യൂസ്) എന്നിവർ 25000 രൂപയും പ്രത്യേക പരാമർശത്തിന് അർഹരായ ന്യൂസ് എഡിറ്റർമാരായ ശരത്ചന്ദ്രൻ (കൈരളി ടിവി), വീണ ജോർജ് (ഇൻഡ്യാ വിഷൻ) എന്നിവർ 15000 രൂപയും പ്രശസ്തിപത്രവും ഫലകവും മുഖ്യമന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങി. അവാർഡു ജേതാക്കളായ ജി. ജയചന്ദ്രൻ, ഷാനി ടി.പി എന്നിവർ മറുപടി പ്രസംഗം നടത്തി.

***ആർ. ശക്തികുമാർ***

*മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം*

# ക്ഷീരമേഖലയിൽ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കൽ കുറഞ്ഞു: മന്ത്രി കെ.സി. ജോസഫ്

സർക്കാറിന്റെ ശക്തമായ ഇടപെടൽ വഴി ക്ഷീരമേഖല സജീവമാക്കിയതു മൂലം സംസ്ഥാനത്തിനു പുറത്തുനിന്നു കൊണ്ടുവരുന്ന പാലിന്റെ അളവിൽ കാര്യമായ കുറവുണ്ടായെന്ന് ക്ഷീരവികസനമന്ത്രി കെ.സി. ജോസഫ് പറഞ്ഞു. ക്ഷീരവികസനവകുപ്പിന്റെയും ത്രിതലപഞ്ചായത്തുകളുടെയും ക്ഷീരസഹകരണസംഘങ്ങളുടെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ആലപ്പുഴ ജില്ലാ ക്ഷീരസംഗമത്തിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഏഴു മുതൽ എട്ടു ലക്ഷം ലിറ്റർ വരെ പാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നു കൊണ്ടുവന്നിരുന്ന സ്ഥാനത്ത് പാൽ വില വർധിപ്പിച്ചതിനു ശേഷം ഇപ്പോൾ ഒന്നോ രണ്ടോ ലക്ഷം ലിറ്റർ മാത്രമേ കൊണ്ടുവരുന്നുള്ളൂ. അതിനർഥം പാലുത്പാദനം കൂടിയെന്നാണെന്നും മന്ത്രി പറഞ്ഞു.

ജില്ലയിൽ ക്ഷീര സഹകരണസംഘങ്ങളിലൂടെയുള്ള പാൽ സംഭരണം 2013-14ൽ 2.78 കോടി ലിറ്ററായിരുന്നത് 13.75 ശതമാനം വർധിച്ച് 3.16 കോടി ലിറ്ററായി. കഴിഞ്ഞ വർഷം മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി പ്രകാരം കേരളത്തിനു പുറത്തുനിന്ന് 368 കറവമാടുകളെ ജില്ലയിലെത്തിച്ച് കർഷകർക്ക് 121.61 ലക്ഷം രൂപ ധനസഹായവിതരണം നടത്തി. ക്ഷീരസംഘങ്ങളുടെ നവീകരണപദ്ധതി പ്രകാരം ഒമ്പത് സംഘങ്ങൾക്ക് 3.75 ലക്ഷം രൂപ വീതവും ഓഫീസ് കെട്ടിടം പണിയുന്നതിനും മറ്റുമായി രണ്ടു സംഘങ്ങൾക്ക് 5.25 ലക്ഷം രൂപവീതവും ധനസഹായം അനുവദിച്ചിട്ടുണ്ട്. ക്ഷീരകർഷകപെൻഷൻ 500 രൂപയാക്കിയതും സർക്കാറിന്റെ നേട്ടമാണെന്ന് മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ ഏറ്റവും മികച്ച ക്ഷീരകർഷകനായി തിരഞ്ഞെടുക്കപ്പെട്ട പ്രകാശ് കെ. ഷേണായിയെ മന്ത്രി ആദരിച്ചു. ആയാപറമ്പ് ക്ഷീരോത്പാദകസഹകരണസംഘം പരിസരത്ത് നടന്ന ചടങ്ങിൽ ക്ഷീരകർഷക ക്ഷേമനിധി ചെയർമാൻ ജോൺ ജേക്കബ് വള്ളക്കാലിൽ ആധ്യക്ഷ്യം വഹിച്ചു.

ഏറ്റവും കൂടുതൽ പാൽ സംഭരിച്ച സംഘമായി വള്ളിക്കുന്നം ആപ്കോസിനെയും ഏറ്റവും കൂടുതൽ പാൽ സംഭരിച്ച പരമ്പരാഗത സംഘമായി മാവേലിക്കര ക്ഷീരസംഘത്തെയും തിരഞ്ഞെടുത്തു. മികച്ച ക്ഷീരകർഷകരെക്കുറിച്ചുള്ള പരിപാടി ചെങ്ങന്നൂർ ആർ.ഡി.ഒ. ടി.ആർ. ആസാദ് ഉദ്ഘാടനം ചെയ്തു.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് തമ്പി മേട്ടുതറ, ടി.ആർ.സി.എം.പി.യു. ലിമിറ്റഡ് ചെയർമാൻ കല്ലട രമേശ്, ഡയറക്ടർ ജി. ഗോപകുമാർ, ക്ഷീരവികസനവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാരായ എസ്. ഗീത, എബ്രഹാം ടി. ജോസഫ്, അസിസ്റ്റന്റ് ഡയറക്ടർ ജോസ് ജേക്കബ്, ആയാപറമ്പ് ക്ഷീരസംഘം പ്രസിഡന്റ് ആയാപറമ്പ് രാമചന്ദ്രൻ, ക്ഷീരസംഘം പ്രസിഡന്റുമാരായ അഡ്വ. നാഗേഷ് കുമാർ, പി.സി. അലക്സാണ്ടർ, ബി. കൃഷ്ണപിള്ള, പി. സുരേന്ദ്രൻ, സി.ആർ. പ്രസന്നൻ, പത്മനാഭക്കുറുപ്പ് എന്നിവർ പ്രസംഗിച്ചു.




**ആയാപറമ്പ് സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ക്ഷീരസംഗമം സമാപനസമ്മേളനം മന്ത്രി കെ.സി. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു**

***കെ.എസ്. സുമേഷ്***
*അസിസ്റ്റന്റ് ഇൻഫർമേഷൻഓഫീസർ, ആലപ്പുഴ*

## രാധയ്ക്ക് വീടും ഒരു ലക്ഷം രൂപയും

വെങ്ങപ്പള്ളി കാരാറ്റപ്പടി സ്വദേശിനി രാധയ്ക്കും കുടുംബത്തിനും ആശ്വാസമായി മുഖ്യമന്ത്രിയുടെ വിളിയെത്തി. രാധയ്ക്കും കുടുംബത്തിനും താമസിക്കാൻ അടച്ചുറപ്പുള്ള വീടും മകളുടെ ചികിത്സയ്ക്ക് ഒരു ലക്ഷം രൂപയും സുതാര്യകേരളത്തിലൂടെ മുഖ്യമന്ത്രി അനുവദിച്ചു. 85 വയസ്സുള്ള അമ്മയും അസുഖബാധിതയായ മകളുമടങ്ങുന്നതാണ് രാധയുടെ കുടുംബം. അഞ്ച് സെന്റ് ഭൂമിയിൽ പ്ലാസ്റ്റിക് കൊണ്ട് മറച്ച ഷെഡ്ഡിലാണ് ഇവർ താമസിക്കുന്നത്. നിരവധി തവണ പഞ്ചായത്തിലും മറ്റും വീടിനും ചികിത്സാസഹായത്തിനും അപേക്ഷ നൽകിയെങ്കിലും അതൊന്നും ഫലവത്തായില്ല. ഇക്കാര്യം വാർത്തയായതിനെ തുടർന്ന് കൽപ്പറ്റ സ്വദേശിയായ ഇ.വി. രാജു പ്രശ്നം മുഖ്യമന്ത്രിയുടെ സുതാര്യ കേരളം സെല്ലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയായിരുന്നു. പരാതിയുടെ നിജസ്ഥിതി പരിശോധിച്ചറിഞ്ഞ മുഖ്യമന്ത്രി ദൂരദർശൻ വഴിയുള്ള സുതാര്യകേരളം പരിപാടിയിൽ ഇവരുടെ പരാതിയും ഉൾപ്പെടുത്താൻ നിർദേശിക്കുകയായിരുന്നു.

ബാങ്കുകളുടെ സാമൂഹിക ഉത്തരവാദിത്വ പദ്ധതിയിൽ ഉൾപ്പെടുത്തി രാധയ്ക്ക് വീട് നിർമിക്കുന്നതിന് സഹായം ലഭ്യമാക്കാൻ കഴിയുമെന്ന ജില്ലാ കളക്ടർ കേശവേന്ദ്രകുമാറിന്റെ നിർദേശം മുഖ്യമന്ത്രി അംഗീകരിക്കുകയായിരുന്നു. കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഒരു ലക്ഷം രൂപ ധനസഹായവും അനുവദിച്ചു. മകളായ സജിനിക്ക് ചികിത്സാ സഹായം നൽകുന്നതിനും കളക്ടർക്ക് നിർദേശം നൽകി. ആശ്വാസകിരണം പദ്ധതിയിലുൾപ്പെടുത്തി മകളുടെ സംരക്ഷണ ചുമതല നിർവഹിക്കുന്നതിന് രാധയ്ക്ക് പ്രതിമാസം 525 രൂപ അനുവദിക്കാനും നിർദേശം നൽകിയതായി മുഖ്യമന്ത്രി രാധയെ നേരിട്ട് അറിയിച്ചു.

കണിയാമ്പറ്റയിൽ നിന്നും പള്ളിയറ പൂന്തോട്ടം കുന്ന് കോളനിയിലേക്കുള്ള റോഡിൽ പാടെ തകർന്ന ഭാഗം പുനർനിർമിക്കുന്നതിന് 20 ലക്ഷം രൂപ അനുവദിക്കാനും സുതാര്യകേരളത്തിലൂടെ മുഖ്യമന്ത്രി നിർദേശിച്ചു. കോളനിവാസിയായ ഗോപി രാമൻ നൽകിയ പരാതി പരിഗണിച്ചാണ് നടപടി. അഞ്ച് ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ പട്ടികവർഗ കോർപറേഷനിൽ നിന്നും ലഭ്യമാക്കാൻ അദ്ദേഹം നിർദേശിച്ചു.





# മഴൂരിൽ റഗുലേറ്റർ കം ബ്രിഡ്ജ് പൂർത്തിയാവുന്നു

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 5000 തൊഴിൽ ദിനങ്ങൾ കൊണ്ട് ഒരു റഗുലേറ്റർ കം ബ്രിഡ്ജ് പൂർത്തിയാവുന്നു. പദ്ധതി പൂർത്തിയാകുന്നതോടെ 11.9 ലക്ഷം രൂപ കൂലി ഇനത്തിൽ തൊഴിലാളികൾക്ക് ലഭിക്കുമെന്നതും പ്രത്യേകത.

ദഗ്ധ തൊഴിൽദിനങ്ങളും ഉൾപ്പെടെ 5000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി ജില്ലയിലെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിൽ പുതിയ മാതൃകയാവുകയാണ്.

യന്ത്രോപകരണങ്ങൾ പരമാവധി ഒഴിവാക്കി തൊ



തളിപ്പറമ്പ് ബ്ലോക്കിൽ കുറുമാത്തൂർ പഞ്ചായത്തിലെ മഴൂർ പുറംതോടിനു കുറുകെയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 58.94 ലക്ഷം രൂപ ചെലവഴിച്ച് റഗുലേറ്റർ കം ബ്രിഡ്ജ് നിർമിക്കുന്നത്. 2000 വിദഗ്ദ്ധ തൊഴിലാളികളുടെ അധ്വാനവും 3000 അവി

ഴിൽശേഷി കൂടുതൽ പ്രയോജനപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനങ്ങൾ ഉറപ്പുവരുത്താൻ സഹായിക്കുന്നതിനോടൊപ്പം നിർമാണ ച്ചെലവ് കുറക്കാനും ഇതുവഴി സാധിച്ചു.

# സാമൂഹിക പ്രവർത്തനത്തിന് മാതൃകയായി വിദ്യാർഥികൾ

ജീവിതം തുടങ്ങുന്ന കുരുന്നുകൾക്ക് അങ്കണവാടിയിലും ജീവിതത്തിനൊടുവിൽ ശാശ്വതവിശ്രമമൊരുക്കുന്ന ശ്മശാനത്തിലും പ്രകാശപൂരിതമായ അന്ത

രീക്ഷമൊരുക്കി വിദ്യാർഥികൾ മാതൃകയായി. ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെയും ഗാന്ധിദർശൻ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ ത്രിദിന



തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തും കുറുമാത്തൂർ ഗ്രാമപഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന മഴൂർ പദ്ധതി തൊഴിലുറപ്പ് പദ്ധതി തുകയും വാർഷിക പദ്ധതി വിഹിതവും സംയോജിപ്പിച്ചുള്ള ജില്ലയിലെ ആദ്യ പദ്ധതി കൂടിയാണ്. കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ കഴിഞ്ഞ വർഷത്തെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നുള്ള 38.94 ലക്ഷം രൂപയും ഗ്രാമപഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും വാർഷിക വിഹിതത്തിൽ നിന്നുള്ള 10 ലക്ഷം രൂപ വീതം വിഹിതവും ചേർത്താണ് പദ്ധതിക്കുള്ള തുക കണ്ടെത്തിയത്. തൊഴിലുറപ്പ് പദ്ധതിയിൽ സ്ഥായിയായ ആസ്തി സൃഷ്ടിക്കപ്പെടുന്നില്ലെന്ന ആക്ഷേപത്തിന് മറുപടി കൂടിയാണ് ഈ പദ്ധതി.

റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ വേനൽക്കാലത്ത് മഴൂർ പ്രദേശത്തെ ജലദൗർലഭ്യത്തിന് പരിഹാരമാവും. 40 ഏക്കറോളം വരുന്ന പാടശേഖരത്തിൽ കൂടുതൽ കൃഷി നടത്താനും തെങ്ങും കവുങ്ങും അടക്കമുള്ള മറ്റുകൃഷികൾക്ക് ജലലഭ്യത ഉറപ്പുവരുത്താനും പദ്ധതി സഹായിക്കും. മഴൂർ, ഇടുകുഴി, കാവിൻകര ഭാഗത്തുള്ളവർ മഴക്കാലത്ത് അനുഭവിക്കുന്ന യാത്രാദുരിതത്തിന് പാലം പരിഹാരമാകും. പ്രദേശത്തെ നൂറോളം കുടുംബങ്ങൾക്ക് നിലവിൽ പാടവരമ്പുകൾ മാത്രമാണ് ആശ്രയം. പാലം വരുന്നതോടെ തളിപ്പറമ്പ് നഗരത്തിലേക്കുള്ള ദൂരം അഞ്ച് കിലോമീറ്റർ കുറയും. 1.8 മീറ്റർ റഗുലേറ്റർ ഉൾപ്പെടെ ആറു മീറ്ററാണ് പാലത്തിന്റെ നീളം. തൊഴിലാളികൾക്കുള്ള ഭക്ഷണം സൗജന്യമായി നൽകിക്കൊണ്ടാണ് പ്രദേശവാസികൾ പദ്ധതിയെ വരവേറ്റത്.

*രാഖി രവീന്ദ്രൻ*
*ഇൻഫർമേഷൻ അസിസ്റ്റന്റ്, കണ്ണൂർ*

വില്ലേജ് ക്യാംപിലാണ് വിദ്യാർഥികൾ മാതൃകാ പ്രവർത്തനം നടത്തിയത്. ഇൻകെൽ എഡ്യുസിറ്റിയിൽ പ്രവർത്തിക്കുന്ന നെട്ടൂർ ടൂൾസ് ആൻഡ് ടെക്നിക്കൽ ഫൗണ്ടേഷനിലെ (എൻ.ടി.ടി.എഫ്.) മെക്കാട്രോണിക്സ് ഡിപ്ലോമ വിദ്യാർഥികളാണ് വില്ലേജ് ക്യാംപിൽ പങ്കാളികളായത്. ക്യാംപിന്റെ ഭാഗമായി വിദ്യാർഥികൾ കൊണ്ടോട്ടി ചേപ്പിലക്കുന്ന് അങ്കണവാടി പെയിന്റടിച്ച് വൃത്തിയാക്കി. പരിസരത്തുള്ള പൊതു ശ്മശാനങ്ങളും വിദ്യാർഥികൾ വൃത്തിയാക്കി.

പാഠ്യപദ്ധതിയുടെ ഭാഗമായുള്ള സന്നദ്ധസേവന പ്രവർത്തനങ്ങൾ സമൂഹത്തിനും വിദ്യാർഥികൾക്കും ഉപയോഗപ്രദമാക്കുന്നതിനുള്ള മാതൃകകൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ നടത്തിയ വില്ലേജ് ക്യാംപ് കെ. മുഹമ്മദുണ്ണി ഹാജി എം.എൽ.എ ആണ് ഉദ്ഘാടനം ചെയ്തത്. ഗാന്ധിജയന്തിയോടനുബന്ധിച്ച് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് തുടക്കമിട്ട ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിലും വിദ്യാർഥികൾ പങ്കാളികളായി. വകുപ്പ് പ്രസിദ്ധീകരിച്ച ബ്രോഷറുകളും പോസ്റ്ററുകളും മൂന്ന് പട്ടികജാതി കോളനികളിൽ വിതരണം ചെയ്തു. കോളനി നിവാസികളുമായി സംസാരിച്ചു. 58 വിദ്യാർഥികളും ഗാന്ധിദർശൻ സമിതി പ്രവർത്തകരും ക്യാംപിൽ പങ്കാളികളായി. മൂന്ന് ദിവസങ്ങളിലായി ഗാന്ധിദർശനം, സാമൂഹിക വികസനത്തിൽ യുവാക്കളുടെ പങ്ക്, ലഹരിനിർമാർജനം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകൾ നടത്തി. എക്സൈസ് വകുപ്പിലെ സംസ്ഥാന ലെയ്സൺ ഓഫീസർ കെ. വർഗീസ് ക്ലാസ്സെടുത്തു. ഗാന്ധിദർശൻ സമിതി ജനറൽ കൺവീനർ പി.കെ. നാരായണൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ വി.പി. സുലഭ, ഡെപ്യൂട്ടി തഹസീൽദാർ ഷാജു, എ.ഇ.ഒ. കെ.ഉണ്ണി, പഞ്ചായത്ത് അംഗം ചൂളൻ അധികാരി, എൻ.ടി.ടി.എഫ്. പ്രിൻസിപ്പൽ എ. ഗോറി, വാർഡൻ രമേശ് എന്നിവർ പങ്കെടുത്തു.

# ഗവിയുടെ സൗന്ദര്യം കാൻവാസിൽ വിരിഞ്ഞപ്പോൾ



**ഗവിയിൽ നടന്ന ശിശിരം സംസ്ഥാന ചിത്രകലാ ക്യാമ്പ് ചിത്രം വരച്ച് റവന്യൂ മന്ത്രി അടൂർ പ്രകാശ് ഉദ്ഘാടനം ചെയ്തപ്പോൾ.**

**കേ**രളത്തിലെ പ്രശസ്തരായ 10 ചിത്രകാരന്മാർ ഒത്തുകൂടിയപ്പോൾ വിരിഞ്ഞത് ഗവിയുടെ സൗന്ദര്യം വിളിച്ചോതുന്ന 21 ചിത്രങ്ങൾ. തടാകവും കാടും മലകളും മൃഗങ്ങളും ഒക്കെചേർന്ന ഗവിയുടെ വന്യസൗന്ദര്യം അവർ കാൻവാസിലേക്ക് ആവാഹിച്ചെടുത്തു. പത്തനംതിട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, കേരള ലളിതകലാ അക്കാദമി, ജില്ലാ ഭരണകൂടം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നവംബർ 30 മുതൽ ഡിസംബർ മൂന്നുവരെ ഗവിയിൽ നടന്ന ശിശിരം സംസ്ഥാന ചിത്രകലാ ക്യാമ്പിലാണ് മനോഹര ചിത്രങ്ങൾ പിറവിയെടുത്തത്.

പ്രകൃതിരമണീയ വിനോദസഞ്ചാര കേന്ദ്രമായ ഗവിയുടെ സൗന്ദര്യം സഞ്ചാരികളിലെത്തിക്കുന്നതിനും ഇതിലൂടെ ജില്ലയുടെ വിനോദസഞ്ചാര സാധ്യതകൾ വികസിപ്പിക്കുന്നതിനുമായിരുന്നു ഗവിയിലെ ക്യാമ്പ്. റവന്യൂ-കയർ വകുപ്പ് മന്ത്രി അടൂർ പ്രകാശ് ചിത്രം വരച്ചാണ് ക്യാമ്പ് ഉദ്ഘാടനം ചെയ്തത്. ചിത്രകാരന്മാരായ പുണിഞ്ചിത്തായ, ഡോ.അജിത്, എൻ.എസ്.അബ്ദുൾ സലിം, വി.എസ്.മധു, മോപ്പസാങ് വാലത്ത്, സദു അലിയൂർ, സികെഷാജി, സുനിൽ അശോകപുരം, സുനിൽ ലിനസ്ഡേ, ജി.എൻ.മധു എന്നിവർ ഈ വ്യത്യസ്ത സംരംഭത്തിൽ പങ്കാളികളായി.

ഗവിയുടെ മനോഹാരിത തുളുമ്പുന്ന ചിത്രങ്ങൾ ഉൾപ്പെടുത്തി കലണ്ടർ, ഗ്രീറ്റിംഗ് കാർഡുകൾ എന്നിവ പുറത്തിറക്കാൻ സംവിധാനം ഒരുക്കുമെന്ന് മന്ത്രി അടൂർ പ്രകാശ് പറഞ്ഞു. 2015 ഫെബ്രുവരിയിൽ ആലപ്പുഴയിൽ നടക്കുന്ന കയർ കേരള പ്രദർശനത്തിൽ ഗവിയുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കാൻ പ്രത്യേക പവലിയൻ ഒരുക്കാൻ നടപടി സ്വീകരിക്കും. പത്തനംതിട്ട, തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിലും ചിത്രങ്ങളുടെ പ്രദർശനം സംഘടിപ്പിക്കും.

ഗവിയിലെ വിവിധ സ്ഥലങ്ങളിൽ യാത്ര നടത്തിയാണ് ചിത്രകാരന്മാർ ചിത്രങ്ങൾ വരച്ചത്. ഇവിടുത്തെ കാഴ്ചകളും അനുഭവങ്ങളും പ്രമേയമായി. ഗവി സന്ദർശിക്കാനെത്തിയ വിദേശികൾ ഉൾപ്പെടെയുള്ളവർക്ക് ചിത്രകലാ ക്യാമ്പ് നവ്യാനുഭവമായി. സഞ്ചാരികൾക്ക് കാരിക്കേച്ചറുകളും ചിത്രങ്ങളും ചിത്രകാരന്മാർ വരച്ചുകൊടുത്തു.

*പ്രതീഷ് ഡി. മണി*
*അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ*
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പത്തനംതിട്ട

■ എം. ശ്രീനാഥൻ

പദപാഠം
വാക്കിന്റെ കേൾക്കാക്കഥകളിലേക്കൊരു സഞ്ചാരം

# അട്ട

അട്ടയ്ക്കും അട്ടത്തിനും തമ്മിലുള്ള സാംസ്കാരിക അകലം ചെറുതല്ല. ദ്രാവിഡവും സംസ്കൃതവും തമ്മിൽ വിപരീതാർഥം നിലനിർത്തുന്ന വാക്കാണ് അട്ട. മലയാളത്തിലെ അട്ട, തമിഴിൽ അട്ടൈ, തെലുങ്കിൽ അട്ട, കന്നഡത്തിൽ അട്ടെയുമാണ്. വിശേഷണമായും നാമമായും ഉപയോഗിക്കുന്ന ഈ ദ്രാവിഡപദം ദ്രാവിഡ ഭാഷയിൽ സമാനാർഥം പങ്കിടുന്നു. ദ്രവിച്ച, ചീഞ്ഞ എന്നീ അർഥങ്ങളോടൊപ്പം പാകം ചെയ്തു എന്ന അർഥത്തിലും അട്ട വിശേഷണമായികാണാം. പാകം ചെയ്യുന്നതെന്തും ഒരർഥത്തിൽ ദ്രവിക്കുകയും ചീയുകയുമാണല്ലോ. ഒരു വസ്തുവിന് പാകം ചെയ്യുമ്പോൾ സംഭവിക്കുന്ന അവസ്ഥാപരിണാമത്തെ ഇത് സൂചിപ്പിക്കുന്നു. ദ്രവിക്കുകയും ചീയുകയും ചെയ്യുന്നതിവിടെ ഭക്ഷമായിത്തീരലാണ്. മറിച്ച് കേടുവന്നതെന്ന അർഥത്തിലല്ല. എന്നാൽ കേടുവന്ന എന്ന അർഥവും അട്ട പങ്കിടുന്നുണ്ടെന്ന് മനസ്സിലാക്കാനാകും. നാമമെന്ന നിലയിൽ അട്ട ഒരു ജന്തു നാമമാണ്. അനേകം കാലുകളുള്ള ഒരു ഇഴജന്തുവിനെ സൂചിപ്പിക്കുന്നു. പലനിറത്തിൽ, പല വലിപ്പത്തിൽ അട്ടകളുണ്ട്. വെള്ളത്തിൽ കാണുന്ന അട്ടയെ കുളയട്ട എന്നു പറയും. ഒരു ജന്തുനാമം മാത്രമായല്ല അട്ടയുടെ സാംസ്കാരികാർഥം മലയാളത്തിൽ കാണാവുന്നത്. വൃത്തിഹീനമായ ഇടങ്ങളിൽ കാണുന്ന ഒരു ജീവി എന്ന നിലയിലാണ് അട്ടയ്ക്ക് ചീഞ്ഞ, ദ്രവിച്ച എന്നീ വിശേഷണമുണ്ടായത്. ഒരു ജീവി എന്നതോടൊപ്പം അതിന്റെ സാഹചര്യത്തെയും ദ്രാവിഡ ഭാഷ ഒപ്പിയെടുത്തു. കൂട്ടത്തിൽ നികൃഷ്ടതയുടെ പര്യായമായി അട്ടയെ പ്രയോഗിക്കാനും മലയാളി പഠിച്ചു. അട്ട കേന്ദ്രീകരിച്ച് മലയാളത്തിലുണ്ടായിട്ടുള്ള പ്രയോഗങ്ങൾ മലയാളിയുടെ ഈ നികൃഷ്ട സമീപനം വ്യക്തമാക്കും. ഒരു കീഴാളരൂപമായി അട്ട വ്യവഹാരത്തിൽ പ്രവേശിച്ചതാണിവിടെ അടയാളപ്പെടുത്തുന്നത്. 'അട്ടയെ പിടിച്ച് മെത്തയിൽ കിടത്തുക' എന്നതിലെ കീഴാളമുഖം പ്രസിദ്ധമാണ്. യോഗ്യനെ ഉത്തമനാക്കുക എന്ന അർഥത്തിലുള്ള ഈ പ്രയോഗം പ്രാഥമികമായി ജാതീയമാണ്. അതോടൊപ്പം 'ശേഷി'യെന്ന ഗുണത്തെയും കാട്ടുന്നു. കഴിവുള്ളവരൊക്കെ ഉന്നത ജാതിക്കാരാണെന്ന സാമൂഹികവിശ്വാസവും ഇതിന്റെ പിന്നിലുണ്ട്. അട്ടയെ കഴുകി കൊട്ടയിലിരുത്തും എന്നത് താഴ്ന്ന ജാതിക്കാരുടെ ഉന്നമനത്തിനായി നടന്ന സാമൂഹിക പ്രവർത്തനങ്ങൾക്കെതിരെ ഉയർന്ന മനോഭാവത്തെ സ്പഷ്ടമാക്കുന്നു. 'അട്ടയ്ക്ക് പൊട്ടക്കുളം' എന്ന പ്രയോഗം താണവന് താണസ്ഥലമേ യോജിക്കൂ എന്ന വിധിയെഴുത്താണ്. ഇത്തരത്തിൽ അട്ടയെ താണജാതിക്ക് സമാനമാക്കി, അന്യനെ മോശക്കാരനായിക്കാണുന്ന സാംസ്കാരികത ഭാഷയിൽ ശക്തമായിരുന്നു. ഇന്നും താഴ്ന്ന ജാതിയുടെ അടിവേരോടെ, മറ്റ് സന്ദർഭങ്ങളിൽ ഇത്തരം പ്രയോഗങ്ങൾ സജീവമാണ്.

സംസ്കൃതത്തിൽ നിന്ന് മലയാളത്തിലെത്തിയ 'അട്ട'ക്ക് മേല്പറഞ്ഞ അർഥമല്ല ഉള്ളത്. വിശേഷമായുള്ള പ്രയോഗത്തിൽ, ഉയർന്ന, ഉച്ചത്തിൽ ഇടവിടാതെയുള്ള എന്നിങ്ങനെയാണ് അർഥം. അട്ടഹാസത്തെ അട്ട സൂചിപ്പിക്കുന്നുണ്ട്. കടംകൊണ്ട അട്ട മലയാളത്തിൽ അട്ടം ആണ്. ചേർക്കപ്പെട്ടത്, അടുക്കിവെച്ചത് എന്നീ വിശേഷണാർഥത്തിൽ കാണാം. മാളിക, മേട, മാളികയുടെ ഉപരിഗൃഹം, തട്ട്, മട്ടുപ്പാവ്, ഗോപുരകൊത്തളം (ശത്രുക്കളാൽ ആക്രമിക്കപ്പെടാൻ കഴിയാത്ത), യുദ്ധംചെയ്യാൻ കെട്ടിയ തേര് അഥവാ മണ്ഡപം എന്നിങ്ങനെ നാമമായും ഇത് പ്രയോഗത്തിലുണ്ട്.

ദ്രാവിഡത്തിൽ 'അട്ട' താഴ്ന്നതിനെയും ചീത്തതിനെയും കുറിക്കുമ്പോൾ സംസ്കൃതത്തിൽ ഉയർന്നതിനെ കുറിക്കുന്നു. ഉയർന്നതും താഴ്ന്നതുമായ അട്ടയുടെ ചിത്രം ഭിന്നഭാഷാസംസ്കാരങ്ങളെ വ്യക്തമാക്കുന്നു. മലയാളത്തിൽ ഈ രണ്ടുതരം പ്രയോഗങ്ങളും നിലവിലുണ്ട്. എന്നാൽ, ദ്രാവിഡാർഥം തന്നെയാണ് സജീവമായുള്ളത്. തന്നെയുമല്ല താഴ്ന്ന ജാതിക്കാരനെ അട്ടയാക്കിയതിന് സംസ്കൃതവേരോട്ടമല്ല ഉള്ളതെന്ന് ഓർക്കുക. ദ്രാവിഡമായ ഉച്ചനീചത്വമാണിവിടെ പ്രകടമാകുന്നത്. അട്ടയെ കേന്ദ്രീകരിച്ചുള്ള നികൃഷ്ടതാബോധം മലയാളിക്ക് കൈവന്നത് ദ്രാവിഡീയമാണെന്നറിയുമ്പോൾ ഉയർന്നുവരുന്ന സാംസ്കാരികപ്രശ്നം ആഴത്തിലുള്ള അന്വേഷണമർഹിക്കുന്നു.

പുകയറയും ദീപത്തിന്റെ കിട്ടവും അട്ടക്കരിയാണ്. കുരുമുളക് കൊടിയുടെയും മറ്റും പറ്റ് വേരാണ് അട്ടക്കാല്. അട്ടക്കൂട് നത്തയും അട്ടത്തീനി ഓലഞ്ഞാലിപക്ഷിയുമാണ്. ഭക്ഷണം വീണ ഇടം അട്ടശൂലമാണ്. അട്ടയം പുഴുവും നിറഞ്ഞിടം അട്ടപ്പുയി(ഴു)ക്കറയാണ്. അനേകം കൊട്ടാരങ്ങളുള്ള സ്ഥലമാണ് അട്ടസ്ഥലി. പൊട്ടിച്ചിരിയാണ് അട്ടഹാസം. പൊട്ടിച്ചിരിക്കുന്നവൻ അട്ടഹാസിയാണ് ശിവൻഅട്ടഹാസിയാണ്.

അട്ടയുമായുള്ള സഞ്ചാരം മലയാളിയുടെ നികൃഷ്ടതാബോധത്തിന്റെയും ഉച്ചനീചത്വചിന്തയുടെയും അടിത്തറയിലേക്ക് നയിച്ചുവെന്നതാണ് ഈ പദപാഠത്തിന്റെ സവിശേഷത. ■



■ കാരയ്ക്കാമണ്ഡപം വിജയകുമാർ

# രാജാരവിവർമയുടെ കലയും ജീവിതവും




രാജാരവിവർമയുടെ കലയും ജീവിതവും അടുത്തറിയാൻ സഹായിക്കുന്ന ഗ്രന്ഥമാണ് നേമം പുഷ്പരാജ് രചിച്ച 'രാജാരവിവർമ കല-കാലം-ജീവിതം'. രാജാരവിവർമയ്ക്ക് മുൻപും പിൻപുമുള്ള ചിത്രകലാചരിത്രം, കിളിമാനൂർ കൊട്ടാരവും സാമൂഹികചുറ്റുപാടുകളും രാജാരവിവർമയുടെ സ്ത്രീഭാവങ്ങൾ, ഓളിയോഗ്രാഫ് പ്രിന്റുകൾ, രവിവർമയുടെ ആദ്യകാലരേഖാചിത്രങ്ങൾ, അദ്ദേഹം രചിച്ച ശ്ലോകങ്ങൾ തുടങ്ങി രാജാരവിവർമയുടെ രചനകൾക്ക് സമാനമായ പ്രമേയവും രചനാസങ്കേതങ്ങളുമടക്കം നിരവധി ചിത്രങ്ങളുടെ പിൻബലത്തോടെയുള്ള അവതരണമാണ് ഈ പുസ്തകത്തിന് പൂർണത നൽകിയിരിക്കുന്നത്.

വിശ്വോത്തര ചിത്രകാരനായ രാജാരവിവർമ കലാലോകത്തോട് വിടപറഞ്ഞിട്ട് 108 വർഷങ്ങൾ പിന്നിടുകയാണ്. അദ്ദേഹത്തിന്റെ ചിത്രങ്ങൾ സമാഹരിച്ച് അവയ്ക്ക് വേണ്ടത്ര സംരക്ഷണം നൽകുകയും അദ്ദേഹത്തിന്റെ കലയെയും ജീവിതത്തെയും കുറിച്ച് കൂടുതൽ പഠനങ്ങൾ ഉണ്ടാവുകയും ചെയ്യേണ്ട സാഹചര്യത്തിലാണ് ഈ ഗ്രന്ഥത്തിന്റെ പ്രസക്തിയേറുന്നത്. രാജാരവിവർമയുടെ അത്യപൂർവങ്ങളായ പെയിന്റിങ്ങുകളുൾപ്പെടെ നിരവധി രചനകളുമായിട്ടാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നതെന്ന പ്രത്യേകതയുമുണ്ട്. ആധുനിക ഭാരതീയ ചിത്രകലയുടെ ഉപജ്ഞാതാക്കളിൽ പ്രമുഖനായ രാജാരവിവർമ എന്ന ചരിത്രപുരുഷന്റെ ചിത്രകലാ നിപുണതയെക്കുറിച്ചും ഭാരതീയ പൈതൃകങ്ങളുടെ പുനരാവിഷ്കാരത്തിലെ പ്രത്യേകതകളെക്കുറിച്ചും പൂനെയിൽ സ്ഥാപിച്ച ഓളിയോഗ്രാഫിക് പ്രസ്സിനെക്കുറിച്ചും ഉന്നത രാജസദസ്സുകളിൽ നിന്നും ലഭിച്ച കീർത്തിമുദ്രകളെക്കുറിച്ചും ഈ പുസ്തകത്തിൽ ചിത്രങ്ങൾ സഹിതം സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

1757 ൽ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ബംഗാളിലെ ഒരു പ്രവിശ്യയിലെ അധികാരം പിടിച്ചെടുത്തതോടെ ഭാരതത്തിൽ ബ്രിട്ടീഷ് ആധിപത്യത്തിന് തുടക്കംകുറിച്ചു. സർവമേഖലയിലും കടന്നുകയറിയ ബ്രിട്ടീഷ് ആധിപത്യം കലാരംഗത്തും സജീവമായി, പ്രത്യേകിച്ചും ചിത്രകലയിൽ. 1750 നും 1850 നുമിടയിലുള്ള കാലത്ത് നിരവധി പാശ്ചാത്യ ചിത്രകാരന്മാർ ഭാരതത്തിലെത്തി ചിത്രരചന നടത്തിയിരുന്നു. അങ്ങനെ ഭാരതത്തിൽ എണ്ണച്ഛായാ രചനാരീതി പ്രചാരമായകാലത്താണ് തിരുവിതാംകൂറിൽ രവിവർമ കലാസപര്യ തുടങ്ങുന്നത്. രാജകൊട്ടാരത്തിൽവരുന്ന വിദേശചിത്രകാരന്മാരുടെ എണ്ണച്ഛായാ രചനാരീതികൾ കണ്ടുമനസ്സിലാക്കിയ രവിവർമ പ്രസാദാത്മകമായ നിറങ്ങളിലൂടെ പുതിയൊരു ചിത്രതലം സൃഷ്ടിച്ചു. നമ്മുടെ നാടിന്റെ സംസ്കാരവും പാരമ്പര്യവും ഉൾക്കൊള്ളുന്ന ചുമർചിത്രങ്ങൾ, ധൂളീചിത്രങ്ങൾ, അനുഷ്ഠാന നാട് കലാരൂപങ്ങൾ എന്നിവയിൽ നിന്ന് സ്വാംശീകരിച്ചെടുത്ത രൂപനിർമിതികളാൽ രവിവർമ സ്വീകരിച്ചത്. നിഴലിന്റെയും വെളിച്ചത്തിന്റെയും തിളക്കമാർന്ന വർണപ്രയോഗങ്ങളാണ് രവിവർമ ചിത്രങ്ങൾ ശ്രദ്ധേയങ്ങളായതിന്റെ നാൾവഴികൾ യഥാതഥമായി പുസ്തകത്തിൽ അവതരിപ്പിക്കുന്നു. നാടിന്റെ സംസ്കാരത്തിലൂടെയും തത്വചിന്ത, പുരാണേതിഹാസങ്ങൾ, കാവ്യങ്ങൾ എന്നിവയിലൂടെയും വളർന്നുവന്ന സംസ്കൃതിയാണ് രവിവർമ ചിത്രങ്ങളിലെ സ്വാധീനമായി കാണുന്നതെന്നും ഗ്രന്ഥകർത്താവ് അടിവരയിടുന്നു. സാഹിത്യവും ദൃശ്യകലയും തമ്മിലുള്ള ഇഴചേരൽ രാജാരവിവർമയുടെ പുരാണേതിഹാസ രചനകളിൽ കാണാം.

നിഴലിന്റെയും വെളിച്ചത്തിന്റെയും രവിവർമശൈലിയെ ഈ ഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. വിദേശചിത്രകാരന്മാരിൽ പ്രമുഖരായ പലരും (ഉദാ: റെം ബ്രാന്റ്) നിഴലിന് ശക്തികൊടുക്കുമ്പോൾ രവിവർമ വെളിച്ചത്തിനാണ് പുതിയൊരു ചിത്രഭാഷ നൽകി തിളക്കമാർന്നതാക്കിയത്. രവിവർമ ചിത്രങ്ങളിലെ ആടയാഭരണങ്ങളിൽ ഈ തിളക്കം കാണാനാവുമെങ്കിലും ചിത്രതലത്തിൽ അവ മറ്റു നിറങ്ങളുമായി ലയിച്ചുചേർന്ന് ചിത്രത്തിന്റെ മികവ് വർധിപ്പിക്കുന്നു. മേൽസൂചിപ്പിച്ച വസ്തുതകൾ വിശദമാക്കുന്ന രേഖാചിത്രങ്ങളും വർണചിത്രങ്ങളും ഒപ്പം ഉൾപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധേയമാണ്.

രാജാരവിവർമയുടെ കലയും കലാജീവിതവും ദൃശ്യാനുഭവങ്ങളായി ഇണക്കിച്ചേർത്തുകൊണ്ടുള്ള അവതരണവും രൂപകല്പനയുമാണ് ഈ ഗ്രന്ഥത്തിന്റെ മറ്റൊരു സവിശേഷത്. അടുക്കും ചിട്ടയോടും കൂടി ബോക്സുകൾ - അവശ്യം വേണ്ട ചിത്രങ്ങളോടെ, ലാളിത്യമാർന്ന നിറങ്ങളുടെ പിൻബലത്തോടെ അവതരിപ്പിച്ചിട്ടുള്ളതും നേമം പുഷ്പരാജിന്റെ മികച്ച രൂപകല്പനയുടെ ഭാഗമാകുന്നു. അതോടൊപ്പം ഒരുക്കലും മങ്ങാത്ത ചിത്രങ്ങളിലൂടെ ആത്മാർപ്പണം നടത്തിയ വിശ്വോത്തരനായ രാജാരവിവർമയുടെ ആത്മാവ് തൊട്ടറിയുന്ന ദൃശ്യാനുഭവം (വായനാനുഭവം) ഓരോ കലാസ്വാദകനും ലഭിക്കുന്നു എന്നതും ഈ ഗ്രന്ഥത്തിന്റെ വിജയമാണ്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനും ഗ്രന്ഥകർത്താവിനും അഭിമാനിക്കാനും വക നൽകുന്നു. ■

ശശി മാവിൻമൂട്



ഭരണഭാഷ

# വികലമാക്കപ്പെടുന്ന ഭാഷാപ്രയോഗം

ഏറെക്കാലത്തെ കഠിനമായ പരിശ്രമങ്ങൾക്കൊടുവിലാണ് മലയാളത്തെ ശ്രേഷ്ഠഭാഷയായി കേന്ദ്ര സർക്കാർ അംഗീകരിച്ചത്. ഇപ്പോൾ ഭാരതത്തിലെ അഞ്ചാമത്തെ ശ്രേഷ്ഠഭാഷയായി മലയാളം മാറിക്കഴിഞ്ഞു. മാതൃഭാഷ നമുക്ക് ആശയവിനിമയത്തിന് മാത്രമുള്ളതല്ലെന്നും അത് നമ്മുടെ അഭിമാനത്തിന്റെയും സംസ്കൃതിയുടെയും കൂടി ഭാഗമാണെന്നും തിരിച്ചറിയേണ്ടതുണ്ട്.

ലോകത്ത് ഏഴായിരത്തിലധികം ഭാഷകളുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി അതിൽ ആറായിരം ഭാഷകളും അപ്രത്യക്ഷമാകുമെന്നും പറയപ്പെടുന്നു. മലയാളഭാഷയും അതിനോട് ചേർന്നു നിൽക്കുന്നു എന്നത് നമ്മുടെ ആശങ്ക വർധിപ്പിക്കുന്നു. ഭാഷയെ വെറും ആശയവിനിമയോപാധിയായി കാണുന്നവർക്ക് ഈ ആശങ്ക ഉണ്ടാകണമെന്നില്ല. അവരെ സംബന്ധിച്ചിടത്തോളം ഏതു ഭാഷയിൽ ജീവിച്ചിരുന്നാലും മതി. എന്നാൽ മാതൃഭാഷയെ വൈകാരികമായി കാണുന്നവർക്ക് അത് അവരുടെ ജീവിതവും സംസ്കാരവുമാണ്. മാതൃഭാഷയുടെ നിലനിൽപ്പ് സംസ്കാരത്തിന്റെ നിലനിൽപ്പാണെന്ന് തിരിച്ചറിയുന്നവർക്ക് മറ്റൊരു ഭാഷയും പകരം വെക്കാനാവില്ല. ശ്രേഷ്ഠഭാഷാ പദവി ലഭ്യതയ്ക്കും മലയാള സർവകലാശാലാ സ്ഥാപനത്തിനുമപ്പുറം മലയാളികളുടെ ഹൃദയഭാഷയായി മലയാളം മാറുമ്പോഴാണ് ഭാഷ തളിർക്കുകയും പൂക്കുകയും ചെയ്യുന്നത്.

ഭാഷാപ്രയോഗത്തിൽ ഇന്ന് കേരളീയ സമൂഹത്തിൽ വന്നിട്ടുള്ള മാറ്റം ഒട്ടും ആശാസ്യമല്ല. ഇംഗ്ലീഷ് അന്തസ്സുള്ള ഭാഷയായും മലയാളം നീചഭാഷയായും കരുതുന്നവർ നമ്മുടെ സമൂഹത്തിലുണ്ട് എന്നത് ഭാഷയ്ക്ക് ഒരു വെല്ലുവിളിയാണ്. ദൃശ്യമാധ്യമങ്ങൾ ഇക്കാര്യം നിരന്തരം നമ്മെ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു ഇക്കൂട്ടരുടെ സംഭാഷണങ്ങളിൽ ആംഗലേയ പദങ്ങൾ ധാരാളമായി കടന്നുവരുന്നവെന്നു മാത്രമല്ല മലയാള പദങ്ങളുടെ ഉച്ചാരണം വികലമാക്കുന്നതിൽ ഗവേഷണം നടത്തുകയാണെന്നും തോന്നും. ഭാഷയെ ആശയവിനിമയോപാധിയായി മാത്രം കാണുന്നവരാണിവർ. മലയാളം ടിവി ചാനലുകളും സ്വകാര്യ എഫ്.എം. റേഡിയോ ചാനലുകളും ഇക്കാര്യത്തിൽ മത്സരിക്കുകയാണ്. 'വൈകുന്നേരം ടൗണിൽ നടക്കുന്ന മീറ്റിങ്ങിൽ അറ്റന്റ് ചെയ്യാനുള്ള റിക്വസ്റ്റ് ഇ-മെയിലായും എസ്.എം.എസ്. ആയും സെന്റ് ചെയ്യാൻ' നമുക്കിപ്പോൾ ഒരു മടിയുമില്ല. 'വീട്ടിലെ ടീപ്പോയിലും ലൈബ്രറിയിലെ റീഡിങ് ടേബിളിലും കിടക്കുന്ന ന്യൂസ് പേപ്പറിലെ ന്യൂസും ചാനലുകളിലെ ഡിസ്കഷനുകളും പ്രോഗ്രാമുകളും വാച്ച് ചെയ്തു' കൊണ്ടാണല്ലോ നമ്മുടെ ദിനരാത്രങ്ങൾ വിടരുന്നതും പൊഴിയുന്നതും. എല്ലാ പദങ്ങളും മലയാളത്തിൽ പറയാൻ കഴിയുമെന്നാലും പറയാതിരിക്കുകയെന്നത് നമ്മുടെയൊരു രീതിയായി മാറിയിട്ടുണ്ട്. അങ്ങനെ ആരെങ്കിലും പറഞ്ഞാലോ അവർ പഴ

ഞന്മാരാകുകയും ചെയ്യും. ഇത്തരമൊരു മിഥ്യാ ധാരണ സമൂഹത്തിൽ നിർമിച്ചെടുത്തിട്ടുണ്ട്.

## വിസ്മൃതിയിലാകുന്ന പദസമ്പത്ത്

ഭരണഭാഷ പൂർണമായും മലയാളമാക്കുന്നതിന് തടസ്സമായി നിൽക്കുന്നത് ചില സാങ്കേതിക പദങ്ങളും കോടതി ഭാഷയും മലയാളീകരിക്കുന്നതിനുള്ള വിഷമമാണ്. എന്നാൽ നിലവിലുള്ള മലയാളപദങ്ങൾ നാം പ്രയോഗിക്കാതിരിക്കുന്നതിന് ആരെയാണ് കുറ്റം പറയുക? കൊണ്ടും കൊടുത്തുമാണ് എല്ലാ ഭാഷകളും വരുന്നത്. അങ്ങനെ വളർന്ന ഒരു ഭാഷയാണ് ആംഗലഭാഷ. മറ്റു ഭാഷകളിൽ നിന്ന് ധാരാളം വാക്കുകൾ മലയാളം കടംകൊണ്ടിട്ടുണ്ട്. ബസ്സ്, കാർ, സ്വിച്ച്, ബൾബ്, ബഞ്ച് എന്നിവ ഉദാഹരണം. മറ്റു ഭാഷകൾക്ക് മലയാളം വാക്കുകൾ കടംകൊടുത്തിട്ടുമുണ്ട്. കയർ, കറി എന്നിവ ഉദാഹരണം. നിരന്തരമായ ഉപയോഗമാണ് ഭാഷയുടെ നിലനിൽപ്പിനാധാരം. താഴെത്തട്ടിലുള്ള സാധാരണക്കാർ മാത്രമാണ് ഇന്ന് മലയാളത്തിന്റെ നിരന്തര ഉപയോഗം സാധ്യമാക്കുന്നത്. ശ്രേഷ്ഠ ഭാഷയായിട്ടും സംസ്കൃതം മൃതഭാഷയായ കാര്യം നമുക്കറിയാം. ഉപയോഗിക്കാത്തതുമൂലം മലയാളത്തിലെ എത്രയോ പദങ്ങൾ ഇന്ന് വിസ്മൃതിയിലാണ്ടുപോയിരിക്കുന്നു. തത്ത, തള്ള, അമ്മി, ഉരൽ, ഉറി, ഉപ്പുമരവി, കിണ്ടി, പടിക്കം, കൊരണ്ടി, പെട്ടകം, റവുക്ക, വേലി, മുറ്റം, മുറം എന്നിങ്ങനെ എത്രയെത്ര വാക്കുകളാണ് പുതുതലമുറയ്ക്ക് അന്യമായിരിക്കുന്നത്. അയ്യം,തോനെ, വെക്കം, ഇത്തിരി തുടങ്ങിയ പദങ്ങളും മലയാളത്തിൽ പ്രചുരപ്രചാരമുണ്ടായിരുന്നതാണ്. അതുപോലെയാണ് വിപരീതാർഥം ജനിപ്പിക്കുന്ന പദപ്രയോഗം. ഭയങ്കരം, അടിപൊളി, ചെത്ത് തുടങ്ങിയ പദങ്ങൾ പലരും അസ്ഥാനത്ത് പ്രയോഗിക്കുന്നതുമൂലം വിപരീതാർഥം ജനിപ്പിക്കുകയും ഭാഷ വികലമാവുകയും ചെയ്യുന്നു. മലയാളം അറിയാത്ത കുട്ടികൾക്കുവേണ്ടി തിരുവനന്തപുരത്ത് മലയാളം പള്ളിക്കൂടം ആരംഭിച്ച ദിവസം തന്നെ നഗരവാസികളായ അൻപതോളം കുട്ടികൾ അവിടെ മലയളം പഠിക്കാനെത്തിയെന്നത് നമുക്ക് അപമാനമാണ്.

ഭാഷയെ വികലമാക്കുന്നതിൽ നമ്മുടെ അച്ചടിമാധ്യമങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും ഒട്ടും പിന്നിലല്ല. അടുത്തകാലം വരെ ഭാഷയെ ശുദ്ധീകരിക്കാൻ ചൊവ്വാദോഷം എന്ന പംക്തി മലയാളത്തിലെ ഒരു പ്രമുഖ പത്രം പ്രസിദ്ധീകരിച്ചിരുന്ന കാര്യം നമുക്കറിയാം. അതുകൊണ്ടു ഫലമില്ലെന്നു മനസ്സിലാക്കിയിട്ടോ എന്തോ ഇപ്പോൾ അത് ഉപേക്ഷിച്ചിരിക്കുകയാണ്. പല പത്രങ്ങളിലും ആനുകാലികങ്ങളിലും തെറ്റായ വാക്യഘടനയും അക്ഷരത്തെറ്റുകളും നിരന്തരം കാണാനാകും. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലെ അവതാരകർ ഭാഷയോടു കാട്ടുന്ന ദ്രോഹം പറയാനുമില്ല. ഭരണം എന്ന വാക്ക് 'ബരണ'മായും ഭാര്യ 'ബാര്യ'യായും ഘടന 'ഗടന'യായും ഇവർ മാറ്റുന്നതു കേൾക്കാം. അധ്യാപകൻ അദ്യാപകനായും വിദ്യാർഥി വിധ്യാർഥിയായും മാധ്യമം മാദ്യമമായും മധ്യം മദ്യമായും വികലമാക്കുന്ന വിദ്യയും കാണാറുണ്ട്. വാല്മീകമെന്നും (വല്മീകം) ജാള്യതയെന്നും (ജാള്യം, ജളത) ദൈന്യതയെന്നും (ദൈന്യം, ദീനത) പ്രയോഗിക്കുന്നവർ ഏറെയാണ്. ക്ഷണം എന്നതിന് ഏഴുത്തിലും പ്രസംഗത്തിലും 'ക്ഷണനം' എന്ന് തെറ്റായി പ്രയോഗിക്കുന്ന വിദ്യാസമ്പന്നർ പോലുമുണ്ട്. പതിവൃതയും പതിവ്രതയും, പ്രസംഗകനും പ്രാസംഗികനും, അധ്യക്ഷവും ആധ്യക്ഷവും, രക്ഷകർത്താവും രക്ഷാകർത്താവും തമ്മിലുള്ള വ്യത്യാസവും തിരിച്ചറിയാത്തവർ ഏറെ.

നിരന്തരമായി ഉപയോഗിക്കാതിരിക്കുന്നതിലൂടെ ഭാഷയ്ക്കുണ്ടാകുന്ന നാശം തന്നെയാണ് വികലമാക്കപ്പെടുന്ന പ്രയോഗത്തിലൂടെയും ഉണ്ടാകുന്നത്. മാധ്യമങ്ങളും സാഹിത്യകാരന്മാരും പുതിയ പദങ്ങളുടെ സ്രഷ്ടാക്കളാണ്. എന്നാൽ പുതിയ വാക്കുകളിൽ പലതും വിപരീതാർഥങ്ങൾ ജനിപ്പിക്കുന്നവയാണ്. നമ്മുടെ ഇളം മുകുളങ്ങൾ അക്ഷരപരിചയം തേടുന്ന വർത്തമാന പത്രങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങൾ അക്ഷരത്തെറ്റും വ്യാകരണപ്പിശകും ഭാഷാവൈകല്യവും വരുത്തുന്നത് നീതീകരിക്കാവുന്നതല്ല. ■

# കേരള സാഹിത്യ അക്കാദമി അവാർഡുകൾക്ക് ഗ്രന്ഥങ്ങൾ ക്ഷണിച്ചു

**2014** ലെ കേരള സാഹിത്യ അക്കാദമി അവാർഡുകൾക്കുള്ള ഗ്രന്ഥങ്ങൾ ക്ഷണിച്ചു. 2011, 2012, 2013 വർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ചിട്ടുള്ള കൃതികളാണ് 2014 ലെ അക്കാദമി അവാർഡിനും എൻഡോവ്മെന്റ് അവാർഡിനും പരിഗണിക്കുന്നത്. കവിത, നോവൽ, നാടകം, ചെറുകഥാസമാഹാരം, സാഹിത്യ വിമർശനം (വിമർശനം, പഠനം), വൈജ്ഞാനിക സാഹിത്യം (ശാസ്ത്ര മാനവിക വിഭാഗങ്ങളിൽപ്പെട്ട വിജ്ഞാന ഗ്രന്ഥങ്ങൾ), ജീവചരിത്രം, ആത്മകഥ, തൂലികാ ചിത്രങ്ങൾ, ഹാസ്യസാഹിത്യം, ശ്രീപദ്മനാഭസ്വാമി സമ്മാനം (ബാലസാഹിത്യം), യാത്രാവിവരണം, വിവർത്തനം എന്നങ്ങനെ 11 സാഹിത്യവിഭാഗങ്ങളിൽ അക്കാദമി അവാർഡുകൾ നൽകുന്നു. 25,000 രൂപയും സാക്ഷ്യപത്രവും അവാർഡ് ശില്പവുമാണ് സമ്മാനം. ഈ അക്കാദമി അവാർഡുകൾക്കു പുറമെ അഞ്ച് എൻഡോവ്മെന്റ് അവാർഡുകൾ ഉണ്ടായിരിക്കും. ഉപന്യാസം, വ്യാകരണം, വൈദിക സാഹിത്യം, സാഹിത്യ വിമർശം, വൈജ്ഞാനിക സാഹിത്യം എന്നീ വിഭാഗങ്ങളിലുൾപ്പെടുന്ന ഗ്രന്ഥങ്ങൾ ഇതിൽപ്പെടും. ഇതിനു പുറമെ 35 വയസ്സിന് താഴെയുള്ളവർ രചിച്ച കഥ, കവിത, നാടകം എന്നീ ഗ്രന്ഥങ്ങൾക്ക് മൂന്ന് എൻഡോവ്മെന്റ് അവാർഡുകളും നൽകുന്നു. ഇതിന് മുമ്പ് ഏതെങ്കിലും വിഭാഗത്തിൽ അവാർഡ് ലഭിച്ചവരുടെ ഗ്രന്ഥങ്ങൾ ആ വിഭാഗത്തിൽ പരിഗണിക്കുന്നതല്ല.

ഗ്രന്ഥകർത്താക്കൾക്കോ, അവരുടെ ബന്ധുക്കൾക്കോ, സുഹൃത്തുക്കൾക്കോ, പ്രസാദകർക്കോ, സാഹിത്യ സാംസ്കാരിക സംഘടനകൾക്കോ അവാർഡ് പരിഗണനയ്ക്കുള്ള പുസ്തകങ്ങൾ അയച്ചുതരാവുന്നതാണെന്ന് കേരള സാഹിത്യ അക്കാദമി സെക്രട്ടി ആർ. ഗോപാലകൃഷ്ണൻ അറിയിക്കുന്നു. മേൽപ്പറഞ്ഞ മൂന്ന് വർഷങ്ങളിലെ കൃതികളുടെ മൂന്ന് പ്രതികൾ വീതം 2015 ജനുവരി 31 ന് മുമ്പ് സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, ടൗൺഹാൾ റോഡ്, തൃശൂർ 20 എന്ന വിലാസത്തിൽ അയച്ചുതരാവുന്നതാണ്.

അവാർഡിന്റെ വിശദാംശങ്ങൾ അക്കാദമിയുടെ വെബ്സൈറ്റിൽ (www.keralasahityaakademi.org) പ്രസിദ്ധീകരിച്ചിട്ടുണ്ട്.



# ആദിവാസി മേഖലയിലെ ഇടപെടലുകൾ

ആദിവാസി മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വിവിധ കേന്ദ്ര പദ്ധതികളുടെ ഏകോപനവും സംസ്ഥാന സർക്കാർ സംവിധാനങ്ങളും ഉപയോഗിച്ചാണ് ഇവ നടപ്പാക്കുന്നത്. എന്നാൽ പലകോണുകളിൽ നിന്നും ഇവയുടെ നടത്തിപ്പും ഗുണഫല ലഭ്യതയും സംബന്ധിച്ച് പരാതികൾ ഉയർന്നു വരാറുണ്ട്. ശ്രദ്ധയിൽ പെടുന്നവയ്ക്ക് അടിയന്തര പരിഹാരമുണ്ടാക്കാൻ എപ്പോഴും ശ്രമിക്കാറുമുണ്ട്. സത്വരവും ഏകോപിതവും ഇടയ്ക്ക് നവീകരിക്കപ്പെടുന്നതുമായ ഇത്തരം പ്രവർത്തനത്തിലൂടെയാണ് ആദിവാസി മേഖലയിലുള്ളവർ നേരിടുന്ന സാമൂഹ്യ പിന്നാക്കാവസ്ഥയ്ക്ക് ക്രമത്തിൽ മാറ്റമുണ്ടാക്കാനാവുക. സമീപകാലത്ത് ആദിവാസി വിഭാഗത്തിൽ നിന്നുള്ളവർ ഉയർത്തിയ ആവശ്യങ്ങളും സർക്കാർ അനുഭാവപൂർവം പരിഗണിക്കുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ മന്ത്രിസഭയിൽ ചർച്ച ചെയ്തെടുത്ത തീരുമാനങ്ങൾ വലിയ മാറ്റങ്ങളിലേക്കുള്ള വഴിത്തിരിവാകും. മന്ത്രിസഭയിൽ സുപ്രധാനമായ 16 ഇന തീരുമാനങ്ങൾ എടുത്തിരുന്നു. കേന്ദ്രസർക്കാർ നടപ്പാക്കിയ ആദിവാസി ഗ്രാമസഭാ നിയമം (പെസ) കേരളത്തിലും നടപ്പാക്കാൻ സർക്കാർ ഒരുങ്ങുകയാണ്. കേന്ദ്രസർക്കാർ സംസ്ഥാനത്തെ ഭൂരഹിത പട്ടികവർഗക്കാർക്ക് അനുവദിച്ച ഭൂമി മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിച്ചോയെന്നത് പരിശോധിച്ച് തുടർ നടപടിയിലേക്ക് നീങ്ങാനും തീരുമാനിച്ചിട്ടുണ്ട്. അരിവാൾ രോഗം ബാധിച്ച ആദിവാസി വിഭാഗത്തിലുള്ളവർക്ക് ആയിരം രൂപ പെൻഷൻ നൽകുന്നതിന് പുറമെ ഒരേക്കർ ഭൂമിയും വീടും നൽകും. ആദിവാസി മേഖലയിലുള്ളവരുടെ വിവിധ സംഘടനകളുമായും ചർച്ച നടത്തി. അവരുടെ അടിസ്ഥാന ജീവിതാവശ്യങ്ങൾ സംബന്ധിച്ച ആവശ്യങ്ങളിലെല്ലാം നടപടികളുണ്ടാക്കാനാണ് സർക്കാർ ശ്രമിച്ചത്. ആദിവാസി വിഭാഗക്കാർ കൂടുതലുള്ള സംസ്ഥാനത്തെ ജില്ലകളിൽ നടത്തുന്ന വികസന പ്രവർത്തനങ്ങളിലും ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണമുണ്ടാകും. ഈ മേഖലയിലുള്ളവരുടെ പിന്നാക്കാവസ്ഥ പരിഹരിക്കാൻ കരുതലുണ്ടാകേണ്ടത് മുഖ്യ ഉത്തരവാദിത്വങ്ങളിലൊന്നാണെന്ന ബോധ്യത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നതെന്നും ഈ അവസരത്തിൽ പറഞ്ഞുകൊള്ളട്ടെ. ■